Kesavan M B

# ലളിത

एम्। बि। केशवन।

ഗ്രന്ഥകർത്താ:

പണ്ഡിതർ ആർ. സി. ശർമ്മ.

TRICHUR

V. SUNDRA IYER & SONS.

1946

Copyright]

[Price 0—15—0

Kesavan Kesavan F.J. M.G. Hs. School Ernakulam

# അവതാരിക

വിജ്ഞാനവും വിനോദവും ഏകകാലത്തിൽ തന്നെ വിതരണംചെയ്തു പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ രസിപ്പിക്കുന്ന ഒരു സാഹിത്യപ്രസ്ഥാനമാണു് നോവൽ അല്ലെങ്കിൽ ആഖ്യായിക. മനുഷ്യജീവിതത്തിന്റെ പരമതത്വങ്ങളെ ആധാരമാക്കി കല്പിതമോ ഐതിഹാസികമോ ആയ ഒരു കഥാതന്തുവിന്മേൽ ചില സംഭവപരമ്പരകളെ തന്മയത്വത്തോടുകൂടി കോർത്തിണക്കി നിർമ്മിക്കപ്പെടുന്ന അത്തരം കൃതികൾ ലോകത്തിലെ ഏതു സാഹിത്യത്തിലും ഒരു പ്രധാന ഭാഗത്തെ കരസ്ഥമാക്കിയിരിക്കുന്നതായിക്കാണാം. സമുദായങ്ങളുടെ ഇടയിൽ അതാതു കാലങ്ങളിൽ കാണപ്പെടുന്ന ആചാരവൈകല്യങ്ങളെ ഔചിത്യപൂർവ്വം ഉദാഹരിച്ചു് അവയെ പരിഹരിക്കുന്ന വിഷയത്തിൽ ജനങ്ങളെ പ്രേരിപ്പിക്കുകയും മനുഷ്യസമുദായമദ്ധ്യത്തിൽ പൊതുവേ ഉൽകൃഷ്ടങ്ങളായ ആദർശങ്ങളെ പരത്തുകയും ചെയ്യുന്നതിനുള്ള കഴിവു് മറെറല്ലാ സാഹിത്യപ്രസ്ഥാനങ്ങൾക്കുമുള്ളതിനേക്കാൾ കൂടുതലായി നോവലുകൾക്കുണ്ടെന്നു സമ്മതിച്ചേ കഴിയൂ. അതിനാൽ സമുദായത്തിനു സാഹിത്യവുമായി ബന്ധമുള്ളിടത്തോളംകാലം ആഖ്യായികകൾ ഒരു പ്രധാന സ്ഥാനം വഹിക്കുകതന്നെ ചെയ്യും.

ഡോക്ടർ ശരച്ചന്ദ്രചാററർജി വംഗഭാഷയിൽ എഴുതീട്ടുള്ള പരിണീത എന്ന ആഖ്യായികയുടെ

ഒരു വിവൎത്തനമാണ് ലളിത. ചെറുപ്പംമുതലുള്ള സഹവാസത്തിൻെറ ഫലമായി ഹൃദയത്തിൽ നിഗ്രഢമായി അങ്കുരിക്കുന്ന പ്രണയം ഇടയ്ക്കു എത്ര വലിയ പ്രതിബന്ധങ്ങൾ നേരിട്ടാലും തീരെ വിച്ഛിന്നമായിപ്പോവുകയില്ലെന്നുള്ള പരമാൎത്ഥത്തെ അടിസ്ഥാനപ്പെടുത്തി ഗ്രഥിക്കപ്പെട്ടിട്ടുള്ളതത്രെ ഇതിലെ ഇതിവൃത്തം. പെൺകുട്ടികളെ യഥാകാലം വിവാഹം ചെയ്തുകൊടുക്കുവാൻ നിവൃത്തിയില്ലാത്ത നിൎദ്ധനനായ ഒരു പിതാവിനു സമുദായത്തിൻെറ നിൎദ്ദയമായ ഞെരുക്കൽമൂലം അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾക്കു ഗുരുചരണൻെറ ജീവിതം ഒരു ഉത്തമ ദൃഷ്ടാന്തമാണ്. "എത്ര വലിയ സ്വാൎത്ഥത്യാഗത്തെയും നിൎല്ലുബ്ധമായി അനുഷ്ഠിക്കുന്നതിനും എത്ര ദുഷ്കരമായ വാഗ്ദാനത്തേയും ചിരിച്ചുംകൊണ്ടുതന്നെ നിറവേറ്റുന്നതിനും മനുഷ്യനു സാധിക്കും" എന്നു ഗിരീന്ദ്രൻെറ പ്രവൃത്തി നമ്മെ ഗ്രഹിപ്പിക്കുന്നു. ശേഖരനെപ്പോലെ പരിതഃസ്ഥിതികളുടെ പ്രാതികൂല്യത്താൽ സംഭവിച്ചേക്കാവുന്ന വൈഷമ്യങ്ങളെപ്പറ്റി ശ്രദ്ധിക്കാതെ പെട്ടെന്നു വല്ലതുമൊക്കെ പ്രവൎത്തിക്കുകയും പിന്നീട് കുഴപ്പം നേരിടുമ്പോൾ ഇതികൎത്തവ്യതാമൂഢരായിക്കിടന്നു പരുങ്ങുകയും സ്വന്തം പ്രവൃത്തികളെ വിമൎശിക്കുവാൻ ഭാവിക്കുകപോലും ചെയ്യാതെ അവയുടെ ഫലമായിട്ടുണ്ടാകുന്ന അനൎത്ഥങ്ങൾക്കു അന്യരെ അപരാധികളാക്കുകയും, വിദ്വേഷം, അവജ്ഞ മുതലായ വിവിധ വികാരങ്ങളുടെ അസഹ്യമായ ജ്വാലയിൽപ്പെട്ടു തന്നത്താൻ ദഹിക്കുകയുംചെയ്തു ലോകരുടെ അനുകമ്പയ്ക്കു പാത്ര

മായിത്തീരാറുള്ള എത്രയെത്ര ചെറുപ്പക്കാരെയാണ് അനുദിനമെന്നവണ്ണം ലോകത്തിൽ നാം കണ്ടെത്താറുള്ളതു്? നായികയായ ലളിതയാകട്ടെ കർത്തവ്യനിഷ്ഠയുടെയും സ്ഥിരനിശ്ചയത്തിൻേറയും മൂർത്തിമത്തായ ഒരു നിദർശനവുമാണ്. ഇങ്ങനെ മനുഷ്യസ്വഭാവത്തിൻെറ പല വശങ്ങളെയും സരസമായി ചിത്രണംചെയ്തു കാണിക്കുന്ന ഒരു നല്ല ആഖ്യായികയാണ് ലളിത.

ഈ ഉത്തമഗ്രന്ഥത്തെ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയ ശ്രീമാൻ ആർ. സി. ശർമ്മ അവർകഠം കേരളീയക്കെല്ലാം സുപരിചിതനായ ഒരു നല്ല സാഹിത്യകാരനാണ്. കവിത, നോവൽ, നാടകം, ശാസ്ത്രം, നിരൂപണം എന്നീ വിവിധ ശാഖകളിലായി അനേകം ഗ്രന്ഥങ്ങഠം എഴുതി പണ്ടുതന്നെ പേരെടുത്തിട്ടുള്ള ഒരാളാണ് ശർമ്മ. ഉള്ളൂർ, വള്ളത്തോഠം എന്നീ മഹാകവികളുടെ അഭിനന്ദനത്തിനു പാത്രമായിത്തീൎന്നിട്ടുള്ള "ഭർതൃപരിത്യക്തയായ ശകുന്തള" എന്ന കൃതി ശർമ്മയുടെ കവനപാടവത്തിനു നല്ലൊരു ദൃഷ്ടാന്തമാണ്. "നാടകപ്രവേശിക" എന്ന ശാസ്ത്രഗ്രന്ഥത്തിൻെറ സഹഗ്രന്ഥകാരൻ എന്ന നിലയിൽ, വളരെക്കൊല്ലം മുമ്പുതന്നെ ശർമ്മ കേരളീയക്കു പരിചിതനാണ്. ദുർഗ്ഗാദാസൻ, ഷാജഹാൻ എന്നീ നാടകങ്ങളും സരയൂദേവി, ചഞ്ചലകുമാരി മുതലായ നോവലുകളും ഭാഷാഭിമാനികളുടെ പ്രശംസയ്ക്കു പാത്രമായിത്തീൎന്നിട്ടുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളാണ്. ബംഗാളിക്കു പുറമെ ഹിന്ദി മുത

ലായ മററുചില ഭാരതീയഭാഷകളിലും ശർമ്മയ്ക്കു ന ല്ല അറിവുണ്ടു്.

ലളിതയിലെ ഭാഷ ഗ്രന്ഥത്തിന്റെ പേരിനു അനുരൂപമായിത്തന്നെയാണിരിക്കുന്നതു്. ഭാഷയു ടെ സ്വഭാവം കണ്ടാൽ അതൊരു തർജ്ജമയാണെന്നു ആരും പറയുകയില്ല. അത്രയ്ക്കു അക്ലിഷ്ടമാണു് അ തിന്റെ ഗതി. ശർമ്മയുടെ പ്രശംസാവഹമായ ഭാ ഷാസ്വാധീനത്തെ ഇതു വ്യക്തമായി വിളിച്ചുപറ യുന്നുണ്ടു്. ബംഗാളിയിൽനിന്നു തർജ്ജമചെയ്യുന്ന വിഷയത്തിൽ ശർമ്മയ്ക്കു ഒരു പ്രത്യേകപാടവം ഉള്ള തായി കാണുന്നു. ഇത്ര ഭംഗിയായി ഈ ഗ്രന്ഥത്തെ മലയാളഭാഷയിൽ വിവർത്തനം ചെയ്തതിനു ശർമ്മ കേരളീയരുടെ അകൈതവമായ അഭിനന്ദനത്തെ തികച്ചും അർഹിക്കുന്നുണ്ടു്.

ശർമ്മയ്ക്കു എല്ലാ വിധത്തിലുമുള്ള അഭ്യുദയങ്ങളും ആശംസിച്ചുകൊണ്ടു ഞാൻ ഈ മനോഹരമായ ഗ്ര ന്ഥത്തെ സന്തോഷപുരസ്സരം കേരളീയരുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു.

കൃഷ്ണവിലാസം, എറണാകുളം. } വി. കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മ.

# മുഖവുര

ശരൽസാഹിത്യം എന്ന പേരിൽ അറിയപ്പെട്ടുന്ന വിപുലമായ ഒരു ഗ്രന്ഥസമുച്ചയത്തിൻെറ നിൎമ്മാണത്താൽ ലോകവിശ്രുതനായിത്തീൎന്ന ഡോക്ടർ ശരച്ചന്ദ്രചാററർജിയുടെ 'പരിണീത' എന്ന ബംഗാളിനോവലിൻെറ പരിഭാഷയാണ് ലളിത. മനുഷ്യജീവിതത്തിൻെറ വിവിധവശങ്ങളെ തന്മയത്വത്തോടുകൂടി ചിത്രണംചെയ്തുകൊണ്ട് അദ്ദേഹം രചിച്ചിട്ടുള്ള നോവലുകളുടെ വൈശിഷ്ട്യം പാശ്ചാത്യപണ്ഡിതന്മാരുടെ അഭിനന്ദനത്തിനുപോലും പാത്രമായിത്തീൎന്നിട്ടുള്ളതാണ്. മനുഷ്യമനസ്സിൻെറ ചിന്താഗതികളെ ഇത്ര സൂക്ഷ്മതയോടെ നിരീക്ഷണം ചെയ്യുവാൻ സാധിച്ചിട്ടുള്ള ആഖ്യായികാകാരന്മാർ വളരെ അധികംപേരുണ്ടെന്നു തോന്നുന്നില്ല. സാമുദായികങ്ങളായ അനാചാരങ്ങളെ പരിഹരിച്ച് മനുഷ്യസമുദായമദ്ധ്യത്തിൽ പൊതുവേ ഉൽകൃഷ്ടങ്ങളായ ആദൎശങ്ങളെ പ്രചരിപ്പിക്കുന്നതിനു അദ്ദേഹത്തിനുള്ള അകൈതവമായ ആഗ്രഹം അദ്ദേഹത്തിൻെറ ഏതു കൃതിയിലും വ്യക്തമായി കാണാം. മൂലഗ്രന്ഥകാരൻെറ ഈ അഭിവാഞ്ഛ സഫലമായിത്തീരുന്ന വിഷയത്തിൽ എൻെറ ഈ വിവൎത്തനം അല്പമെങ്കിലും ഉപകരിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

വിദുഷീരത്നമായ ശ്രീമതി വി. കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മ അവർകളുടെ സുഗൃഹീതനാമധേയം കേൾക്കാത്തവരായി കേരളീയരിൽ ആരുംതന്നെ ഉ

ണ്ടെന്നു തോന്നുന്നില്ല. ഭാഷയുടെ അഭിവൃദ്ധിയിൽ അവക്കുള്ള അഭിനിവേശം ഇത്രയെന്നു തീൎത്തുപറയുവാൻ പ്രയാസമാണ്. കറയററ ഭാഷാഭിമാനത്തിന്റെ ഒരു സചേതനമൂൎത്തിയാണ് അവർ. ആ അമ്മക്കു വിവിധവിഷയങ്ങളിലുള്ള അപാരമായ ജ്ഞാനവും വിശാലവീക്ഷണവും അവരുടെ പ്രസംഗം കേൾക്കുവാൻ ഇടയായിട്ടുള്ള ഏവക്കും അറിയാവുന്നതാണ്. എന്റെ അപേക്ഷയെ സദയം സ്വീകരിച്ച് സരസവും സാരസമ്പൂൎണ്ണവുമായ ഒരവതാരിക കൊണ്ടു ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുവാൻ കനിവു തോന്നിയ മഹാമനസ്കയായ ആ മഹതിയോടു എനിക്കുള്ള കൃതജ്ഞതയെ പൂൎണ്ണമായി പ്രകാശിപ്പിക്കത്തക്കവിധത്തിൽ എന്റെ വാക്കുകൾക്കു ശക്തിയില്ലാതെ പോയതിൽ ഞാൻ വ്യസനിക്കുന്നു.

ഞാറയ്ക്കൽ,
15-10-1113.

ആർ. സി. ശൎമ്മാ.

एम । बि । केशवन् ।

# ലളിത

## ഒന്നാം അദ്ധ്യായം

രാവണൻ പ്രയോഗിച്ച ശക്തി എന്ന ആയുധം നെഞ്ചത്തു വന്നു കൊണ്ടപ്പോൾ ലക്ഷ്മണന്റെ മുഖത്തുണ്ടായ ഭാവഭേദം ഏതു തരത്തിലുള്ളതായിരുന്നു എന്നു് ആർക്കും നിഷ്പ്രയാസം ഊഹിക്കുവാൻ കഴിയും. എന്നാൽ അതിനേക്കാളും അത്യന്തം ദയനീയമായ ഒരു ഭാവഭേദമാണു്, ഒരുദിവസം രാവിലെ, തന്റെ ഭാര്യ അഞ്ചാമത്തെ തവണയും നിർവ്വിഘ്നം ഒരു പെൺകുട്ടിയെത്തന്നെ പ്രസവിച്ചിരിക്കുന്നു എന്ന വൃത്താന്തം അകായിൽനിന്നു കിട്ടിയപ്പോൾ ഗുരുചരണന്റെ മുഖത്തുണ്ടായതു്.

ഗുരുചരണൻ അറുപതു് ഉറുപ്പിക മാസപ്പടിയുള്ള, ബാങ്കിലെ ഒരു ഗുമസ്ഥനാണു്. വാടകവണ്ടിയിൽ കെട്ടുന്ന ചാവാലിക്കുതിരയുടേതുപോലെ ജീർണ്ണിച്ചു് എല്ലും തൊലിയും മാത്രമായിത്തീർന്ന ദേഹം, ക്ലേശങ്ങൾ സഹിച്ചു സഹിച്ചു തഴക്കം വരികയാൽ ഏതു കാര്യത്തിലും വികാരഭേദം ഉണ്ടാകാത്ത വിധത്തിൽ മരവിച്ചുപോയ മുഖഭാവം, ഓജസ്സു നശിച്ചു കുണ്ടിൽപ്പോയ കണ്ണുകൾ—ഇത്രയൊക്കെയാണു് ഗുരുചരണന്റെ ആകൃതിയിലെ പ്രധാനാംശങ്ങൾ. മേൽപറഞ്ഞ ഭയങ്കരമായ ശുഭവൃത്താന്തം, കഠിനമായ കഷ്ടപ്പാടുകളുടെ കർക്കശമായ പ്രഹരങ്ങൾ കൂടെ

ക്കുടെയേററ് കല്പച്ചുപോയ അയാളുടെ മനസ്സിലും ഒരു കലക്കമുണ്ടാക്കി. വലിക്കുവാൻ എടുത്ത "ഹുക്ക" കൈയിൽത്തന്നെ പിടിച്ചുകൊണ്ടു് പിതൃസ്വത്തായിക്കിട്ടിയ പഴയ തലയണയും ചാരി അയാൾ കുറെ നേരം ഇരുന്ന ഇരിപ്പിൽത്തന്നെ ഇരുന്നുപോയി. ഒരു ദീർഘശ്വാസം വിടുവാനുള്ള ശക്തിപോലും അയാൾക്കില്ലാതായിത്തീൎന്നു.

ശുഭവൃത്താന്തവുംകൊണ്ടു് അവിടെ വന്നതു് അയാളുടെ മൂന്നാമത്തെ മകളായ ആന്നാകാളിയായിരുന്നു. "കുഞ്ഞിനെ കാണേണ്ടേ അച്ഛ? വരൂ" എന്നു അവൾ അച്ഛനെ ക്ഷണിച്ചു.

ഗുരുചരണൻ—(മകളുടെ മുഖത്തേയ്ക്കു നോക്കിയിട്ടു) "ഒരു ഗ്ലാസ്സ് വെള്ളം കൊണ്ടുവരൂ, മകളേ; ഞാൻ കുടിക്കട്ടെ."

മകൾ വെള്ളം കൊണ്ടുവരുവാനായി അകത്തേയ്ക്കു പോയി. അവൾ പോയപ്പോൾ ഒന്നാമതായി ഗുരുചരണൻെറ മനസ്സിൽ കടന്ന വിചാരം പ്രസവശേഷം വേണ്ടിവരുന്ന പലതരം പണച്ചെലവിനെപ്പററിയാണു്. അതിനെത്തുടൎന്നു്, തിരക്കുള്ള ദിവസം തീവണ്ടിയാപ്പീസ്സിൽ വണ്ടി വന്നുനിന്നാൽ, വാതിൽ തുറന്നുകിട്ടിയ ഉടനെ മൂന്നാംക്ലാസ്സുയാത്രക്കാർ കെട്ടും ഭാണ്ഡവുമായി ഭ്രാന്തരെപ്പോലെ തിക്കിത്തിരക്കിയും ഉന്തിത്തള്ളിയും അകത്തേയ്ക്കു കടക്കുന്നതുപോലെ അയാളുടെ തലയ്ക്കുള്ളിൽ അനേകം ദുശ്ചിന്തകൾ കൂട്ടംകൂട്ടമായി കയറുവാൻ തുടങ്ങി. കഴിഞ്ഞുപോയ കൊല്ലത്തിൽ തൻെറ രണ്ടാമത്തെ മകളുടെ വിവാഹം പ്രമാണിച്ചു് ബൌബസാറിൽ താൻ

ഇപ്പോൾ താമസിച്ചുവരുന്ന ആ രണ്ടുനിലക്കെട്ടിടം പോലും പണയപ്പെട്ടുതീർന്നുവന്നു. ആ വക കടത്തിനായി കൊടുക്കേണ്ട പലിശയിൽ ആറു മാസത്തെ സംഖ്യ ഇപ്പോൾ കുടിശ്ശികയായിരിക്കയാണ്. നവരാത്രിക്ക് ഇനി ഒരു മാസത്തോളമേ താമസമുള്ളു. ആ അവസരത്തിൽ പുതുമണവാട്ടിക്കു ജാമാതാവിന്റെ ഗൃഹത്തിൽ കാഴ്ച കൊടുത്തയയ്ക്കേണ്ടിയിരിക്കുന്നു. ആഫീസിൽ തലേദിവസം രാത്രി എട്ടു മണിവരെ ഇരുന്നു പരിശോധിച്ചിട്ടും വരവുചെലവു കണക്കു ശരിയായിട്ടില്ല. അന്നു പന്ത്രണ്ടു മണിക്കു മുമ്പായി കണക്ക് ഇംഗ്ലണ്ടിലേയ്ക്ക് അയയ്ക്കുകയും വേണം. മുഷിഞ്ഞ വസ്ത്രങ്ങൾ ഉടുത്തുംകൊണ്ട് ആരും ആഫീസ്സിൽ വരരുതെന്നും കല്പനയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നവർക്കു പിഴയിടുമെന്നും ഇന്നലെ വലിയ സായ്പു കർക്കശമായി കല്പന പുറപ്പെടുവിച്ചിരിക്കുന്നു. അലക്കുകാരന്റെ കഥ പറയുകയാണെങ്കിൽ, ഒരാഴ്ചയായി അവനെ കണ്ടിട്ട്. വീട്ടിലുള്ള വസ്ത്രങ്ങളിൽ പകുതിയും അവന്റെ കൈയിലാണ്. അതുംകൊണ്ട് അവൻ കടന്നുകളഞ്ഞു എന്നാണ് തോന്നുന്നത്. ആകപ്പാടെ, എല്ലാംകൂടി ആലോചിച്ചപ്പോൾ ഗുരുചരണന്റെ തല കറങ്ങിപ്പോയി. ചാരിയിരിക്കുവാനും ശക്തനല്ലാതെ അയാൾ ഹുക്കയും ഉയർത്തിപ്പിടിച്ചുകൊണ്ടു മലർന്നു കിടന്നുകളഞ്ഞു "ഭഗവാനേ, ഈ കൽക്കത്താപ്പട്ടണത്തിൽ ദിവസംപ്രതിയെന്നവണ്ണം എത്രയെത്ര ആളുകളാണ് വാഹനങ്ങളുടെ അടിയിൽപ്പെട്ടും മററും ചത്തുപോകുന്നതു്! അവരെല്ലാം അവിടത്തേയ്ക്ക് എന്നേക്കാ

ളും കൂടുതൽ അപരാധികളാണെന്നോ? ദയാനിധേ, അവിടത്തെ കരുണയാൽ വല്ല വണ്ടിയും ഈയുള്ളവന്റെ നെഞ്ചത്തുകൂടിപ്പോകുവാൻ ഇടയായെങ്കിൽ!" എന്നിങ്ങനെ അയാൾ മനസ്സുകൊണ്ടു പ്രാർത്ഥിച്ചുപോയി.

ഇതിനിടയിൽ ആന്നാകാളി വെള്ളവുംകൊണ്ടു അവിടെ എത്തി.

ആന്നാകാളി—"എണീക്കു, അച്ഛാ; ഇതാ വെള്ളം."

ഗുരുചരണൻ—(എഴുന്നേററിരുന്നു പാത്രം വാങ്ങി വെള്ളം മുഴുവൻ ഒരേ ശ്വാസത്തിൽ കുടിച്ചു തീർത്തിട്ടു്) "ആവൂ!—പോവൂ, മകളേ, പാത്രവും കൊണ്ടു പൊയ്ക്കോളൂ."

അവൾ പോയപ്പോൾ ഗുരുചരണൻ വീണ്ടും കിടന്നുകളഞ്ഞു. അധികം താമസിയാതെ മറെറാരു പെൺകുട്ടി ആ മുറിയിൽ കടന്നുവന്നു്, "എണീക്കൂ, അമ്മാവാ, ഇതാ ചായ കൊണ്ടുവന്നിരിക്കുന്നു" എന്നു ക്ഷണിച്ചു.

ചായയുടെ പേരു കേട്ടപ്പോൾ ഗുരുചരണൻ ഒരിക്കൽക്കൂടി എഴുന്നേററിരുന്നു. ലളിതയുടെ—അതായിരുന്നു ആ പെൺകുട്ടിയുടെ പേർ—മുഖത്തേയ്ക്കു നോക്കിയപ്പോൾ അയാളുടെ മനസ്സിലെ ആധി പകുതിയും മാഞ്ഞുപോയി.

ഗുരുചരണൻ:—"എന്റെ കുഞ്ഞു് രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരിക്കയായിരുന്നു, അല്ലേ? വരൂ, മകളേ, എന്റെ അടുത്തു വന്നിരിക്കൂ."

ലളിത:—(ലജ്ജയോടെ മന്ദഹസിച്ചുംകൊണ്ടു് അടുത്തുചെന്നിട്ടു്) "ഞാൻ രാത്രി അധികമൊന്നും ഉറ

ക്കമൊഴിച്ചില്ല, അമ്മാവാ."

ഗുരുതരമായ ക്ലേശഭാരത്താൽ ഗ്രസ്തനായി, ആരോഗ്യം നശിച്ച്, അകാലവാദ്ധക്യം പ്രാപിച്ചിരിക്കുന്ന ആ മാതുലന്റെ പ്രച്ഛന്നവും അഗാധവുമായ ഹൃദയവ്യഥയുടെ ആഴം ലളിതയെക്കാറം കൂടുതലായി അറിയുന്നവർ ആ കുടുംബത്തിൽ മററാരുമുണ്ടായിരുന്നില്ല.

ഗുരുചരണൻ:—"എന്നാൽ പോട്ടെ. വരൂ, എന്റെ അടുത്തു വന്നിരിക്കൂ"

ലളിത ഗുരുചരണന്റെ സമീപത്തിൽ ചെന്നിരുന്നു. ഗുരുചരണൻ അവളുടെ മൂദ്ധാവിൽ തലോടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:— "എന്റെ ഈ മകളെ നല്ല അന്തസ്സും അവസ്ഥയും ഉള്ള ഒരു കുടുംബത്തിൽ വിവാഹംചെയ്തു കൊടുക്കുവാൻ കഴിഞ്ഞാലേ എനിക്കൊരു മനസ്സമാധാനം കിട്ടുകയുള്ളൂ"

ലളിത മുഖവും താഴ്ത്തിയിരുന്നു് ചായ പാത്രത്തിൽ ഒഴിച്ചുകൊടുത്തുതുടങ്ങി.

ഗുരുചരണൻ തുടന്നു:— "ഈ ദരിദ്രനായ അമ്മാവന്റെ വീട്ടിൽ വന്നതുമുതൽ, എന്റെ മകറംക്കു് രാവും പകലും കഷ്ടപ്പാടുതന്നെ. അല്ലേ, ലളിതേ?"

ലളിത:— (നിഷേധാത്ഥത്തിൽ തലയാട്ടിയിട്ടു്) "രാവും പകലും എന്തൊരു കഷ്ടപ്പാടാണമ്മാവ, എനിക്കു്? എല്ലാവരും ജോലിചെയ്യുന്നതുപോലെ ഞാനും ചെയ്യുന്നു; അത്രയല്ലേ ഉള്ളു?"

ഗുരുചരണൻ ഒന്നു ചിരിച്ചു. ചായ കുടിക്കുന്നതിനിടയിൽ അയാറം വീണ്ടും തുടന്നു:— "അതെ അ

തെ, എനിക്കറിയാം. അതിരിക്കട്ടെ; ഇന്നു് അരി വെക്കാനും മററും എന്തുചെയ്യും, ലളിതേ?"

ലളിത:— (മുഖമുയർത്തിയിട്ടു്) "എന്താണമ്മാവ, ഇങ്ങനെ ചോദിക്കുന്നതു്? ഞാൻ വെക്കാമല്ലൊ."

ഗുരുചരണൻ:— (വിസ്മയത്തെ പ്രകാശിപ്പിക്കുന്ന മുഖഭാവത്തോടുകൂടി) "എന്തു്! നീ വെക്കാമെന്നോ? പാചകവൃത്തി നിനക്കറിയാമോ?"

ലളിത:— "അറിയാം, അമ്മാവാ. അമ്മായിയുടെ അടുക്കൽനിന്നു ഞാൻ എല്ലാം പഠിച്ചിട്ടുണ്ടു്."

ഗുരുചരണൻ:— (കുടിക്കുവാൻ ഉയർത്തിയ ചായപ്പാത്രം താഴ്ത്തിപ്പിടിച്ചിട്ടു്) "നേരുതന്നെയോ?"

ലളിത:— "നേരുതന്നെയാണമ്മാവ, ഞാൻ പറഞ്ഞതു്. ഇന്നിന്ന വിധത്തിൽ ചെയ്യണമെന്നു് അമ്മായി കാണിച്ചുതരും. ഞാൻ അതുപോലെയെല്ലാം ചെയ്യും. ഇങ്ങനെ പല ദിവസവും നടന്നിട്ടുണ്ടല്ലൊ."

ഇത്രയും പറഞ്ഞിട്ടു് അവൾ തലതാഴ്ത്തിയിരിപ്പായി. അവളുടെ ആ അവനതമായ മസ്തകത്തിന്മേൽ കൈവച്ചു് ഗുരുചരണൻ അവളെ നിശ്ശബ്ദമായി ഹൃദയപൂർവ്വം ആശീർവ്വദിച്ചു. മനസ്സിൽനിന്നു വലിയൊരു ഭാരം നീങ്ങുകയാൽ അയാൾക്കു ചലുതായൊരാശ്വാസമുണ്ടായി.

ആ വീടു് വഴിയരികിൽത്തന്നെയായിരുന്നു. ചായ കുടിക്കുന്നതിനിടയിൽ ഗുരുചരണൻ ജനലിൽക്കൂടെ പുറത്തേയ്ക്കൊന്നു നോക്കി. ഉടനെ അയാൾ ഉറക്കെ ഇങ്ങനെ വിളികൂട്ടി:— "അല്ലാ, ശേഖരനല്ലേ

അതു്? വരു വരു; ഇങ്ങോട്ടൊന്നു കയറീട്ടു പൊയ്ക്കോളൂ."

ഉത്തരക്ഷണത്തിൽ ബലിഷ്ഠനും ദീർഘകായനും സുന്ദരനുമായ ഒരു യുവാവു് ആ മുറിക്കുള്ളിൽ പ്രവേശിച്ചു.

ഗുരുചരണൻ:— "ഇരിക്കൂ ശേഖര; അറിഞ്ഞോ നീ, ഇന്നു കാലത്തേതന്നെ നിൻെറ ജ്യേഷ്ഠത്തി കാട്ടിക്കൂട്ടിയ ഒരു പ്രവൃത്തി."

ശേഖരൻ:— (പതുക്കെ ചിരിച്ചുകൊണ്ടു്) "പ്രവൃത്തി എന്താണു് അറിയാനുള്ളതു്? പെൺകുട്ടിയുണ്ടായി, അത്രയല്ലേ ഉള്ളു?"

ഗുരുചരണൻ:— (ഒരു ദീർഘനിശ്വാസം വിട്ടിട്ടു്) 'അത്രയല്ലേ ഉള്ളു' എന്നു പറയുവാൻ നിനക്കു് എളുപ്പം കഴിഞ്ഞു. പക്ഷേ, ആ 'അത്ര' എത്രയാണെന്നു് എനിക്കു മാത്രമേ അറിഞ്ഞുകൂടൂ."

ശേഖരൻ:— "അങ്ങനെ പറയരുതു്, ചേട്ടാ. ജ്യേഷ്ഠത്തി കേട്ടാൽ വല്ലാതെ വ്യസനിക്കും; എന്നു തന്നെയല്ല, ഈശ്വരൻ തന്നതു് ഇരുകൈയും നീട്ടി സന്തോഷത്തോടെ വാങ്ങുകയാണു വേണ്ടതു്."

ഗുരുചരണൻ:— (കുറേ നേരം മൌനം അവലംബിച്ചിരുന്നതിനു ശേഷം) "സന്തോഷത്തോടെ വാങ്ങേണ്ടതു് ആവശ്യമാണു്. അതെനിക്കും അറിയാം. പക്ഷെ, ഈശ്വരൻ പ്രവർത്തിക്കുന്നതും നീതിയല്ല. ഞാൻ ഒരു ദരിദ്രൻ. എൻെറ വീട്ടിൽ ഇത്രയധികം എന്തിനാണു്? ഈ വീടുംകൂടി നിൻെറ അച്ഛനു പണയമായിക്കഴിഞ്ഞു. ആകട്ടെ, അതുകൊണ്ടെനിക്കു വ്യസനമില്ല. പക്ഷേ, ഭാരം

പിന്നെയും ശേഷിക്കുന്നല്ലൊ. അടുത്തുതന്നെയു ണ്ടു് ഇനിയും ഒരു ചുമതല. കണ്ടില്ലെ, ഇതാ എ ൻെറ ലളിത—അച്ഛനമ്മമാർ ഇല്ലാത്ത കുഞ്ഞു്— പ്രായമായി നില്ക്കുന്നു. കൊട്ടാരത്തിൽ വാഴേണ്ട താണു് ഈ കനകവിഗ്രഹം. എങ്ങനെയാണു് ഇ വളെ ഞാൻ കണ്ടവൻെറ കൈയിൽ കെട്ടിയേല്പി ക്കുക? ചക്രവർത്തിയുടെ കിരീടത്തിൽ തിളങ്ങുന്ന തുപോലെയുള്ള കോഹിനൂർരത്നങ്ങൾ കുന്നുകുന്നാ യി കൂട്ടി ഇവളുടെ തൂക്കമൊപ്പിച്ചു് തുലാസ്സിലി ട്ടു തൂക്കിയെടുത്താലും ഇവളുടെ ശരിയായ വില യാവുകയില്ല. പക്ഷെ, ആരാണു് അതറിയുവാൻ? കാശിൻെറ കുറവുകൊണ്ടു് ഇപ്രകാരമുള്ള രത്ന ത്തെയും ഞാൻ കല്പിക്കപ്പെടണംപോലെ കിട്ടിയ വിലയ്ക്കു കൊടുക്കേണ്ടിവരും. ആ ഘട്ടത്തിൽ എ ത്രമാത്രം വേദനയാണു് ഹൃദയത്തിലുണ്ടാവുക എ ന്നു് നിനക്കറിയാമോ, ശേഖരാ? പതിമൂന്നായി അവൾക്കു വയസ്സു്. വല്ലിടത്തും വല്ല ബന്ധവും ആലോചിക്കയെങ്കിലും ചെയ്യാമെന്നുവെച്ചാൽ, പതിമൂന്നു കാശുപോലുമില്ല എൻെറ കൈയിലെ ടുക്കാൻ."

ഗുരുചരണൻെറ കണ്ണുകളിൽ വെള്ളംനിറഞ്ഞു. ശേഖരൻ യാതൊന്നും സംസാരിച്ചില്ല. ഗുരുചരണ ൻ പിന്നേയും തുടന്നു:— "ശേഖരനാഥാ, നോക്കു അ നിയ, നിനക്കു ബന്ധുക്കളും സ്നേഹിതന്മാരും ധാരാള മുണ്ടല്ലോ. അവരിലാക്കെങ്കിലും ഈ കുഞ്ഞിനു് ഒരു ഗതി നല്കുവാൻ കഴിയുകയില്ലേ? ഇക്കാലത്തു പല ചെറുപ്പക്കാരും പണം നോക്കാതെ പെണ്ണിനെ മാ

ത്രം നോക്കി വിവാഹം ചെയ്യാറുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. അങ്ങനെ ഒരാളെ ഭാഗ്യവശാൽ എനിക്കും കിട്ടുവാൻ സാധിച്ചെങ്കിൽ, ഞാൻ പറയുന്നു, എന്റെ ആശീർവ്വാദത്താൽ നീ മഹാരാജാവായി വാഴുവാൻ ഇടയാകും. ഇനിയെന്താണു് ഞാൻ പറയേണ്ടതു്? ഈ നാട്ടിൽ നിങ്ങളെയെല്ലാം ആശ്രയിച്ചാണു് ഞാൻ കഴിഞ്ഞുകൂട്ടുന്നതു്. നിന്റെ അച്ഛൻ സ്വന്തം അനുജനെപ്പോലെ എന്നെ സ്നേഹിക്കയും ചെയ്യുന്നുണ്ടു്."

ശേഖരൻ:—(തല കുലുക്കിക്കൊണ്ടു്) "ആട്ടെ, ഞാൻ നോക്കാം."

ഗുരുചരണൻ:— "മറക്കരുതു്, കേട്ടോ. ലളിതയുടെ സ്വഭാവത്തെപ്പററിയാണെങ്കിൽ നിന്നോടു പ്രത്യേകമൊന്നും പറയേണ്ട ആവശ്യമില്ല. അവൾ എട്ടു വയസ്സുതൊട്ടു് നിന്റെ അടുക്കൽത്തന്നെ എഴുത്തും വായനയും പഠിച്ചു വളൎന്നുവരികയാണു്. അവൾ എത്രമാത്രം ബുദ്ധിമതിയും ശാന്തയും സുശീലയുമാണെന്നു് നിനക്കു നല്ലവണ്ണം അറിയാമല്ലൊ. ഇത്തിരിയുള്ള ഈ പെണ്ണുവേണം ഇന്നുമുതൽ ഞങ്ങളുടെ കുടുംബത്തിലെ വെപ്പും വിളമ്പലും കൊടുക്കലും വാങ്ങലുമെല്ലാം നടത്തുവാൻ. എല്ലാ ഭാരവും ഇപ്പോൾ അവളുടെ തലയിലായിരിക്കയാണു്."

ഈ അവസരത്തിൽ ലളിത മെല്ലെ മുഖമുയൎത്തി ഒന്നു നോക്കുകയും ഉത്തരക്ഷണത്തിൽ പണ്ടത്തെപ്പോലെ അധോമുഖിയായിത്തന്നെ ഇരിക്കുകയും ചെയ്തു. അവളുടെ അധരങ്ങൾ പതുക്കെ ഒന്നു വിടരുക മാത്രം

ചെയ്തു. ഗുരുചരണൻ ഒരു ദീർഘശ്വാസംവിട്ടിട്ട് തന്റെ പ്രസംഗം വീണ്ടും തുടൻു:— "ഇവളുടെ അച്ഛൻ ചില്ലറപ്പുള്ളിയായിരുന്നുവോ? എത്ര സ്വത്താണ് അദ്ദേഹം സമ്പാദിച്ചതു്. പക്ഷേ, എല്ലാംതന്നെ ദാനംചെയ്തു മുടിച്ചുകളഞ്ഞു. സ്വന്തം മകൾക്കുപോലും ഒന്നും കരുതിവെച്ചില്ല. (ക്ഷണനേരത്തെ മൌനത്തിനു ശേഷം) ഒന്നും കരുതിവെച്ചില്ലെന്നു പറയുവാനും പാടില്ല. അദ്ദേഹം എത്ര അഗതികളെയാണ് സഹായിച്ചതു്! എത്ര പാവങ്ങളുടെ കണ്ണുനീരാണ് തുടച്ചുകളഞ്ഞതു്! അതിൽ നിന്നെല്ലാം അദ്ദേഹം സമ്പാദിച്ച ഒരു പുണ്യമുണ്ടു്. ആ പുണ്യം മുഴുവനും ഈ മകൾക്കു കൊടുത്തിട്ടാണ് അദ്ദേഹം പോയിട്ടുള്ളതു്. അല്ലെങ്കിൽ ഈ പ്രായത്തിലുള്ള ഒരു പെൺകുട്ടി ഈവിധം "അന്നപൂർണ്ണ"യായിത്തീരുവാൻ വഴിയില്ല. നീ തന്നെ ഒന്നു പറയൂ, ശേഖരാ, അതു ശരിയല്ലേ?"

ശേഖരൻ ചിരിക്കുക മാത്രമേ ചെയ്തുള്ളു. മറുപടിയൊന്നും പറഞ്ഞില്ല. ശേഖരനാഥൻ എഴുന്നേററു പോകുവാനായി ഭാവിക്കുന്നതു കണ്ടിട്ടു് ഗുരുചരണൻ ഇങ്ങനെ ഒരു ചോദ്യംകൂടിചെയ്തു.— "ഇത്ര നേരത്തെ ഇന്നു എങ്ങോട്ടാണ് പുറപ്പെട്ടതു്?"

ശേഖരൻ:—"വക്കീലിന്റെ വീട്ടിലേക്കു്. ഇന്നൊരു കേസ്സുണ്ടു്."

ഇത്രയുംപറഞ്ഞിട്ടു ശേഖരൻ എഴുന്നേററുനിന്നു. ഗുരുചരണൻ ലളിതയുടെ കാര്യം അപ്പോൾ ഒന്നുകൂടി ഓർപ്പിച്ചു:—"കാര്യം മറന്നുപോകരുതു്, കേട്ടോ,

അനിയാ! അവളുടെ നിറം കുറച്ചു കറുപ്പാണ്; അതു ശരിതന്നെ. പക്ഷേ, ഇതുപോലെ അഴകുള്ള കണ്ണും, ഇത്ര മനോഹരമായ മുഖവും, ഈ വിധം മാധുര്യം നിറഞ്ഞ ചിരിയും, ഇത്രമാത്രം ദയാശീലമുള്ള സ്വഭാവഗുണവും അന്വേഷിച്ചു നടന്നാൽക്കൂടി ഭൂമിയിൽ മറ്റെങ്ങും കണ്ടെത്തുവാൻ പ്രയാസമാണ്."

ശേഖരൻ തലകുലുക്കി ചിരിച്ചുംകൊണ്ടു പുറത്തേയ്ക്കു നടന്നു. ആ യുവാവിനു ഇരുപത്തഞ്ചോ ഇരുപത്താറോ വയസ്സിൽ കൂടുതലില്ല. എം. ഏ. പാസ്സായിട്ടു ഇത്രയുംകാലം കോടതിയിൽ പ്രവൃത്തി പരിശീലനം നടത്തുകയായിരുന്നു. കഴിഞ്ഞകൊല്ലം മുതൽ "അറേറാർണി" ആയി നിയമിക്കപ്പെട്ടിരിക്കയാണ്. അവൻെറ അച്ഛനായ നവീനറായി ശക്കരെക്കച്ചവടംചെയ്തു ലക്ഷക്കണക്കിനു പണം സമ്പാദിച്ചിട്ടുണ്ടു്. ഈയിടെ കുറെക്കൊല്ലമായിട്ടു ആ കച്ചവടം നിൎത്തിക്കളഞ്ഞു വീട്ടിൽത്തന്നെ ഇരുന്നു "ഹുണ്ടി" വ്യാപാരം നടത്തുകയാണ്. മൂത്തമകനായ അവിനാശൻ വക്കീലാണ്. ഇളയ മകനാണ് ഈ ശേഖരനാഥൻ. ആപ്രദേശത്തുള്ള മറെറല്ലാ വീടുകളേക്കാളും ഉയൎന്നു ബ്രഹ്മാണ്ഡംപോലെ കാണപ്പെടുന്ന ആ മൂന്നുനിലക്കെട്ടിടം അദ്ദേഹത്തിൻെറവകയാണ്. ഗുരുചരണൻെറ ഇരുനിലക്കെട്ടിടത്തിനു തൊട്ടുതന്നെയാണ് അതു്. ആ രണ്ടു കെട്ടിടങ്ങളും രണ്ടാമത്തെ നിലയിൽ ചുമരുകൊണ്ടു മറയ്ക്കാത്ത ഒരു വരാന്ത മൂലം പരസ്പരംകൂട്ടി യോജിപ്പിക്കപ്പെട്ടിട്ടുമുണ്ടു്. തന്മൂലം ആ രണ്ടു കുടുംബങ്ങളും അന്യോന്യം വളരെ മൈത്രിയിലാണ് കഴിഞ്ഞുകൂടുന്നതു്. ഇരുകുടുംബങ്ങ

ളിലേയും സ്ത്രീകൾ അങ്ങുമിങ്ങും ഗതാഗതം ചെയ്തു കൊണ്ടിരുന്നതു് മുൻപറഞ്ഞ വരാന്ത വഴിയാണു്.

—o—

## രണ്ടാം അദ്ധ്യായം

ശ്യാമ്ബസാറിലുള്ള വലിയൊരു കുടുംബത്തിൽനിന്നു് ശേഖരൻെറ വിവാഹകാര്യത്തെപ്പററിയുള്ള ആലോചന തുടങ്ങീട്ടു നാൾ കുറെയായി. ഒടുവിലത്തെത്തവണ വധൂബന്ധുക്കൾ വന്നപ്പോൾ വരുന്ന മാഘമാസത്തിൽത്തന്നെ വിവാഹം നടക്കത്തക്കവിധത്തിൽ മുഹൂർത്തംകൂടി നിശ്ചയിച്ചുപോകണമെന്നു് അവർ താൽപര്യം പ്രദർശിപ്പിക്കയുണ്ടായി. പക്ഷേ, ശേഖരൻെറ അമ്മ അതിനു വഴിപ്പെട്ടില്ല. മകൻ പോയി പെണ്ണിനെക്കണ്ടു തൃപ്തിപ്പെട്ടതിനു ശേഷം മാത്രമേ വിവാഹം നിശ്ചയിക്കുവാൻ പാടുള്ളു എന്നുള്ള തൻെറ അഭിപ്രായത്തെ അവർ ദാസി മുഖേന അപ്പോൾത്തന്നെ ഗൃഹനാഥനെ അറിയിക്കുകയാൽ ആ ആലോചനയ്ക്കു തടസ്സം നേരിട്ടു.

നവീനറായിയുടെ നോട്ടമെല്ലാം പണത്തിന്മേൽമാത്രമായിരുന്നു. ഭാര്യയുടെ ഈ ഇടംകോലിടൽ കണ്ടപ്പോൾ അദ്ദേഹത്തിനു് അസുഖം തോന്നി. "എന്തൊരു കഥയില്ലായ്മയാണ് ഈ പറയുന്നതു്? പെണ്ണിനെ കാണാൻ ഇനിയും ഇല്ലേ സമയം? കാര്യമെല്ലാം തീരുമാനമാകട്ടെ. അതിനുശേഷം ആശീർവ്വാദദിവസത്തിൽ പെണ്ണിനെ നല്ലവണ്ണം കാണാമല്ലൊ" എന്നായി അദ്ദേഹം. പക്ഷേ ഗൃഹനായിക അതുകൊണ്ടൊന്നും ഇളകിയില്ല. അവർ വാക്കു പറ

യുവാൻ സമ്മതിച്ചതുമില്ല. ആ കാരണത്താൽ ഗൃഹനായകൻ ഭാര്യയോടു കലഹിച്ച് അന്നുവളരെനേരം വൈകിയതിനുശേഷമേ കുളിച്ച് ഊണു കഴിച്ചുള്ളു. അന്നത്തെ പകലുറക്കം അദ്ദേഹം പുറത്തളത്തിലാക്കിക്കളയുകയുംചെയ്തു.

ശേഖരനാഥൻ ആളൊരു സരസനാണ്. മുകളിലത്തെ നിലയിലുള്ള അവൻെറ കിടപ്പുമുറി കണ്ടാൽത്തന്നെ അറിയാം അതു്. അതുമുഴുവൻ വളരെ ഭംഗിയായി അലങ്കരിക്കപ്പെട്ടിരുന്നു. മുൻവിവരിച്ചസംഭവം നടന്നിട്ട് അഞ്ചാറുനാൾ കഴിഞ്ഞപ്പോൾ, ഒരു ദിവസം ഉച്ചതിരിഞ്ഞ സമയത്തു് അവൻ ആ മുറിയിൽ ഒരു വലിയ കണ്ണാടിക്കഭിമുഖമായിനിന്ന് പെണ്ണിനെ കാണ്മാൻപോകുന്നതിനുവേണ്ടി ഒരുങ്ങുകയായിരുന്നു. അപ്പോൾ ലളിത പെട്ടെന്ന് ആ മുറിയിൽ പ്രവേശിച്ചു. കുറെനേരം അവൾ യാതൊന്നും മിണ്ടാതെ ശേഖരൻെറ ഒരുക്കങ്ങൾ കണ്ടുകൊണ്ടു നിന്നു. ഒടുവിൽ ഇങ്ങനെ ചോദിച്ചു:—"പെണ്ണിനെ കാണ്മാൻ പോകുന്നതിനുള്ള പുറപ്പാടാണ്, അല്ലേ?"

ശേഖരൻ:—(തിരിഞ്ഞുനോക്കിയിട്ട്) "അല്ലാ, പുള്ളി ഇവിടെ വന്നു നില്പുണ്ടോ? വരൂ, വരൂ, എന്നെ ഒന്ന് അസ്സലായി അണിയിക്കൂ, കാണട്ടെ. എന്നെ കണ്ടാൽ പെണ്ണിനു നന്നെ ബോധിക്കണം."

ലളിത:—(ചിരിച്ചിട്ടു) "ഇപ്പോൾ എനിക്കു സമയമില്ലല്ലോ ശേഖരച്ചേട്ടാ; ഞാൻ ഉറപ്പിക എടുത്തുകൊണ്ടുപോകുവാൻ വന്നതാണ്."

ഇത്രയും പറഞ്ഞിട്ട് അവൾ തലയണച്ചുവട്ടിൽ

നിന്നും താക്കോൽ എടുത്ത് അലമാരിയുടെ ഒരു വലിപ്പു തുറക്കുകയും കറെ ഉറുപ്പിക എണ്ണിയെടുത്തു തുണിത്തുമ്പത്തു കെട്ടുകയും ചെയ്തതിനുശേഷം വലിപ്പു പൂട്ടി താക്കോൽ പൂർവ്വസ്ഥാനത്തുതന്നെ വെക്കുന്നതിനിടയിൽ അദ്ധ്യസ്ഥഗതമായി ഇങ്ങനെ പറഞ്ഞു:—

"ആവശ്യമുള്ളപ്പോഴെല്ലാം ഞാൻ വന്ന് ഉറുപ്പികയെടുത്തുകൊണ്ടുപോകാറുണ്ട്. പക്ഷേ, ഇതെല്ലാം എങ്ങനെയാണാവോ വീട്ടിത്തീരുക."

ശേഖരൻ:—(തലമുടിയുടെ ഒരു ഭാഗം ബ്രഷ്കൊണ്ട് പതുക്കെ ഒരു വശത്തേയ്ക്കു വകഞ്ഞു നീക്കി, തിരിഞ്ഞുനിന്നിട്ട്) "എന്ത്? വീട്ടിത്തീരുകയോ? വീട്ടുകയാണല്ലോ ഈ ചെയ്യുന്നത്."

ലളിതയ്ക്ക് അതിൻെറ അർത്ഥം മനസ്സിലായില്ല. അവൾ ശേഖരൻെറ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടു നിലയായി.

ശേഖരൻ:—"എന്താണ് നോക്കിക്കൊണ്ടു നില്ക്കുന്നത്? മനസ്സിലായില്ലേ പറഞ്ഞത്?"

ലളിത:—(തലയാട്ടിയിട്ട്) "ഇല്ല."

ശേഖരൻ:—"കുറച്ചുകൂടി പ്രായം ചെല്ലട്ടെ. അപ്പോൾ മനസ്സിലാകും."

ഇത്രയും പറഞ്ഞിട്ട് ശേഖരൻ കാലിന്മേൽ ചെരിപ്പും ഇട്ട് അവിടെനിന്നു പുറത്തുകടന്നു പോകയും ചെയ്തു.

അന്നു രാത്രി ശേഖരൻ തൻെറ കിടപ്പുമുറിയിലുള്ള ഒരു ചാരുകസേരയിൽ മിണ്ടാതെ കിടക്കുകയായിരുന്നു. അപ്പോൾ അവൻെറ അമ്മ അവിടെ കടന്നുവന്നു. അമ്മയെ കണ്ടപ്പോൾ ശേഖരൻ ഉടനെ

എഴുന്നേററുനിന്നു. അമ്മ അടുത്തുള്ള ഒരു കട്ടിലിന്മേൽ ചെന്നിരുന്നിട്ട്. ഇങ്ങനെ സംഭാഷണം തുടങ്ങി:—

"പെണ്ണിനെ കണ്ടോ, ശേഖരാ? എങ്ങനെയിരിക്കുന്നു? കൊള്ളാമോ?"

ശേഖരൻ:—(അമ്മയുടെ മുഖത്തേയ്ക്കു നോക്കി ചിരിച്ചുംകൊണ്ടു്.) "ഒന്നാംതരം!"

ഭുവനേശ്വരി എന്നാണ് ശേഖരന്റെ അമ്മയുടെ പേരു്. വയസ്സ് അയ്മ്പത്തഞ്ചിനോടു അടുത്തിട്ടുണ്ടു്. പക്ഷേ, കണ്ടാൽ മുപ്പത്തഞ്ചിൽ അധികമായി എന്നു തോന്നുകയില്ല; അത്രയ്ക്കു സൌഷ്ഠവം കൂടിയതാണ് അവരുടെ ശരീരഘടന. ആ സുന്ദരമായ ദേഹാവരണത്തിനുള്ളിൽ കുടികൊള്ളുന്ന മാതൃഹൃദയമാകട്ടെ അതിനേക്കാളും നവീനവും കോമളവുമായിരുന്നു. അവരുടെ പിതൃഗൃഹം നാട്ടുമ്പുറത്താണ്. നാട്ടുമ്പുറത്തു ജനിച്ചു് അവിടെത്തന്നെ വളന്നുവന്നവളാണ് എങ്കിലും നഗരജീവിതത്തിലും അവക്ക് ഒരിക്കലും പരാജയം പററുകയുണ്ടായിട്ടില്ല. പട്ടണത്തിലെ പ്രസരിപ്പും പരിഷ്കാരവും നിറഞ്ഞ പുതുമോടിക്ക് അവർ സസന്തോഷം സ്വാഗതമരുളി. എന്നാൽ ജന്മഭൂമിയിലെ അടക്കവും ഒതുക്കവും കൂടിയ ജീവിതത്തിന്റെ മാധുര്യത്തെ അവർ നിശ്ശേഷം കൈവെടിഞ്ഞതുമില്ല. ശേഖരൻ ഈ മാതാവിനെ എത്ര വലിയൊരു സമ്പത്തും അഭിമാനഹേതുവുമായിട്ടാണ് കരുതിപ്പോരുന്നതെന്നുള്ള കഥ മാതാവിനു പോലും അറിഞ്ഞുകൂടാ. അനന്യസാധാരണമായ ആരോഗ്യം, അതുല്യമായ സൌന്ദര്യം, അമിതമായ ഐ

ശാര്യം, അസാധാരണമായ ബുദ്ധിശക്തി—എന്നു തുടങ്ങി അനേകം വിശിഷ്ടവസ്തുക്കൾ ഈശ്വരൻ ശേഖരനു് പ്രദാനംചെയ്തിട്ടുണ്ടു്. എന്നാൽ ഈ മാതാവിൻെറ സന്താനമായിത്തീരുവാൻ ഇടയാക്കിയ മഹാഭാഗ്യത്തെയാണു് ദൈവത്തിൻെറ ആ ദാനങ്ങളിൽ വെച്ചെല്ലാം അത്യുത്തമമായി അവൻ അഹന്നിശം കരുതിപ്പോരുന്നതു്.

ഭുവനേശ്വരി:—"ഒന്നാംതരം എന്നുമാത്രം പറഞ്ഞു് മിണ്ടാതെ നിന്നുകളഞ്ഞതെന്തേ?"

ശേഖരൻ:—(പിന്നെയും ചിരിച്ചു് അധോവദനനായി) "ചോദിച്ചതിനുള്ള സമാധാനം ഞാൻ പറഞ്ഞു കഴിഞ്ഞല്ലൊ, അമ്മേ."

ഭുവനേശ്വരി:—(ചിരിച്ചിട്ടു്) "എന്തൊന്നാണു് നീ പറഞ്ഞതു്? ഒന്നുംതന്നെ പറഞ്ഞില്ലല്ലൊ. നിറമെന്താണു്? വെളുപ്പാണോ? ആരെപ്പോലെയിരിക്കുന്നു? നമ്മുടെ ലളിതയെപ്പോലെയാണോ?"

ശേഖരൻ:— (മുഖമുയർത്തിയിട്ടു) "ലളിത കറമ്പിയല്ലെ, അമ്മേ? അവളേക്കാൾ വെളുപ്പാണു്."

ഭുവനേശ്വരി:— "കണ്ണും മുഖവും മററും കണ്ടാൽ എങ്ങനെ?"

ശേഖരൻ:— "അതും തരക്കേടില്ല."

ഭുവനേശ്വരി:—"എന്നാൽ ഞാൻ അച്ഛനോടു പറയട്ടയോ?"

ശേഖരൻ അതിനു മറുപടിയൊന്നും പറയാതെ മിണ്ടാതെ നിന്നതേയുള്ളു. മാതാവു് കുറേനേരം പുത്രൻെറ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നതിനു ശേഷം പെട്ടെന്നു് ഇങ്ങനെ ഒരു ചോദ്യം

ചെയ്തു:—"അതൊക്കെ പോകട്ടെ. പെണ്ണ് എഴുത്തും വായനയും പഠിച്ചിട്ടുണ്ടോ?"

ശേഖരൻ:—"അതു ഞാൻ ചോദിച്ചില്ല, അമ്മേ."

ഭുവനേശ്വരി:— (അത്യന്തം ആശ്ചര്യത്തോടുകൂടി) "അല്ലാ, അതെന്തേ നീ ചോദിച്ചില്ല? ഇക്കാലത്തു നിങ്ങൾക്കൊക്കെ മറ്റെല്ലാററിനേക്കാളും കൂടുതൽ അത്യാവശ്യമായിട്ടുള്ള കാര്യമാണല്ലോ അതു്. അതുമാത്രം നീ ചോദിച്ചു മനസ്സിലാക്കാതെ പോന്നതെന്താണു്?"

ശേഖരൻ:—"ആ കാര്യം ഞാൻ തീരെ ഓർത്തില്ല, അമ്മേ."

അതുകേട്ടപ്പോൾ അമ്മയ്ക്കു് ഒന്നുകൂടി അത്ഭുതം തോന്നി അല്പനേരം അവർ മകൻെറ മുഖത്തേയ്ക്കു തന്നെ നോക്കിയിരുന്നതിനുശേഷം ഒടുവിൽ ചിരിച്ചുംകൊണ്ടു് ഇങ്ങനെ പറഞ്ഞു.

ഭുവനേശ്വരി:— "അപ്പോൾ നീ അവിടെ വിവാഹം ചെയ്തില്ല എന്നർത്ഥം, അല്ലേ?"

ശേഖരൻ എന്തോ പറയുവാൻ ഭാവിച്ചു, പക്ഷേ, അപ്പോഴേയ്ക്കും ലളിത ആ മുറിയിൽ കടന്നുവന്നതിനാൽ പറയാൻ ഭാവിച്ചതിനെ ഉള്ളിൽത്തന്നെ ഒതുക്കി മിണ്ടാതെ നിന്നുകളഞ്ഞു. ലളിത പതുക്കെപ്പതുക്കെ നടന്നു് ഭുവനേശ്വരിയുടെ പിന്നിലായി ചെന്നുനിന്നു. അവരാകട്ടെ, ഇടത്തെക്കൈകൊണ്ടു് അവളെ പിടിച്ചുവലിച്ചു മുമ്പിൽ നിറുത്തിയിട്ടു് വാത്സല്യപൂർവ്വം ഇങ്ങിനെ ചോദിച്ചു:— "എന്താണു മകളേ?"

ലളിത:— (പതിഞ്ഞ സ്വരത്തിൽ) "ഒന്നുമില്ല, അമ്മേ"

ആദ്യമൊക്കെ ലളിത അവരെ ഇളയമ്മ എന്നാണു വിളിച്ചുവന്നിരുന്നതു്. പിന്നീടു് ഒരുദിവസം അവർതന്നെ ലളിതയെ വിളിച്ചു്, "ഞാൻ നിൻെറ ഇളയമ്മയല്ല, അമ്മയാണു്; കേട്ടോ, മകളേ." എന്നു പറഞ്ഞു് അതിനെ വിലക്കിയതിനാൽ അന്നുമുതൽ 'അമ്മ' എന്നുതന്നെ വിളിച്ചുവരികയാണു്. ഭുവനേശ്വരി അവളെ പിടിച്ചു് ഒന്നുകൂടി തൻെറ അരികിലേയ്ക്കു നീക്കിനിറുത്തിയതിനു ശേഷം വീണ്ടും സ്നേഹപൂർവ്വം ചോദിച്ചു:—"ഒന്നുമില്ലെന്നോ? എന്നാൽ എൻെറ മകൾ എന്നെ വെറുതെ ഒന്നു കണ്ടും വെച്ചു പോകാൻ വന്നതായിരിക്കും, അല്ലേ?"

ലളിത ഒന്നും മിണ്ടിയില്ല.

ശേഖരൻ—"ഇങ്ങനെ വെറുതെ കാണാൻ വന്നാൽ ചോറുവെക്കാനും മററും സമയം എപ്പോഴാണു്?"

ഭുവനേശ്വരി—"ഇവളെന്തിനു ചോറു വെക്കുന്നു?"

ശേഖരൻ—(ആശ്ചര്യത്തോടുകൂടി) പിന്നെ ആരുണ്ടമ്മേ, അവൾക്കു ചോറു വെച്ചുകൊടുക്കാൻ? ഇവളുടെ അമ്മാവൻ അന്നൊരു ദിവസം പറഞ്ഞല്ലോ, വെപ്പും വിളമ്പലും എല്ലാം ലളിതതന്നെ വേണം നടത്താൻ എന്നു്."

അതു കേട്ടിട്ടു ഭുവനേശ്വരി ചിരിച്ചുപോയി.

ഭുവനേശ്വരി—"അമ്മാവനുണ്ടോ കാര്യത്തിൻെറ ഗന്ധം? വല്ലതും ഒന്നു പറയണമെന്നല്ലാതെ വേറെ ഒന്നും അയാൾക്കറിഞ്ഞുകൂടാ. വിവാഹം കഴിഞ്ഞിട്ടുണ്ടോ ഇവൾക്കു്? പിന്നെ ഇവൾ വിളമ്പിക്കൊടു

ത്താൽ ആരാണുണ്ടാൻ? ഇവിടത്തെ അടുക്കളക്കാരിയെ ഞാൻ അങ്ങോട്ടു പറഞ്ഞയച്ചിരിക്കയാണു്. ചോറു വെക്കുന്നതും മററും അവളാണു്. നമ്മുടെ അടുക്കളപ്പണിയെല്ലാം നിൻെറ ജ്യേഷ്ഠത്തിയും നടത്തുന്നു. ഈയിടെ കുറേദിവസമായിട്ടു് എനിക്കു് ഉച്ചനേരത്തെ ഭക്ഷണം മിക്കവാറും അങ്ങേ വീട്ടിൽത്തന്നെയാണു്."

ആ ദരിദ്രകുടുംബത്തിൻെറ ഗുരുതരമായ രക്ഷാഭാരം അമ്മ കൈയേററിരിക്കുന്നു എന്നു ശേഖരനു മനസ്സിലായി. മനസ്സമാധാനത്തോടുകൂടി അവൻ ഒന്നു നെടുവീർപ്പിട്ടു.

മാസം ഒന്നുരണ്ടു പിന്നേയും കഴിഞ്ഞു. ഒരുദിവസം സന്ധ്യയ്ക്കുശേഷം ശേഖരൻ തൻെറ മുറിയിൽ ഒരു കിടക്കമേൽ ചെരിഞ്ഞുകിടന്നു് ഒരു ഇംഗ്ലീഷ് നോവൽ വായിക്കയായിരുന്നു. അപ്പോഴ് വായിച്ചുകൊണ്ടിരുന്നതു് വളരെ രസകരമായ ഒരു ഭാഗമാകയാൽ അവൻെറ മനസ്സു മുഴുവനും അതിൽത്തന്നെ ലയിച്ചിരിക്കയായിരുന്നു. ആ അവസരത്തിൽ ലളിത മുറിയിൽ കടന്നുവന്നു് തലയണച്ചുവട്ടിൽനിന്നു താക്കോൽ എടുത്തു വലിപ്പു തുറന്നു. ശേഖരൻ തിരിഞ്ഞുനോക്കിയതേയില്ല. അവൾ കരുതിക്കൂട്ടി ഒച്ചയുണ്ടാക്കി. "എന്തുവേണം" എന്നു പുസ്തകത്തിൽനിന്നു കണ്ണെടുക്കാതെതന്നെ അവൻ ചോദിച്ചു.

ലളിത—"ഞാൻ ഉറുപ്പിക എടുക്കുകയാണു്."

"ഉം" എന്നൊന്നു മൂളുകമാത്രം ചെയ്തിട്ടു ശേഖരൻ വീണ്ടും വായന തുടന്നു. ലളിത ഉറുപ്പിക എടുത്തു മടിയിൽ വെച്ചിട്ടു് എഴുന്നേററുനിന്നു. ഇന്നു

അവൾ നല്ലവണ്ണം ഉടുത്തൊരുങ്ങീട്ടാണു് വന്നിരിക്കു ന്നതു്. തന്റെ വേഷം ശേഖരൻ ഒന്നു കാണണമെ ന്നു് അവൾക്കു മോഹമുണ്ടായിരുന്നു. “പത്തു് ഉറു പ്പിക എടുത്തിട്ടുണ്ടു്, ശേഖരച്ചേട്ടാ” എന്നു് അവൾ വീണ്ടും വിളിച്ചുപറഞ്ഞു.

“ആട്ടെ” എന്നു മാത്രമേ ശേഖരൻ അതിനു സ മാധാനം പറഞ്ഞുള്ളു. അപ്പോഴും തിരിഞ്ഞുനോക്കു കയുണ്ടായില്ല. അവൾ ആവശ്യമില്ലാതെ അതും ഇതും എടുത്തു് മാററിയും മറിച്ചും ഒച്ചയുണ്ടാക്കി നോക്കി; കാൎയ്യമില്ലാതെതന്നെ പുറത്തുപോകുവാൻ താമസം വരുത്തി. പക്ഷേ, ഒന്നുകൊണ്ടും ഫലമു ണ്ടായില്ല. ഒടുവിൽ അവൾ നൈരാശ്യത്തോടെ പ തുക്കെ നടന്നു് പുറത്തുകടന്നു. പക്ഷേ, പോകാനു ണ്ടോ മനസ്സു സമ്മതിക്കുന്നു? കുറെ ദൂരം ചെന്നിട്ടു് അ വൾ വീണ്ടും മടങ്ങിവന്നു് വാതിൽക്കൽ നില്പായി. അവരെല്ലാം അന്നു നാടകം കാണാൻ പുറപ്പെട്ടിരി ക്കയാണു്.

ശേഖരന്റെ അനുമതി കൂടാതെ തനിക്കു് ഒരി ടത്തും പോയ്ക്കൂടെന്നു് അവൾക്കറിയാമായിരുന്നു. ആരും അവൾക്കതു പറഞ്ഞുകൊടുത്തതല്ല; എങ്കിലും “എന്തുകൊണ്ടു പൊയ്ക്കൂടാ?” എന്ന ചോദ്യം അവ ളുടെ മനസ്സിൽ ഇതുവരെ ഉദിക്കുകയുണ്ടായിട്ടില്ല. സകല ജീവജാലങ്ങൾക്കും സ്വാഭാവികമായ ഒരു ബുദ്ധിശക്തിയുണ്ടു്. ആ ബുദ്ധിശക്തിതന്നെയാണു് ലളിതയ്ക്കും മേൽപറഞ്ഞ ഉപദേശം നൽകിയതു്. മററുള്ളവൎക്കു് ഇഷ്ടംപോലെ എന്തും ചെയ്യാം, എവി ടെയും പോകാം. എന്നാൽ തനിക്കതു പാടില്ലെന്നു്

അവൾക്കറിയാം. താൻ സ്വതന്ത്ര്യയല്ലെന്നും അമ്മാവന്റെയോ അമ്മായിയുടേയോ അനുമതി മാത്രം തനിക്കു പോരെന്നും അവൾ ധരിച്ചുവെച്ചിരുന്നു അവൾ വാതിൽക്കൽ മറഞ്ഞുനിന്നുകൊണ്ടു് വളരെ പതിഞ്ഞ സ്വരത്തിൽ "ഞങ്ങളെല്ലാം ഇന്നു നാടകം കാണാൻ പോവുകയാണു്" എന്നു തന്റെ ആഗ്രഹത്തെ വെളിപ്പെടുത്തി.

അവളുടെ ആ മൃദുസ്വരം ശേഖരന്റെ ചെവിയിലെത്തിയില്ല. അതിനാൽ അവൻ മറുപടിയൊന്നും പറഞ്ഞില്ല.

ലളിത:—(സ്വരം അല്പംകൂടി ഉച്ചത്തിലാക്കീട്ടു്) "എല്ലാവരും എനിക്കുവേണ്ടി കാത്തുനില്ക്കുയാണു്."

ഇത്തവണ ശേഖരൻ അതു കേട്ടു. പുസ്തകം താഴ്ത്തി ഒരു ഭാഗത്തു വെച്ചിട്ടു്, "എന്തുവേണം" എന്നു് അവൻ ചോദിച്ചു.

ലളിത:—(അല്പം കോപത്തോടെ) "ഇപ്പോഴെങ്കിലും ചെവിയിലെത്തിയോ? ഞങ്ങൾ നാടകം കാണ്മാൻ പോവുകയാണു്."

ശേഖരൻ:—"ഞങ്ങൾ എന്നുവെച്ചാൽ ആരൊക്കെയാണു്."

ലളിത:— "ഞാൻ, ആനന്ദകാളി, ചാരുബാല, അവളുടെ അനുജൻ, അവളുടെ അമ്മാവൻ—"

ശേഖരൻ:— "ആരാണു് ഈ അമ്മാവൻ?"

ലളിത:— "ഗിരീന്ദ്രബാബു എന്നാണു് അദ്ദേഹത്തിന്റെ പേരു്. മുംഗേറിലെ സ്വന്തം വീട്ടിൽനിന്നും വന്നിട്ടു് അഞ്ചാറു ദിവസമായി. ഇവിടെ താമസിച്ചു് ബി. ഏ. യ്ക്കു പഠിക്കുവാൻ നിശ്ചയി

ച്ചിരിക്കയാണത്രെ. നല്ല ആളാണു ശേഖര
ച്ചേട്ടാ—"

ശേഖരൻ:—"അല്ലല്ലാ? ഊരും പേരും പ്രവൃത്തിയുമെ
ല്ലാം മന്ത്രംപോലെ ഉരുവിട്ടുകഴിഞ്ഞു എന്നു തോ
ന്നുന്നല്ലൊ. അങ്ങനെ വരട്ടെ. അതാണ് നാല
ഞ്ചു ദിവസമായിട്ട് പുള്ളിയുടെ പൊടിപോലും
ഇവിടെയെങ്ങും കാണാത്തത്, അല്ലേ? ശീട്ടുകളി
യായിരുന്നു ഇത്രയും ദിവസം, ഇല്ലേ?"

ശേഖരൻെറ സംഭാഷണരീതി പെട്ടെന്നു മാറി
യതു കണ്ടപ്പോൾ ലളിത ഭയപ്പെട്ടുപോയി. ഇങ്ങനെ
ഒരു ചോദ്യം പുറപ്പെടുമെന്ന് അവൾ സ്വപ്നത്തിൽ
പ്പോലും ശങ്കിച്ചിരുന്നില്ല. അവൾ ഒന്നും മിണ്ടാ
തെ നില്പായി.

ശേഖരൻ:— "ശീട്ടുകളി വളരെ കേമമായിരുന്നു,
ഇല്ലേ?"

ലളിത:—(ഉമിനീരിറക്കീട്ടു മൃദുസ്വരത്തിൽ) "ചാ
രു പറഞ്ഞിട്ടാണ്—"

ശേഖരൻ:— "ചാരു പറഞ്ഞോ? ചാരു എന്തു പറ
ഞ്ഞു?" (ഇത്രയും പറഞ്ഞു തലപൊക്കി ലളിതയെ
ഒന്നു നോക്കിയതിനു ശേഷം) "അല്ലാ! ഉടുത്ത
ണിഞ്ഞു തയ്യാറായിട്ടാണല്ലൊ വന്നിട്ടുള്ളതു്. ആ
ട്ടെ, പൊയ്ക്കോളൂ."

ലളിത പോകാതെ അവിടെത്തന്നെ മൌനം
ദീക്ഷിച്ചു നിന്നതേയുള്ളു.

അയൽവീട്ടിലെ ചാരുബാല അവളുടെ സമ
വയസ്കയും സഖിയുമാണ്. ബ്രഹ്മസമാജത്തിൽ ചേ
ന്നവരാണ് അവർ. ഗിരീന്ദ്രനെ ഒഴികെ അവിടെയു

ള്ള മററെല്ലാവരേയും ശേഖരൻ അറിയും. ആറേഴു കൊല്ലത്തിനു മുമ്പ് ഒരിക്കൽ ഗിരീന്ദ്രൻ കുറച്ചുദിവസം ഇവിടെ വന്നു താമസിച്ചിട്ടുണ്ട്. ഇത്രയും കാലം അവൻ ബാങ്കിപുരത്തിലാണു പഠിച്ചുകൊണ്ടിരുന്നതു്. കല്ക്കത്തയിൽ വരേണ്ട ആവശ്യം അവനുണ്ടായിരുന്നില്ല; അവൻ വന്നിട്ടുമില്ല. അതുകൊണ്ടു ശേഖരനു് അവനെ തീരെ പരിചയമില്ലായിരുന്നു. ലളിത പിന്നെയും അവിടെത്തന്നെ നില്ക്കുന്നതു കണ്ടിട്ടു്, "വെറുതെ അവിടെ നില്ക്കുന്നതെന്തിനാണു്? പോവൂ." എന്നുപറഞ്ഞു് ശേഖരൻ പുസ്തകം എടുത്തു മുഖത്തിനു നേരേ ഉയർത്തിപ്പിടിച്ചു.

നാലഞ്ചു മിനിററുനേരം ലളിത മിണ്ടാതെനിന്നു. അതിനുശേഷം വളരെ പതുക്കെ, "ഞാൻ പോകട്ടെയോ?" എന്നു് അവൾ വീണ്ടും തൻെറ ചോദ്യം ആവർത്തിച്ചു.

ശേഖരൻ:— "പോകാനല്ലെ പറഞ്ഞതു്, ലളിതേ."

ശേഖരൻെറ ഭാവം കണ്ടപ്പോൾ നാടകം കാണ്മാനുള്ള കൊതി ലളിതയുടെ മനസ്സിൽനിന്നും പോയ്പോയി പക്ഷേ, പോകാതിരിക്കാനും അവൾക്കു തരമില്ല. നാടകം കാണ്മാൻ വേണ്ടിവരുന്ന ചെലവിൽ പകുതിഭാഗം അവളും പകുതിഭാഗം ചാരുബാലയുടെ അമ്മാവനും കൊടുത്തുകൊള്ളാമെന്നായിരുന്നു നിശ്ചയം.

ചാരുബാലയുടെ വീട്ടിൽ എല്ലാവരും അക്ഷമരായി അവളുടെ വരവും കാത്തുകൊണ്ടു നില്ക്കുയായിരുന്നു. താമസം നേരിടുന്തോറും അവൎക്കു ക്ഷമകേടും വൎദ്ധിച്ചുവന്നു. ലളിതയ്ക്കു് അതറിയാമായിരുന്നു;

എങ്കിലും ഉപായമൊന്നും അവൾ അന്വേഷിച്ചതിൽ കണ്ടെത്തിയില്ല. അനുവാദം കൂടാതെ പോകത്തക്ക ധൈര്യം അവൾക്കില്ലായിരുന്നു. പിന്നേയും കഴിഞ്ഞു രണ്ടുമൂന്നു മിനിററു്. "ഇന്നത്തേയ്ക്കു മാത്രമാണു്— ഞാൻ പോകട്ടെയോ?" എന്നായി അവൾ വീണ്ടും.

ശേഖരൻ പുസ്തകം ഒരു ഭാഗത്തു വലിച്ചെറി ഞ്ഞിട്ടു് പെട്ടെന്നെഴുന്നേററിരുന്നു തൻെറ നീരസ ത്തെ ഇങ്ങനെ പ്രദർശിപ്പിച്ചു:— "എന്നെ വെറുതേ മുഷിപ്പിക്കേണ്ട, ലളിതേ. പോകാനാണു് ഇഷ്ടമെ ങ്കിൽ പൊയ്ക്കോളൂ. ഗുണദോഷങ്ങൾ തിരിച്ചറിയു വാനുള്ള പ്രായമായിട്ടുണ്ടു് നിനക്കു്."

ലളിത ഞെട്ടിപ്പോയി. ശേഖരൻെറ അടുക്കൽ നിന്നു ശകാരം കേൾക്കുക എന്നതു് അവൾക്കു പുത്ത രിയല്ല; അതവൾ പരിചയിച്ചിട്ടുള്ളതു തന്നെയാണു്. പക്ഷേ, രണ്ടുമൂന്നു കൊല്ലങ്ങൾക്കിപ്പുറം ഇത്ര കഠിന മായ ഒരു ശകാരം അവൾക്കു കേൾക്കുവാൻ ഇടയാ യിട്ടില്ല. കൂട്ടുകാരാണെങ്കിൽ കാത്തു നില്ക്കുന്നു. അ വളും ഉടുത്തണിഞ്ഞു് ഒരുങ്ങി നില്ക്കുകയാണു്. അ തിന്നിടയിലാണു് അവൾ പണം എടുക്കാനായി വ ന്നിട്ടു് ഈ ആപത്തിൽ പെട്ടുപോയതു്. ഇനി അ വരോടു് അവൾ എന്തു സമാധാനം പറയും?

ഇത്രയും കാലം എവിടേയ്ക്കു പോകുന്ന കാര്യ ത്തിലും ശേഖരൻെറ അടുക്കൽനിന്നു് അനുവാദം വാങ്ങുവാൻ ലളിതയ്ക്കു് യാതൊരു പ്രയാസവും ഉ ണ്ടായിരുന്നില്ല. ആ കാര്യത്തിൽ അവൻെറ അടു ക്കൽ പരിപൂർണ്ണമായ സ്വാതന്ത്ര്യം അവൾക്കുണ്ടായി രുന്നു. ആ ധൈര്യംകൊണ്ടാണു് അവൾ ഇന്നും യാ

ത്തൊന്നും ശങ്കിക്കാതെ ഉടുത്തണിഞ്ഞു യാത്രയ്ക്കായി ഒരുങ്ങിവന്നതു്. തന്റെ സ്വാതന്ത്ര്യത്തിന്നു് ഇത്ര കൎശമായ തരത്തിൽ ഉടവു തട്ടിയതുകൊണ്ടു മാത്രമല്ല അവൾ ഖേദിച്ചതു്. സ്വാതന്ത്ര്യഹാനിക്കു് ഇടവരുത്തിയ ആ കാരണം എത്രമാത്രം ലജ്ജാകരമാണെന്നു് ആ പതിമൂന്നുവയസ്സു പ്രായത്തിലും, അന്നു് അവൾക്കു് ആദ്യമായി അറിവാൻ സാധിച്ചതിനാൽ മൎമ്മത്തിൽ കുത്തുകൊണ്ടതുപോലെ അവൾ സങ്കോചത്താൽ മൃതപ്രായയായിത്തീൎന്നു. അഭിമാനത്താൽ അവളുടെ കണ്ണുകൾ രണ്ടും അശ്രുപൂൎണ്ണങ്ങളായി. അഞ്ചാറു മിനിററുനേരം പിന്നെയും അവിടെത്തന്നെ കാത്തു നിന്നതിന്നുശേഷം അവൾ തന്റെ മുറിയിലേയ്ക്കു മടങ്ങിച്ചെന്നിട്ടു വാല്യക്കാരിയെ പറഞ്ഞയച്ചു് ആന്നാകാളിയെ വിളിച്ചുവരുത്തുകയും ഉറുപ്പിക പത്തും അവളുടെ കൈയിൽ കൊടുത്തിട്ടു് ഇങ്ങനെ പറയുകയും ചെയ്തു:— "നിങ്ങൾ പൊയ്ക്കോളു, കാളി. എനിക്കിന്നു തീരെ സുഖമില്ല. ഞാൻ വരില്ലെന്നു ചാരുവിനോടു പോയിപ്പറയൂ."

കാളി:—"എന്താണു് സുഖക്കേടു്, ചേച്ചീ?"

ലളിത:— "ഒരു തലവേദന, മനംമറിച്ചിലുമുണ്ടു്. തീരെ സുഖമില്ല."

ഇത്രയും പറഞ്ഞിട്ടു് അവൾ കിടപ്പാനായി വിരിച്ചിട്ടുള്ള വിരിയിന്മേൽ പുറം തിരിഞ്ഞു കിടന്നുകളഞ്ഞു. അതിന്നുശേഷം ചാരുബാല വന്നു വിളിച്ചു; നിൎബ്ബന്ധിച്ചു; പരിഭവം പറഞ്ഞുനോക്കി; അമ്മായിയെക്കൊണ്ടു ശുപാൎശ ചെയ്യിച്ചു. എന്തുതന്നെ ചെയ്തിട്ടും ലളിത വഴിപ്പെട്ടില്ല. പണം കൈ

യിൽ കിട്ടിയതോടുകൂടി ആന്നാകാളി പുറപ്പെടുവാൻ തിരക്കുകൂട്ടിക്കൊണ്ടേയിരുന്നു. ആ ലഹളയ്ക്കിടയിൽ ഒരുപക്ഷേ യാത്ര മുടങ്ങിപ്പോയെങ്കിലോ എന്നായിരുന്നു അവളുടെ ഭയം. അതിനാൽ അവൾ ചാരുവിനെ ഒരു ഭാഗത്തേയ്ക്കു വിളിച്ചുകൊണ്ടുപോയി കൈയിലുണ്ടായിരുന്ന പണം കാണിച്ചുകൊടുത്തിട്ട് ഇങ്ങനെ പറഞ്ഞു:— "ചേച്ചിക്കു തീരെ സുഖമില്ല, ചാരുചേച്ചി. ചേച്ചിയെ ബുദ്ധിമുട്ടിക്കണ്ട. പ്ണം, ചേച്ചി എൻെറ കൈയിൽ തന്നിട്ടുണ്ട്. ഇതാ, നോക്കു. നമുക്കു പോകാം, വരു"

പ്രായംകൊണ്ടു ചെറുപ്പമാണെങ്കിലും ബുദ്ധികൊണ്ട് ആന്നാകാളി ആരെക്കാളും താഴെയല്ലെന്നു ചാരുബാല ഗ്രഹിച്ചു. അതിനാൽ ആ അഭിപ്രായത്തെ ശരിവെച്ച് അവൾ കാളിയേയും കൂട്ടിക്കൊണ്ട് അവിടെനിന്നും പോയി."

—o—

## മൂന്നാം അദ്ധ്യായം

ചാരുബാലയുടെ അമ്മയായ മനോരമയ്ക്കു ശീട്ടുകളിയേക്കാൾ പ്രിയതരമായ ഒരു കാര്യം ലോകത്തിൽ വേറെ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ വാസനയ്ക്കൊത്ത സാമർത്ഥ്യം അവക്ക് അതിലില്ലായിരുന്നു. അവരുടെ ആ കുറവ് ലളിതയെ കൂട്ടു കിട്ടുമ്പോൾ തീൎന്നുപോകയും ചെയ്യും. ലളിതയ്ക്കു നല്ലവണ്ണം കളിക്കാനറിയാം മനോരമയുടെ മാതുലപുത്രനായ ഗിരീന്ദ്രൻ വന്നതുമുതൽ എന്നും ഉച്ചതിരിഞ്ഞു് അവരുടെ വീട്ടിൽ ശീട്ടുകളിയുടെ ബഹളംത

ന്നെയാണു്. ഗിരീന്ദ്രൻ, ഒന്നാമതു് ഒരു പുരുഷൻ; അതിനുംപുറമെ നല്ലവണ്ണം കളിക്കുകയും ചെയ്യും. അതിനാൽ അവനെതിരായി ഇരുന്നു കളിക്കണമെങ്കിൽ മനോരമയ്ക്കു ലളിതയെ കൂട്ടുകിട്ടാതെ കഴികയില്ല.

നാടകം കാണാൻ പോയതിൻെറ പിറേറ ദിവസം പതിവുപോലെയുള്ള സമയത്തു് ലളിതയെ കാണാത്തതിനാൽ മനോരമ വാല്യക്കാരിയെ പറഞ്ഞയച്ചു. ലളിത അപ്പോൾ ഒരു ഇംഗ്ലീഷുപുസ്തകം മാതൃഭാഷയിൽ വിവൎത്തനം ചെയ്തു് ഒരു വലിയ നോട്ടുബുക്കിൽ പകൎത്തിക്കൊണ്ടിരിക്കയായിരുന്നു. അതിനാൽ അവൾ പോയില്ല.

അടുത്തുതന്നെ അവളുടെ സഖിയായ ചാരുശീലയുടെ വരവായി. അപ്പോഴും അവൾ ഇളകിയില്ല. മൂന്നാമതു മനോരമതന്നെ വന്നു. അവളുടെ കൈയിലുള്ള നോട്ടുബുക്കു വലിച്ചെടുത്തു ദൂരെ മാററിവെച്ചിട്ടു് അവർ ഇങ്ങനെ തിരക്കുകൂട്ടി:— "വാ, എണീക്കു്. വല്യതായാൽ ജഡ്ജിയുടെ ഉദ്യോഗമൊന്നും നോക്കേണ്ടിവരില്ല നിനക്കു്. ശീട്ടുകളി, പക്ഷെ, അപ്പോഴും വേണ്ടിവരും. പോകാം, വാ."

ലളിത വല്ലാതെ വിഷമിച്ചു. അവളുടെ ഹൃദയം വിപദ്ഗ്രസ്തമെന്നവണ്ണം വ്യാകുലമായി. "ഇന്നെനിക്കു വരുവാൻ തീരെ നിവൃത്തിയില്ല. നാളെ ഞാൻ പക്ഷേ വരാം." എന്നിങ്ങനെ അത്യന്തം ദയനീയമായ മുഖഭാവത്തോടുകൂടി വിനീതമായ സ്വരത്തിൽ പറഞ്ഞു് അവൾ ഒഴിയുവാൻ ശ്രമിച്ചു. എന്നാൽ മനോരമ അതൊന്നും കൂട്ടാക്കിയതേയില്ല. ഒടുവിൽ അവർ അമ്മായിയെ അറിയിച്ചിട്ടു ലളിതയെ

പിടിച്ചുകൊണ്ടുപൊയ്യുളയുകതന്നെ ചെയ്തു. അങ്ങനെ അന്നും അവൾക്കു ഗിരീന്ദ്രനു് എതിരായി ഇരുന്നു ശീട്ടുകളിക്കേണ്ടിവന്നു. പക്ഷേ, അന്നത്തെ കളി കൊഴുത്തില്ല. പതിവുപോലെ കളിയിൽ മനസ്സിരുത്താൻ ലളിതയ്ക്കു് അന്നു സാധിച്ചില്ല. അവളിൽ അന്നു യാതൊരു പ്രസരിപ്പും കണ്ടില്ല. പതിവായി കളി നിറുത്താറുള്ള സമയത്തിനു മുമ്പുതന്നെ അന്നവൾ കളി മതിയാക്കി എഴുന്നേററു. അവൾ പോകാൻ ഭാവിച്ചപ്പോൾ ഗിരീന്ദ്രൻ വീണ്ടും അവളെ നാടകത്തിനു ക്ഷണിച്ചു:— "ഇന്നലെ രാത്രി നിങ്ങൾ പണം അയച്ചുതന്നതേയുള്ളു; നാടകത്തിനു വന്നില്ല. നാളെ ഞങ്ങൾ വീണ്ടും പോകുന്നുണ്ടു്. വരുമല്ലൊ."

ലളിത:— (നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ടു് മൃദുസ്വരത്തിൽ) "ഇല്ല. എനിക്കു തീരെ സുഖമില്ലായിരുന്നു."

ഗിരീന്ദ്രൻ:— (ചിരിച്ചിട്ടു്) "സുഖക്കേടു് ഇപ്പോൾ മാറിയില്ലേ? നാളത്തെ കാര്യമല്ലേ ഞാൻ പറയുന്നതു്. നാളെ നിശ്ചയമായും വരണം."

ലളിത:— "ഇല്ല, ഇല്ല. നാളെ എനിക്കു സമയമുണ്ടാവില്ല."

ഇത്രയും പറഞ്ഞിട്ടു് അവൾ വേഗത്തിൽ അവിടെ നിന്നും നടന്നുകളഞ്ഞു. ശേഖരനെ ഭയന്നിട്ടു മാത്രമല്ല ഇന്നവൾ കളിയിൽ താൽപര്യം പ്രദർശിപ്പിക്കാതിരുന്നതു്. അവൾക്കുതന്നെ അക്കാര്യത്തിൽ വല്ലതായൊരു ലജ്ജ തോന്നിയിരുന്നു.

ശേഖരൻെറ ഗൃഹത്തിലെന്നപോലെ ആ വീട്ടിലും അവൾ ചെറുപ്പം മുതലേ ഗതാഗതം ചെയ്യുകയും

സ്ത്രീപുരുഷഭേദമെന്യേ എല്ലാവരേയും സ്വന്തംപോലെ കരുതി പെരുമാറുകയും ചെയ്തിരുന്നു. അതുകൊണ്ടു് ചാരുബാലയുടെ അമ്മാവൻെറ മുമ്പിലും ചെല്ലുന്നതിനും അയാളുമായി വർത്തമാനം പറയുന്നതിനും ആദ്യം മുതല്ക്കു അവൾക്കു് യാതൊരു സങ്കോചവും തോന്നിയില്ല. എന്നാൽ ഇന്നു ഗിരീന്ദ്രൻെറ മുമ്പിൽ ഇരുന്നു് ശീട്ടു കളിച്ച സമയം മുഴുവനും എത്രമാത്രം സങ്കോചത്തോടുകൂടിയാണു് അവൾ കഴിച്ചുകൂട്ടിയതെന്നു് അവൾക്കു മാത്രമേ അറിഞ്ഞുകൂടു. ഈ കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ പരിചയത്തിൻെറ ഫലമായി ഗിരീന്ദ്രൻ അവളെ അല്പമൊരു സ്നേഹദൃഷ്ടിയോടെയാണു് വീക്ഷിച്ചിരുന്നതു്. അതവൾ ധരിക്കാതേയും ഇരുന്നില്ല. ഒരു പുരുഷൻെറ സ്നേഹദൃഷ്ടി ഇത്രമാത്രം ലജ്ജാജനകമായ ഒരു വസ്തുവാണെന്നു് അവൾ അതിനു മുമ്പൊരിക്കലും കരുതിയിരുന്നില്ല.

സ്വന്തം വീട്ടിൽച്ചെന്നു് ഒന്നു മുഖം കാണിച്ചതിനുശേഷം അവൾ ഉടനേ നടന്നു ശേഖരൻെറ മുറിയിലെത്തി അവിടത്തെ ജോലിയിലേർപ്പെട്ടു. ചെറുപ്പം മുതൽതന്നെ ആ മുറിയിലെ ചില്ലറ ജോലികളെല്ലാം അവളാണു ചെയ്യുക പതിവു്. പുസ്തകങ്ങളും മററും പെറുക്കിയെടുത്തു വേണ്ട സ്ഥാനത്തു് അടുക്കിവെക്കുക, മേശ വെടുപ്പാക്കിയിടുക, മഷിക്കുപ്പിയും പേനയും തുടച്ചു വൃത്തിയാക്കി യഥാസ്ഥാനം വെക്കുക —മുതലായവയെല്ലാം അവൾ ചെയ്തില്ലെങ്കിൽ മററാരും ചെയ്തിരുന്നില്ല. ആറേഴു ദിവസത്തെ അമാന്തം മൂലം ആവക ജോലിയെല്ലാം കുടിശ്ശികയായി കിട

ന്നിരുന്നു. ശേഖരൻ മടങ്ങിവരുന്നതിനുമുമ്പ് അതെല്ലാം ചെയ്തുതീർക്കണമെന്നു കരുതി അവൾ ഇന്നു് ഉത്സാഹിച്ചു കൂടിയിരിക്കയാണു്.

ലളിത ഭുവനേശ്വരിയെ 'അമ്മ' എന്നാണു് വിളിച്ചുവന്നിരുന്നതു് എന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. സൌകര്യമുള്ളപ്പോഴെല്ലാം അവൾ അവരുടെ കൂടെത്തന്നെ ഇരുന്നു സമയം പോക്കുകയും ചെയ്തിരുന്നു. ആരെയും അവൾ അന്യഭാവനയോടെ വീക്ഷിച്ചിരുന്നില്ല. അതിനാൽ അവളേയും ആ വീട്ടുകാർ "സ്വന്തം" എന്നതുപോലെയാണു കരുതിവന്നിരുന്നതു്. എട്ടു വയസ്സു പ്രായത്തിൽ, അച്ഛനമ്മമാരില്ലാത്ത ഒരനാഥബാലികയായി അമ്മാവന്റെ ഗൃഹത്തിൽ പ്രവേശിച്ചതുമുതൽ ഒരു കനിഷ്ഠസഹോദരിയെപ്പോലെ അവൾ ശേഖരന്റെ പുറകെ കൂടുകയും അവന്റെ അടുക്കൽനിന്നു് എഴുത്തും വായനയും ശീലിച്ചു് ഈ സ്ഥിതിയിൽ ആവുകയും ചെയ്തു.

ലളിതയെ ശേഖരൻ സവിശേഷം സ്നേഹിക്കുന്നുണ്ടെന്നു് എല്ലാവർക്കും അറിയാം. പക്ഷേ, ആ സ്നേഹം ഇപ്പോൾ ഏതു നിലയിൽ ചെന്നെത്തിയിരിക്കുന്നു എന്നുള്ള കാര്യം മാത്രം ആർക്കും അറിഞ്ഞുകൂടാ; ലളിതയ്ക്കും അറിഞ്ഞുകൂടാ. കുട്ടിക്കാലം മുതലേ അവൾ ശേഖരന്റെ സമീപത്തിൽനിന്നു സ്നേഹലാളനകളെ അനുഭവിച്ചുവരുന്നതായി എല്ലാവരും കണ്ടിട്ടുണ്ടു്. അവന്റെ ആ വക ലാളനാപ്രവൃത്തികളൊന്നുംതന്നെ അനുചിതമാണെന്നു് ഇന്നുവരെ ആർക്കും തോന്നീട്ടില്ല. അവളോടുള്ള അവന്റെ പെരുമാററം ആരുടേയും ദൃഷ്ടിയെ ആകർഷിച്ചിട്ടുമില്ല. ഒരിക്കൽ

അവരം ആ കുടുംബത്തിലെ വധുവായി പ്രതിഷ്ഠിക്കപ്പെട്ടേയ്ക്കാമെന്നുള്ള വിചാരവും ആരുടേയും മനസ്സിൽ ഇതുവരെ കടന്നുകൂടീട്ടില്ല. ലളിതയുടെ വീട്ടുകാക്കാകട്ടെ ഭുവനേശ്വരിക്കാകട്ടെ അങ്ങനെയൊരു വിചാരമേ തോന്നിയിട്ടില്ല.

ജോലിയെല്ലാം ചെയ്തുതീൎത്തിട്ടു ശേഖരൻ വരുന്നതിനു മുമ്പുതന്നെ അവിടെനിന്നു പോകണമെന്നായിരുന്നു ലളിതയുടെ വിചാരം. പക്ഷെ മനസ്സുമുഴുവൻ മററു വിഷയങ്ങളിലായിരുന്നതിനാൽ ഘടികാരത്തിന്മേൽ അവളുടെ ദൃഷ്ടി പോയതേയില്ല. മുറിയുടെ വാതിൽക്കൽ പെട്ടെന്നു ചെരിപ്പിൻെറ ശബ്ദം കേട്ടപ്പോളാണു് അവരം തല പൊക്കി നോക്കിയതു്. ഉടനെ ഒരു വശത്തേയ്ക്കു് അവരം ഒഴിഞ്ഞുനിന്നു.

ശേഖരൻ:—(മുറിയിൽ കടന്ന ഉടനെ) "അല്ലാ, ആളിവിടെ എത്തിക്കഴിഞ്ഞോ! അപ്പൊഴേ, ഇന്നലെരാത്രി മടങ്ങിവരാൻ എത്രനേരമായി?"

ലളിത മറുപടിയൊന്നും പറഞ്ഞില്ല.

ശേഖരൻ:—(ഒരു ചാരുകസേര വലിച്ചിട്ടു അതിന്മേൽ ചാരിക്കിടന്നിട്ടു്) "എപ്പോഴാണു് മടങ്ങിയതു്? രണ്ടുമണിക്കോ മൂന്നുമണിക്കോ?—ഒന്നും മിണ്ടാത്തതെന്താണു്?"

ലളിത അപ്പോഴും ഒന്നും പറയാതെ മൌനം അവലംബിച്ചു നിന്നതേയുള്ളു.

ശേഖരൻ:—(നീരസത്തോടുകൂടി) "താഴെ പൊയ്ക്കോളു; അമ്മ വിളിക്കുന്നു."

ഭുവനേശ്വരി കലവറയുടെ മുൻവശത്തിരുന്നു

ലഘുഭക്ഷണത്തിനുള്ള പലഹാരം ഒരുക്കിവെക്കുകയായിരുന്നു. അപ്പോഴാണ്, "അമ്മേ, എന്നെ വിളിച്ചുവോ?" എന്നു ചോദിച്ചുകൊണ്ടു ലളിത അടുത്തു ചെന്നതു്.

"ഇല്ലല്ലൊ, ഞാൻ വിളിച്ചില്ലല്ലൊ" എന്നു പറഞ്ഞുകൊണ്ടു് അവർ തലയുയർത്തി ലളിതയുടെ മുഖത്തേയ്ക്കു നോക്കി. "ഇന്നെന്താണ് ലളിതേ, നിൻെറ മുഖം വല്ലാതെ വാടിയിരിക്കുന്നതു്? നീ ഒന്നും കഴിച്ചില്ലേ, ഇന്നു്?"

ലളിത അതിനുത്തരമായി തല കുലുക്കുക മാത്രമേ ചെയ്തുള്ളു.

ഭുവനേശ്വരി:— "ആട്ടെ, നീ ഒരു കാര്യം ചെയ്യു. ഈ പലഹാരം നിൻെറ ചേട്ടനു കൊണ്ടുപോയി കൊടുത്തിട്ടു വരൂ."

പലഹാരപ്പാത്രവും കൈയിലെടുത്തിട്ടു് ലളിത മുകളിൽ ചെന്നു നോക്കിയപ്പോൾ ശേഖരൻ അപ്പോഴും പൂർവ്വസ്ഥാനത്തുതന്നെ കണ്ണുമടച്ചു കിടക്കുകയാണ്. ആഫീസ്സിൽനിന്നും വന്നിട്ടു് ഉടുപ്പുകൾ അഴിച്ചുവെക്കുകയോ കൈയും മുഖവും കഴുകുകയോ ചെയ്തിട്ടില്ല. അവൾ അടുത്തുചെന്നു നിന്നിട്ടു്, "ഇതാ, പലഹാരം കൊണ്ടുവന്നിട്ടുണ്ടു്" എന്നു പതുക്കെ പറഞ്ഞു.

ശേഖരൻ:—(കണ്ണുതുറന്നു നോക്കാതെതന്നെ) "അവിടെ വല്ലിടത്തും വെച്ചേച്ചു പൊയ്ക്കോളൂ."

ലളിത പാത്രം താഴെ വെക്കാതെ കൈയിൽത്തന്നെ പിടിച്ചുകൊണ്ടു നിന്നു. കണ്ണു തുറന്നു നോക്കിയില്ലെങ്കിലും, ലളിത പോകാതെ അവിടെത്തന്നെ നില്ക്കുകയാണെന്നു ശേഖരനു് അറിയാമായിരുന്നു.

രണ്ടു മൂന്നു മിനിററു കഴിഞ്ഞപ്പോൾ അവൻ വീണ്ടും ഇങ്ങിനെ പറഞ്ഞു:—"എത്രനേരമെന്നുവെച്ച് നീ ഇങ്ങനെ നില്ക്കും, ലളിതേ? എനിക്കു താമസമുണ്ട്. നീ അവിടെ വെച്ചേച്ചു താഴെ പൊയ്ക്കോളു."

ലളിത മിണ്ടാതെ നിന്നു മനസ്സിൽത്തന്നെ കോപം കൊള്ളുകയായിരുന്നു. ശേഖരൻെറ വാക്കുകൾ കേട്ടപ്പോൾ അവൾ പതുക്കെ ഇങ്ങനെ അറിയിച്ചു:—"താമസം ഉണ്ടായിക്കോട്ടെ; എനിക്കും താഴെ വിശേഷിച്ചു ജോലിയൊന്നുമില്ല."

ശേഖരൻ:—(കണ്ണു തുറന്നു ചിരിച്ചിട്ട്) "അല്ലാ! വാ തുറക്കാൻ വശമുണ്ടോ? താഴെ ജോലിയൊന്നുമില്ലെങ്കിൽ അങ്ങേ വീട്ടിൽ ഇല്ലേ? അവിടെയുമില്ലെങ്കിൽ അതിനപ്പുറത്തെ വീട്ടിലെങ്കിലും കാണുമല്ലൊ. നിനക്കു വീട് ഒന്നല്ലല്ലോ, ലളിതേ!"

"ഒന്നല്ല!" എന്നു പറഞ്ഞു കോപത്തോടുകൂടി ലളിത, പലഹാരപ്പാത്രം പെട്ടെന്നു മേശപ്പുറത്തുവെച്ചിട്ട്, മുഖവും വീർപ്പിച്ചുകൊണ്ട്, പുറത്തുകടന്നു പൊയ്ക്കളഞ്ഞു.

"സന്ധ്യയ്ക്കുശേഷം ഒന്നിങ്ങോട്ടു വരണേ, ലളിതേ" എന്നു ശേഖരൻ ഉറക്കെ വിളിച്ചുപറഞ്ഞു.

"കൂടെക്കൂടെ ഈ കോണിപ്പടി കേറാൻ എനിക്കു വയ്യ." എന്നു നടന്നുകൊണ്ടുതന്നെ ലളിത അതിനുത്തരവും പറഞ്ഞു.

താഴെ ചെന്നപ്പോൾ ഭുവനേശ്വരി ലളിതയെ വീണ്ടും പിടികൂടി:—"ചേട്ടനു നീ പലഹാരംകൊ

ണ്ടുപോയി കൊടുത്തു. വെററിലമുറുക്കാൻ കൊണ്ടു പോയികൊടുത്തില്ലല്ലൊ, ലളിതേ."

"എനിക്കു വല്ലാതെ വിശക്കുന്നു, അമ്മേ. ഇനി എനിക്കു വയ്യ. വേറെ ആരെങ്കിലും കൊണ്ടുപോയി കൊടുക്കട്ടെ" എന്നു പറഞ്ഞു് ലളിത പെട്ടെന്നു നിലത്തു് ഇരുന്നു.

കോപകലുഷമായ അവളുടെ മുഖത്തേയ്ക്കു നോക്കിയിട്ടു ഭുവനേശ്വരി മെല്ലെയൊന്നു ചിരിച്ചു. "ആട്ടെ, എന്നാൽ വേണ്ട. നീ ഇരുന്നു വല്ലതും കഴിക്കൂ. ഞാൻ വാല്യക്കാരിയെ പറഞ്ഞയയ്ക്കാം."

ലളിത മറുപടിയൊന്നും പറയാതെ തിന്നുവാനും ഇരുന്നു.

ലളിത നാടകം കാണാൻ പോയിട്ടില്ല. എന്നിട്ടും, ശേഖരൻ അവളെ ശകാരിച്ചില്ലേ! അതോർത്തിട്ടു് അവൾക്കു കലശലായ ദ്വേഷ്യമുണ്ടായി. നാലഞ്ചുദിവസത്തേയ്ക്കു് അവൾ ശേഖരന്റെ മുമ്പിൽ പോയതേയില്ല. എങ്കിലും അവൻ ആഫീസ്സിലേയ്ക്കു പോയിക്കഴിയുമ്പോൾ, ഉച്ചതിരിഞ്ഞു മുകളിൽച്ചെന്നു് അവന്റെ മുറിയിൽ പതിവായി ചെയ്യുന്ന ജോലിയെല്ലാം അവൾ ചെയ്തുതീക്കും. ഇതിന്നിടയിൽ ശേഖരൻ തനിക്കു പററിപ്പോയ തെററിനെപ്പററി ഗ്രഹിക്കുകയും ഒന്നുരണ്ടു ദിവസം ലളിതയ്ക്കു് ആളയയ്ക്കുകയുംചെയ്തു. എന്നിട്ടും അവൾ പോയില്ല.

# നാലാം അദ്ധ്യായം

അതിവൃദ്ധനായ ഒരു ഭിക്ഷക്കാരൻ ഭിക്ഷ യാചിക്കാനായി ആ ദിക്കിൽ ഇടക്കിടയ്ക്കു വരാറുണ്ടു്. ലളിതയ്ക്കു് അവനെ വലിയ കാൎയ്യമാണു്. അവൻ വരുമ്പോഴെല്ലാം ഓരോ ഉറപ്പിക വീതം അവൾ അവനു കൊടുക്കുക പതിവുണ്ടു്. ഉറപ്പിക കൈയിൽ കിട്ടുമ്പോൾ അവൻ അവളുടെമേൽ ചൊരിയാറുള്ള അപൂൎവ്വവും അസംഭവവുമായ അനുഗ്രഹവാക്യങ്ങൾ കേൾക്കുന്നതു് അവൾക്കു വളരെ ഇഷ്ടമായിരുന്നു. ലളിത പൂൎവ്വജന്മത്തിൽ തൻെറ സ്വന്തം അമ്മയായിരുന്നു എന്നും ലളിതയെ കണ്ട ഉടനെതന്നെ ആ വാസ്തവം തനിക്കു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിച്ചു എന്നും മററും അവൻ തട്ടിമൂളിക്കാറുണ്ടു്. അവളുടെ ആ വൃദ്ധനായ പുത്രൻ ഇന്നു രാവിലേതന്നെ പടിക്കൽ വന്നു്, "അമ്മേ, അമ്മേ, മകൻ ഇതാ വന്നിരിക്കുന്നു" എന്നു് ഉറക്കെ വിളി തുടങ്ങി.

മകൻെറ വിളി അമ്മയ്ക്കു് ഇന്നല്പം അസുഖമാണുണ്ടാക്കിയതു്. ശേഖരൻ ഇപ്പോൾ വീട്ടിൽ ഉണ്ടു്. അവളെങ്ങനെയാണു് ഉറപ്പികയെടുക്കാൻ മുകളിലേയ്ക്കു പോകുന്നതു്? അവൾ പരുങ്ങിപ്പരുങ്ങി അമ്മായിയുടെ അടുക്കലേയ്ക്കു ചെന്നു എന്തോ സംഗതിക്കു് വാല്യക്കാരിയുമായി വായ്പുടവെട്ടി വലിയ അസ്വസ്ഥതയോടെ മുഖവും വീൎപ്പിച്ചുകൊണ്ടു് ആ ഗൃഹനായിക അടുക്കളയിൽ കയറി ചോറു വെക്കുവാൻ ഭാവിക്കുകയായിരുന്നു അപ്പോൾ. അതു കണ്ടപ്പോൾ അവരോടു് ഒന്നും ചോദിക്കാതെ ലളിതയ്ക്കു മടങ്ങി

പ്പോരേണ്ടി വന്നു. പുറത്തളത്തിൽ വന്നു ജനലിൽ കൂടെ പുറത്തേയ്ക്കു് എത്തിച്ചു നോക്കിയപ്പോൾ ഭിക്ഷക്കാരൻ മതിലിന്മേൽ വടിയും ചാരിവെച്ചു് പടിക്കൽത്തന്നെ നല്ലവണ്ണം ഉറപ്പിച്ചിരിക്കയാണു്. ലളിത അതിനുമുമ്പു് ഒരിക്കലും അവനെ നിരാശനാക്കീട്ടില്ല. ഇന്നു വെറും കയ്യോടെ അവനെ മടക്കി അയയ്ക്കുവാൻ അവൾക്കു മനസ്സു വന്നില്ല.

"അമ്മേ!" എന്നുള്ള ഭിക്ഷക്കാരൻെറ വിളി പിന്നേയും കേട്ടുതുടങ്ങി. ആന്നാകാളി ഓടിവന്നു്, "ചേച്ചീ, ചേച്ചിയുടെ ആ മകൻ വന്നിട്ടുണ്ടു്." എന്നു ലളിതയ്ക്കു് അറിവുകൊടുത്തു.

ലളിത:—"കാളി, നീ ഒരു കാൎയ്യം ചെയ്യാമോ? എനിക്കു കൈയൊഴിവില്ല. നീ ഓടിച്ചെന്നു് ശേഖരച്ചേട്ടൻെറ അടുക്കൽനിന്നു് ഒരുറുപ്പിക വാങ്ങിക്കൊണ്ടു വാ."

അതു കേട്ട ഉടനേ കാളി ഓടിപ്പോയി. അല്പനേരം കഴിഞ്ഞു് അതുപോലെ തിരികെ ഓടിവന്നു് "ഇതാ, പിടിച്ചോളൂ" എന്നു പറഞ്ഞു ഉറുപ്പിക ലളിതയുടെ കൈയിൽ കൊടുത്തു.

ലളിത:—"ശേഖരച്ചേട്ടൻ എന്തു പറഞ്ഞു?"

കാളി:—"ഒന്നും പറഞ്ഞില്ല. കുപ്പായത്തിൻെറ കീശയിൽനിന്നു് ഉറുപ്പിക എടുത്തോളാൻ പറഞ്ഞു. ഞാൻ എടുത്തോണ്ടു പോരികയുംചെയ്തു."

ലളിത:—"വേറെ ഒന്നും പറഞ്ഞില്ലേ?"

"ഇല്ല. ഒരക്ഷരവും മിണ്ടിയില്ല". എന്നു പറഞ്ഞു കാളി കളിക്കാനായിപ്പോയി.

ലളിത ഭിക്ഷക്കാരനു് ഉറുപ്പിക കൊടുത്തു. എ

ന്നാൽ പതിവുപോലെ അവൻെറ അനുഗ്രഹവർഷം ഏല്ക്കുവാൻവേണ്ടി അവിടെ കാത്തുനിന്നില്ല. അന്ന് അതു കേൾക്കുവാൻ അവൾക്ക തീരെ സുഖം തോന്നിയില്ല.

കുറെ ദിവസങ്ങളായിട്ട് അവരുടെ ശീട്ടുകളിയോഗം പൊടിപൊടിച്ചു നടക്കുകയായിരുന്നു. അന്ന് ഉച്ചതിരിഞ്ഞു് ലളിത കളിക്കാൻ പോയില്ല. തലവേദനയാണെന്നു പറഞ്ഞു വീട്ടിൽത്തന്നെ കിടന്നുകളഞ്ഞു. അന്നവൾക്ക വാസ്തവത്തിൽ മനസ്സിനു വല്ലാത്തൊരസുഖം തോന്നിയിരുന്നു. വൈകന്നേരം കാളിയെ അടുക്കൽ വിളിച്ചിട്ട് അവൾ ഇങ്ങനെ ഒരന്വേഷണം നടത്തി:—"കാളി, നീ ഈയിടെ ശേഖരച്ചേട്ടൻെറ അടുത്തുപോകാറില്ലേ?"

കാളി:—(തല കുലുക്കിക്കൊണ്ടു്) "പിന്നെ! ഞാൻ പോവാറുണ്ടല്ലൊ."

ലളിത:—"എന്നെപ്പററി ശേഖരച്ചേട്ടൻ ഒന്നും ചോദിക്കാറില്ലേ?"

കാളി:—"ഇല്ല—ഉവ്വ്, ഉവ്വ്, മിനിഞ്ഞാന്നു് എന്നോടു ചോദിച്ചു: 'ചേച്ചി ഉച്ചയ്ക്കു ശീട്ടു കളിക്കാറുണ്ടോ' എന്നു്."

ലളിത:—(പരിഭ്രമത്തോടുകൂടി) "നീ എന്തു പറഞ്ഞു എന്നിട്ട്?"

കാളി:—"ഉച്ചയ്ക്കു ചേച്ചി ചാരുചേച്ചിയുടെ വീട്ടിൽ ശീട്ടു കളിക്കാൻ പോകാറില്ലെ. ആ വിവരം ഞാൻ പറഞ്ഞു. ശേഖരച്ചേട്ടൻ ചോദിച്ചു, 'ആരെല്ലാം കളിക്കുന്നു' എന്നു്. ഞാൻ പറഞ്ഞു, 'ചേച്ചി, ചാരുച്ചേച്ചി, അവളുടെ അമ്മാവൻ' ഇവ

രൊക്കെ കളിക്കാറുണ്ടു് എന്നു്. ആട്ടെ; ഞനൊന്നു ചോദിക്കട്ടെ, ചേച്ചി. ചേച്ചിയാണോ നല്ലോണം കളിക്കുന്നതു്? അതോ, ചാരുച്ചേച്ചിയുടെ അമ്മാവനോ? ചാരുച്ചേച്ചിയുടെ അമ്മ പറഞ്ഞു, 'ചേച്ചിയാണു് നന്നായി കളിക്കുന്നതു്' എന്നു്. അങ്ങനെയല്ലേ, ചേച്ചി?"

ആ ചോദ്യത്തിനുള്ള മറുപടിക്കു പകരം കുറെ പരിഭവവാക്കുകളാണു് കാളിക്കു കേഠക്കേണ്ടിവന്നതു്. "നീ എന്തിനാണു് അതൊക്കെ പറയാൻ പോയതു്? വാക്കിനു വാക്കിനു നിനക്കു മറുപടി പറയണം, ഇല്ലേ? നോക്കിക്കോ, നിനക്കിനി ഞാൻ ഒരു വസ്തും തരില്ല." എന്നു പറഞ്ഞു മുഖവും വീപ്പിച്ചുകൊണ്ടു് ലളിത അവിടെ നിന്നു പൊയ്ക്കളഞ്ഞു.

കാളി വല്ലാതെ അമ്പരന്നുപോയി. ചേച്ചിയുടെ ആ ആകസ്മികമായ ഭാവഭേദത്തിനു കാരണമെന്തെന്നു് അവഠക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

മനോരമയുടെ ശീട്ടുകളിയോഗം രണ്ടു ദിവസമായിട്ടു മുടങ്ങിക്കിടക്കുകയാണു്. ലളിത ഇപ്പോഠ പോകാറില്ല. അവളെ കണ്ടതു മുതൽ ഗിരീന്ദ്രന്റെ മനസ്സു് അവളിൽ ചാഞ്ഞിട്ടുണ്ടെന്നു്. ആദ്യം മുതല്ക്കേ മനോരമ സംശയിച്ചിരുന്നു. അവരുടെ ആ സംശയം ഇപ്പോഠ സ്ഥിരപ്പെടുകയും ചെയ്തു. ഗിരീന്ദ്രൻ ഈ രണ്ടു ദിവസവും വളരെ ഉൽകണ്ഠിതനായിട്ടാണു കാണപ്പെട്ടതു്. അവനു് ഒന്നിലും ശ്രദ്ധയില്ല. വൈകുന്നേരം കാററുകൊള്ളാൻ പുറത്തുപോകുന്ന പതിവു് ഇപ്പോഠ ഇല്ല. അപ്പോഴപ്പോഠ വീട്ടിനുള്ളിൽ കടന്നു് അങ്ങേ മുറിയിലും ഇങ്ങേ മുറിയിലുമാ

യി വെറുതേ ചുററിനടക്കം. അന്നു് ഉച്ചയായപ്പോ൦ അവൻ മനോരമയുടെ സമീപത്തിൽ ചെന്നു്, "ഇന്നും കളിയില്ലേ, ജ്യേഷ്ഠത്തി?" എന്നു ചോദിച്ചു.

മനോരമ:— "എങ്ങനെയാണു്, ഗിരീന്ദ്ര, കളി നടക്കുക? അതിനാളെവിടെ? അല്ലെങ്കിൽ, വരൂ, നമുക്കു മൂന്നുപേക്കുംതന്നെ ഇരുന്നു കളിക്കാം."

ഗിരീന്ദ്രൻ:— (നിരുന്മേഷഭാവത്തിൽ) "മൂന്നുപേരിരുന്നു കളിച്ചാൽ എന്തു രസമാണുള്ളതു്? അങ്ങേ വീട്ടിലെ ലളിതയേക്കൂടി വിളിക്കരുതേ, ജ്യേഷ്ഠത്തി?"

മനോരമ:— "അവ൦ വരില്ല."

ഗിരീന്ദ്രൻ:—(മങ്ങിയ മുഖപ്രസാദത്തോടുകൂടി) "എന്തുകൊണ്ടു വരില്ല? വീട്ടുകാർ വിലക്കീട്ടുണ്ടാവും, ഇല്ലേ?"

മനോരമ:— (നിഷേധാർത്ഥത്തിൽ തലയാട്ടിയിട്ടു്) "അല്ല; അവളുടെ അമ്മാവനും അമ്മായിയും അത്തരത്തിലുള്ള ആളുകളൊന്നുമല്ല. അവ൦ക്കു തന്നെ ഇഷ്ടമില്ലാഞ്ഞിട്ടാണു് വരാത്തതു്."

ഗിരീന്ദ്രൻ:— (അല്പം സന്തോഷത്തോടെ) "എന്നാൽ, ജ്യേഷ്ഠത്തിതന്നെ ഇന്നു് ഒന്നു പോയി വിളിച്ചാൽ നിശ്ചയമായും വരും."

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോ൦ ഗിരീന്ദ്രനു തന്നെ മനസ്സിൽ വല്ലാത്തൊരു സങ്കോചം തോന്നി. മനോരമയ്ക്കു ചിരി വന്നുപോയി. "ആട്ടെ, എന്നാൽ ഞാൻ പോയി നോക്കാം." എന്നു പറഞ്ഞു് അവർ എഴുന്നേററു പോകയും ഏതാനും നിമിഷങ്ങ൦ക്കുള്ളിൽ ലളിതയേയും പിടിച്ചുകൊണ്ടു് മട

ങ്ങിവരികയും ചെയ്തു. താമസിയാതെ കളിയും തുടങ്ങി

രണ്ടുദിവസം കളിയില്ലാതിരുന്നതുകൊണ്ടുള്ള കോട്ടം അന്നു തീൎന്നു. അല്പനേരംകൊണ്ടുതന്നെ കളി നല്ലവണ്ണം കൊഴുത്തു. ലളിതയുടെ ഭാഗത്തായിരുന്നു ജയം.

രണ്ടു മണിക്കൂർ നേരം അങ്ങനെ കഴിഞ്ഞു. പെട്ടെന്നു കാളി അവിടെ ഓടിവന്നു്, "ചേച്ചി, ശേഖരച്ചേട്ടൻ വിളിക്കുന്നു, വേഗം, വേഗം!" എന്നു് അറിയിച്ചു.

ലളിതയുടെ മുഖം വിവൎണ്ണമായി. "ശേഖരച്ചേട്ടൻ ഇന്നു് ആഫീസ്സിൽ പോയില്ലേ?" എന്നു് അവൾ കാളിയോടായിട്ടു ചോദിച്ചു.

"എന്തോ, എനിക്കറിഞ്ഞുകൂടാ. പോയിട്ടു തിരികെ വന്നതായിരിക്കാം." എന്നു പറഞ്ഞുംകൊണ്ടു കാളി ഓടിക്കളഞ്ഞു.

ലളിത:— (ശീട്ടു താഴെ വെച്ചു്, മനോരമയുടെ മുഖത്തെയ്ക്കു നോക്കിക്കൊണ്ടു്, കുണ്ഠിതഭാവത്തിൽ) "പോകട്ടെ, ഇളയമ്മേ"

മനോരമ:— (അവളുടെ കൈയിന്മേൽ കടന്നുപിടിച്ചിട്ടു്) "ഇരിക്കൂ, ലളിതേ. രണ്ടു കൈകൂടി കളിച്ചിട്ടു പോകാം."

ലളിത:— (തിടുക്കപ്പെട്ടു് എഴുന്നേററു നിന്നിട്ടു്) "ഇല്ല, ഇളയമ്മേ, ചെല്ലാൻ താമസിച്ചാൽ ചേട്ടൻ ദേഷ്യപ്പെടും."

ഇത്രയും പറഞ്ഞിട്ടു് അവൾ അതിവേഗത്തിൽ അവിടെനിന്നും ഇറങ്ങിപ്പോയി

ഗിരീന്ദ്രൻ:— "ഏതാണു് ജ്യേഷ്ഠത്തി, ഈ ശേഖരച്ചേട്ടൻ?"

മനോരമ:— "അതാ, മുമ്പിൽ കാണുന്നില്ലേ ഒരു വലിയ പടിപ്പുരവീട്ടു്?"

ഗിരീന്ദ്രൻ:— (തല കലുക്കിയിട്ടു്) "ഓഹോ, ആ വീടൊ? നവീനബാബു ഇവരുടെ ബന്ധുവായിരിക്കാം; അല്ലേ?

മനോരമ:—(മകളുടെ മുഖത്തേയ്ക്കു നോക്കി അല്പം ചിരിച്ചുകൊണ്ടു്) "നല്ല ബന്ധുവാണു്! ഇവരുടെ ഈ കാണുന്ന കിടപ്പിടംകൂടി കൈയിലാക്കാനാണു് വയസ്സൻ നോക്കുന്നതു്."

ഗിരീന്ദ്രൻ ആശ്ചര്യത്തോടുകൂടി മിഴിച്ചു നോക്കിക്കൊണ്ടിരുന്നുപോയി. മനോരമ കഥകളൊക്കെ വിവരിച്ചു പറയുവാനും തുടങ്ങി. കഴിഞ്ഞ കൊല്ലം കൈയ്യിൽ പണം ഇല്ലാത്തതിനാൽ ഗുരുചരണബാബുവിന്റെ രണ്ടാമത്തെ മകളുടെ വിവാഹം നടക്കുവാൻ പ്രയാസംനേരിട്ടു എന്നും ഒടുവിൽ അന്യായപലിശയ്ക്കു നവീനറായി പണം കടം കൊടുത്തു വീടും പുരയിടവും പണയമെഴുതിവാങ്ങി എന്നും ആ കടം ഇനി ഒരിക്കലും വീട്ടുകയില്ല എന്നും അങ്ങനെ ക്രമേണ വീടും പുരയിടവും നവീനറായിക്കുതന്നെ ഒതുങ്ങുമെന്നും മററുമുള്ള വസ്തുതകൾ അവർ ഗിരീന്ദ്രനെ ധരിപ്പിച്ചു. എല്ലാം പറഞ്ഞുതീർത്തതിനുശേഷം ഒടുവിൽ അവർ ഇങ്ങനെ ഒരു സ്വാഭിപ്രായത്തെക്കൂടി പ്രകാശിപ്പിക്കുകയുണ്ടായി:— "ഗുരുചരണ ബാബുവിന്റെ ഈ പഴയ കെട്ടിടം പൊളിച്ചുകളഞ്ഞു് ആ സ്ഥാന

ത്തു് ഇളയ മകനായ ശേഖരനു പാക്കാൻ വേണ്ടി പുതിയ രീതിയിൽ ഒരു കെട്ടിടം പണിയണമെന്നാണു് വൃദ്ധൻെറ ഉള്ളിലുള്ള ഉദ്ദേശം. അപ്പോഠം രണ്ടു മക്കഠംക്കും വേറെ വേറെ വീടുകളായില്ലേ? ഉദ്ദേശം തരക്കേടില്ല."

ചരിത്രമെല്ലാം കേട്ടപ്പോഠം ഗിരീന്ദ്രനു് കഷ്ടം തോന്നി. "അപ്പൊഴേ, ജ്യേഷ്ഠത്തി, ഗുരുചരണബാബുവിനു് ഇനിയുമുണ്ടല്ലോ പെൺമക്കഠം. അവരെ എങ്ങനെയാണു് വിവാഹം ചെയ്തുകൊടുക്കുക?"

മനോരമ:—"സ്വന്തം പെൺമക്കളോ ഉണ്ടു്; അതിനപുറമെ ലളിതയും! അവഠംക്കു് അച്ഛനമ്മമാർ ഇല്ല; എല്ലാഭാരവും ഈ ദരിദ്രൻെറ തലയിൽത്തന്നെയാണു്. പ്രായമാണെങ്കിൽ ഒരുവിധമായിപ്പോയി; ഈ കൊല്ലത്തിൽത്തന്നെ വിവാഹം നടത്താതെ നിവൃത്തിയില്ല. അവരുടെ സമുദായത്തിൽ സഹായംചെയ്യാൻ ആരുമില്ല; ജാതിഭ്രഷ്ടു് കല്പിക്കുവാൻ എല്ലാവരും മുമ്പിട്ടുവരികയുംചെയ്യും. അതൊക്കെയോക്കുമ്പോഠം നമുക്കു തന്നെയാണു് സുഖം, അല്ലേ ഗിരീന്ദ്ര?

ഗിരീന്ദ്രൻ യാതൊന്നും സംസാരിച്ചില്ല, അവർ വീണ്ടും തുടൎന്നു:—"അന്നൊരു ദിവസം ലളിതയുടെ കാൎയ്യം പറഞ്ഞുകൊണ്ടിരിക്കുന്നതിന്നിടയിൽ അവളുടെ അമ്മായി കരഞ്ഞുപോയി. എന്താണു് ചെയ്യേണ്ടതെന്നു് അവൎക്കു് ഒരു രൂപവുമില്ല. അവളെപ്പററിയുള്ള വിചാരത്താൽ ഗുരുചരണബാബുവിൻെറ വയററിൽ ശരിയാംവണ്ണം ചോറുകൂടി ചെല്ലാറില്ലത്രെ. ആട്ടെ; ഞാനൊന്നു ചോദിക്കട്ടെ; മുംഗേറിൽ

നിൻെറ സ്നേഹിതന്മാരുടെ കൂട്ടത്തിൽ പെണ്ണിനെ മാത്രം നോക്കി വിവാഹം ചെയ്യുന്നവരായി ആരുമി ല്ലേ, ഗിരീന്ദ്ര? ഒന്നു ഞാൻ പറയാം. ഇതുപോലെയു ള്ള ഒരു പെണ്ണിനെ കിട്ടാൻ വളരെ വിഷമമാണ്."

ഗിരീന്ദ്രൻ:—(വിഷണ്ണഭാവത്തിൽ മെല്ലെ ചിരിച്ചു കൊണ്ടു്) "ഇക്കാൎയ്യത്തിലൊക്കെ സ്നേഹിതന്മാരെ എവിടെ കിട്ടാനാണ്, ജ്യേഷ്ഠത്തി? ഞാൻ വേ ണമെങ്കിൽ പണം കൊടുത്തു സഹായിക്കാം."

ഗിരീന്ദ്രൻെറ അച്ഛൻ ഒരു നല്ല ഡാക്ടരായി രുന്നു. ചികിത്സകൊണ്ടു് അദ്ദേഹം അനവധി പ ണം സമ്പാദിച്ചുമിരുന്നു. അതിൻെറയെല്ലാം ഉടമ സ്ഥൻ ഇപ്പോഠം ഗിരീന്ദ്രനാണു്.

മനോരമ:— "പണം കടം കൊടുക്കാനാണോ നീ വി ചാരിക്കുന്നതു്."

ഗിരീന്ദ്രൻ:— "കടമായിട്ടു് എന്തിനു കൊടുക്കുന്നു, ജ്യേഷ്ഠത്തി? ഇഷ്ടമുണ്ടെങ്കിൽ മടക്കിത്തരട്ടെ; അ ല്ലെങ്കിൽ വേണ്ട."

മനോരമ:— (വിസ്മയത്തോടുകൂടി) "പണം കൊടു ത്തിട്ടു നിനക്കുള്ള ഗുണം? അവർ നമ്മുടെ ബ ന്ധുക്കളല്ല; സമുദായത്തിൽ പെട്ടവരുമല്ല അങ്ങ നെയുള്ളവൎക്കു് ആരാണു പണം കൊടുക്കുക?"

ഗിരീന്ദ്രൻ:— ജ്യേഷ്ഠത്തിയുടെ മുഖത്തുനോക്കി ചിരി ച്ചുംകൊണ്ടു്) "സമുദായത്തിൽ പെട്ടവരല്ലെങ്കിൽ പോട്ടെ, ബങ്കാളികളല്ലേ? അവൎക്കു വലിയ കഷ്ട പ്പാടാണു്; എൻെറ കൈയിലാണെങ്കിൽ ധാരാ ളം സ്വത്തുമുണ്ടു്. ജ്യേഷ്ഠത്തി ഒന്നു പറഞ്ഞുനോ ക്കൂ. അവൎക്കു സ്വീകരിക്കുവാൻ ഇഷ്ടമാണെങ്കിൽ

ഞാൻ കൊടുക്കാൻ തയ്യാറാണ്. ലളിത അവരുടെ ആരുമല്ല; എൻെറയും ആരുമല്ല. അവളുടെ വിവാഹത്തിനു വേണ്ടിവരുന്ന ചെലവെല്ലാം ഞാൻ തന്നെ കൊടുത്തുകൊള്ളാം."

അവൻെറ ആ അഭിപ്രായം മനോരമയ്ക്ക് അത്ര സുഖകരമായി തോന്നിയില്ല. അവൾക്ക് അതുകൊണ്ടു സ്വന്തമായി യാതൊരു നഷ്ടവും വരാനില്ലെങ്കിലും ഇത്രയധികം പണം ഒരാൾ മററാരാൾക്ക് വെറുതേ കൊടുക്കുന്നതു കണ്ടാൽ മിക്ക സ്ത്രീകൾക്കും സാധാരണ ഉണ്ടാകാറുള്ള ഒരു "സുഖമില്ലായ്മ" അവരുടെ മനസ്സിലും കടന്നുകൂടുകതന്നെ. ചെയ്തു.

ചാരുബാല ഇത്രയും നേരം അതൊക്കെ കേട്ടുകൊണ്ട് അടുത്തുതന്നെ മിണ്ടാതെ നില്ക്കുകയായിരുന്നു. ഗിരീന്ദ്രൻെറ ഒടുവിലത്തെ അഭിപ്രായം കേട്ടപ്പോൾ അവൾ സന്തോഷത്താൽ തുള്ളിച്ചാടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു:— "അങ്ങനെതന്നെ വേണം; കൊടുക്കൂ, അമ്മാവാ. ഞാൻ ഇപ്പോൾത്തന്നെ പോയി ഇളയമ്മയോടു പറഞ്ഞേച്ചു വരാം.

മനോരമ: (അവളെപ്പിടിച്ചു പതുക്കെ ഒരു തള്ളുകൊടുത്തിട്ട്) "അടങ്ങിയിരിക്കൂ ചാരൂ. കുട്ടികൾക്ക് ഇതിലൊന്നും പ്രവേശിക്കേണ്ട കാര്യമില്ല. പറഞ്ഞേ കഴിയൂ എങ്കിൽ ഞാൻ തന്നെപോയി പറയാം."

ഗിരീന്ദ്രൻ:— "എന്നാൽ പറയൂ! ജ്യേഷ്ഠത്തി. മിനിഞ്ഞാന്ന് വഴിയിൽവെച്ച് ഗുരുചരണബാബുവുമായി ഒന്നുരണ്ടു വാക്കു സംസാരിക്കുവാൻ ഇടയായി. സംസാരം കേട്ടിടത്തോളംകൊണ്ട് ആൾ

വളരെ ശുദ്ധനാണെന്നാണ് എനിക്ക തോന്നി യതു്. ജ്യേഷ്ഠത്തി എന്തു പറയുന്നു?"

മനോരമ:— "എനിക്കും ആ അഭിപ്രായം തന്നെയാണ്. മററെല്ലാവരും പറയുന്നതും അങ്ങനെ തന്നെയാണ്. രണ്ടുപേരും—ഭാര്യയും ഭർത്താവും— വളരെ നല്ല കൂട്ടത്തിലാണ്. സൂത്രവും തട്ടിപ്പും തീരെയില്ല; ശുദ്ധപാവങ്ങൾ. അതുകൊണ്ടാണ് എനിക്ക് അധികം കഷ്ടം തോന്നുന്നതു്. ഇത്ര നല്ല ആളുകൾക്ക കുടുംബം വിട്ടു് അഗതികളായി ഇറങ്ങിപ്പോകേണ്ടി വരില്ലേ? ഇപ്പോൾത്തന്നെ കണ്ടില്ലേ അതിനു തെളിവു് ശേഖരബാബു വിളിക്കുന്നു എന്നു കേട്ട ഉടനെ ലളിത എത്ര ബദ്ധപ്പെട്ടാണ് എണീററു് ഓടിപ്പോയതു്! വീട്ടുകാർ മുഴുവനും അവൎക്കു് അടിമകളായിത്തീൎന്നതുപോലെ തോന്നും അവരുടെ പെരുമാററം കണ്ടാൽ. നവീനറായിയുടെ കൈയിൽച്ചെന്നു് ഒരിക്കൽ പെട്ടുപോയാൽപ്പിന്നെ അവിടെനിന്നും ഊരിപ്പോരാമെന്നു് ആരും ആശിക്കയേ വേണ്ട അതെല്ലാവൎക്കും അറിവുള്ള കാര്യമാണ്"

ഗിരീന്ദ്രൻ:— "എന്നാൽ ഒന്നുപോയി പറഞ്ഞു നോക്കാമോ, ജ്യേഷ്ഠത്തി?"

മനോരമ:— "ആട്ടെ, ഞാൻ ചോദിച്ചുനോക്കാം. അങ്ങനെ ഒരുപകാരം അവൎക്കു നീ ചെയ്യുകയാണെങ്കിൽ അതു വളരെ നല്ലതു തന്നെ!" (അല്പം ചിരിച്ചുകൊണ്ടു്) എന്നാൽ, നിനക്കു് എന്താണിതിൽ ഇത്രയധികം ഉത്സാഹം, ഗിരീന്ദ്ര?"

"ഉത്സാഹം മററൊന്നുകൊണ്ടും അല്ല, ജ്യേഷ്ഠ

ത്തി. കഷ്ടപ്പാടിൽ അന്യോന്യം സഹായിക്കേണ്ട തു മനുഷ്യൻെറ ധമ്മമല്ലേ?" ഇത്രമാത്രം പറഞ്ഞു ഗിരീന്ദ്രൻ അല്പം ലജ്ജയോടെ അവിടെനിന്നും എഴുന്നേററു നടന്നു. എന്നാൽ മുറിക്കു വെളിയിൽ കടന്ന ഉടനെ വീണ്ടും മടങ്ങിവന്നു പൂവ്വസ്ഥാനത്തു തന്നെ ഇരിപ്പായി.

മനോരമ:— "പിന്നെയും വന്നു് ഇരുന്നുകളഞ്ഞതെന്തേ?"

ഗിരീന്ദ്രൻ:— (ചിരിച്ചുംകൊണ്ടു്) "അവരുടെ കഷ്ടാവസ്ഥയെപ്പററി ജ്യേഷ്ഠത്തി ഇത്രയൊക്കെ പറഞ്ഞല്ലോ. അതു മുഴുവനും വാസ്തവമല്ലെന്നാണു് എനിക്കു തോന്നുന്നതു്.

മനോരമ:— (അത്ഭുതത്തോടുകൂടി) "എന്തുകൊണ്ടു്?"

ഗിരീന്ദ്രൻ:— "ആ ലളിത പണം ചെലവാക്കുന്ന മാതിരി കണ്ടാൽ ഒരു ദരിദ്രകുടുംബത്തിലെ അംഗമാണു് അവരം എന്നു് ആരെങ്കിലും വിശ്വസിക്കുമോ? കണ്ടില്ലേ, അന്നു ഞങ്ങൾ നാടകം കാണാനായി പോയ ദിവസം അവരം ഞങ്ങളുടെ കൂടെ വരികയുണ്ടായില്ല; എങ്കിലും ഉറുപ്പിക പത്തു് അനുജത്തിയുടെ കൈയിൽ കൊടുത്തയച്ചു. ചാരുവിനോടു ചോദിച്ചുനോക്കൂ, എന്തൊരു ധാരാളച്ചെലവാണു് അവരം ചെയ്യുന്നതെന്നു്. മാസത്തിൽ കുറഞ്ഞപക്ഷം ഇരുപതു് ഇരുപത്തഞ്ചു് ഉറുപ്പികയെങ്കിലും അവളുടെ സ്വന്തം ചെലവിനു തന്നെ വേണ്ടിവരും."

മനോരമയ്ക്കു് അതു വിശ്വാസമായില്ല.

ചാരുബാല:— "ശരിയാണമ്മേ, അതു്. അതെല്ലാം

ശേഖരബാബുവിൻെറ പണമാണ്. ഇന്നും ഇന്നലേയും തുടങ്ങിയതല്ല ഇതു്. കുട്ടിക്കാലം മുതല്ലേ അവൾ അവളുടെ ശേഖരച്ചേട്ടൻെറ അലമാരി തുറന്നു പണം എടുക്കാറുണ്ടു്; ആരും ഒന്നും പറയാറില്ല.

മനോരമ:— (മകളുടെ മുഖത്തെയ്ക്കു നോക്കി സംശയഭാവത്തിൽ) "പണം എടുക്കുന്നതു് ശേഖരബാബു അറിഞ്ഞിട്ടുണ്ടോ?"

ചാരു:— (തല കുലുക്കിക്കൊണ്ടു്) "ഓഹോ, അറിയാം. മുമ്പിൽവെച്ചുതന്നെ പൂട്ട തുറന്നു് എടുത്തോണ്ടു വരാറുണ്ടല്ലോ. കഴിഞ്ഞ മാസത്തിൽ ആന്നാകാളിയുടെ പാവയുടെ കല്യാണത്തിനു് ഇത്ര വളരെ പണം ആരാണ് കൊടുത്തതു്? എല്ലാം ലളിതയല്ലേ കൊടുത്തതു്!"

മനോരമ:—(അല്പനേരം ആലോചിച്ചതിനുശേഷം) "ആശ്ചര്യം! പക്ഷേ, ഒരു കാര്യം ശരിയാണ്. തന്തയേപ്പോലെ അത്ര നിഷ്ഠുരന്മാരല്ല മക്കൾ. അമ്മയുടെ പാരമ്പര്യമാണ് മക്കൾക്കു കിട്ടിയിട്ടുള്ളതു്. അതുകൊണ്ടു കുറച്ചൊക്കെ ദയയും ധർമ്മബുദ്ധിയുമുണ്ടു്. അതിനുംപുറമെ ലളിത നല്ലൊരു പെൺകുട്ടിയുമല്ലേ? കുട്ടിക്കാലംമുതലേ കൂടെത്തന്നെയാണ താമസം. "ചേട്ടാ" എന്നാണ വിളിക്കുന്നതും. അതുകൊണ്ടു് എല്ലാവർക്കും അവളുടെ പേരിൽ സ്നേഹവും വാത്സല്യവും ഉണ്ടു്. അപ്പൊഴേ, ചാരു, നീ അവിടെ കൂടെക്കൂടെ പോകാറുണ്ടല്ലൊ. ശേഖരൻെറ വിവാഹം ഈ മാഘമാസത്തിൽത്തന്നെ നടക്കുമെന്നല്ലെ വെ

ച്ചിട്ടുള്ളതു്. വയസ്സനു നല്ല കോളായി. ധാരാളം പണം കിട്ടുമെന്നു കേട്ടു."

ചാരു:—"അതേ, അതേ. ഈ മാഘമാസത്തിൽത്തന്നെ ഉണ്ടാവും. എല്ലാം തീൎച്ചയാക്കിക്കഴിഞ്ഞു"

—o—

## അഞ്ചാം അദ്ധ്യായം

ഗുരുചരണൻ ആൎക്കും പാകമായ ഒരാളാണ്. പ്രായഭേദമെന്യേ സകലൎക്കും അയാളോടു സങ്കോചം കൂടാതെ സംസാരിക്കാം. മൂന്നുനാലു ദിവസത്തെ സംഭാഷണം കൊണ്ടുതന്നെ ഗിരീന്ദ്രനോടു് അയാൾക്കു് അസാധാരണമായ ഒരു മൈത്രി ഉണ്ടായിക്കഴിഞ്ഞു. മനസ്സിനോ ബുദ്ധിക്കോ അശേഷം ദൃഢതയില്ലാതിരുന്നതുകൊണ്ടു് ഏതു വിഷയത്തെക്കുറിച്ചും മടികൂടാതെ തൎക്കിക്കുന്നതിനും തൎക്കത്തിൽ തോററുപോയാൽ ആ പരാജയത്തെ അസന്തോഷലേശംകൂടാതെ സ്വീകരിക്കുന്നതിനും ഗുരുചരണനു് കഴിയുമായിരുന്നു.

സന്ധ്യയ്ക്കുശേഷമുള്ള ചായയ്ക്കു് അയാൾ നിത്യവും ഗിരീന്ദ്രനെക്കൂടി ക്ഷണിക്കുക പതിവായി. ആഫീസ്സിൽനിന്നും മടങ്ങിവരുമ്പോഴേയ്ക്കും പകൽ മിക്കവാറും അവസാനിക്കും. കാലും മുഖവും കഴുകിക്കഴിഞ്ഞാൽ ഉടനെ, "ലളിതേ, ചായ തയ്യാറായോ, മകളേ? കാളി, നീ വേഗം പോയി നിന്റെ ഗിരീന്ദ്രനമ്മാവനെ വിളിച്ചുകൊണ്ടു വാ." എന്നു് അയാൾ തിരക്കുകൂട്ടുകയായി. അതിനുശേഷം ഇരുവരും

ഇരുന്നു ചായ കുടിക്കയും വാദപ്രതിവാദങ്ങൾ നട ത്തുകയും ചെയ്യും.

ചിലപ്പോഴെല്ലാം അമ്മാവൻെറ പുറകെനിന്നു കൊണ്ടു് ലളിതയും അതൊക്കെ കേട്ടുകൊണ്ടിരിക്കും. അന്നൊക്കെ ഗിരീന്ദ്രൻെറ മുഖത്തുനിന്നു സമത സ്ഥാപനത്തിനുള്ള യുക്തികൾ അസാധാരണ പാട വത്തോടെ ബഹുമുഖമായി പ്രവഹിച്ചുകൊണ്ടിരിക്കു ന്നതു കാണാം. ആധുനികസമുദായത്തിലെ ആചാ രവൈകല്യങ്ങളായിരിക്കും മിക്ക ദിവസങ്ങളിലേയും വിവാദവിഷയം. സമുദായത്തിൽ നടക്കുന്ന ഹൃദയ ഹീനമായ പ്രവൃത്തികൾ, നിർദ്ദയമായ മർദ്ദനങ്ങൾ, ഭയങ്കരമായ അനീതികൾ എന്നിങ്ങനെയുള്ള യഥാ ൎത്ഥസംഗതികളെക്കുറിച്ചു ഗിരീന്ദ്രൻ ഉദാഹരണസ ഹിതം കക്ശമായി നിരൂപണം ചെയ്യും.

ഒന്നാമതു്, ഖണ്ഡിക്കുവാൻ വയ്യാത്ത വിധത്തി ലുള്ള പരമാൎത്ഥങ്ങളായിരുന്നു അവയെല്ലാം. അതി നപുറമെ, ഗിരീന്ദ്രൻെറ യുക്തിപൂൎവ്വമായ വാക്കുകൾ ഗുരുചരണൻെറ ക്ലേശപൂൎണ്ണവും സമാധാനശൂന്യവു മായ ഹൃദയത്തിലെ വികാരങ്ങളോടു വളരെ യോജി ച്ചവയുമായിരുന്നു. അതിനാൽ അയാൾ തലയാട്ടി ക്കൊണ്ടു് ഒടുവിൽ ഇങ്ങനെ പറയും:— "ശരിതന്നെ യാണു്, ഗിരീന്ദ്ര. തൻെറ സ്വന്തം പെൺമക്കളെ യഥാകാലം ഒരു കൊള്ളാവുന്ന ദിക്കിൽ വിവാഹം ചെയ്തുകൊടുത്താൽ കൊള്ളാമെന്നു മോഹിക്കാത്ത വൻ ആരാണുള്ളതു്? പക്ഷേ, അവൻെറ മോഹം എങ്ങനെയാണു സാധിക്കുക? "വിവാഹം വേഗം

നടത്തു, പെണ്ണിനു പ്രായമായി." എന്നു സമുദായം തിരക്കു കൂട്ടുകയായി. എന്നാൽ അതിനുള്ള വല്ല സഹായവും ചെയ്തുകൊടുക്കുവാൻ സമുദായം തയ്യാറുണ്ടോ? അതൊട്ടില്ലതാനും! കണ്ടില്ലേ, എൻെറ കായ്യംതന്നെ നോക്കൂ. വീടുപോലും പണയത്തിലായിക്കഴിഞ്ഞു. ഇനിയെന്നാണെന്നറിഞ്ഞില്ല, കുഞ്ഞുകുട്ടികളേയുംകൊണ്ടു കൈയും വീശി ഇവിടെ നിന്നിറങ്ങിപ്പോകേണ്ടിവരിക. അന്നെനിക്കു പെരുവഴി തന്നെയാണ് ആധാരം. "വരൂ, എൻെറ വീട്ടിൽ വന്നു താമസിക്കൂ." എന്നു പറയുവാൻ അന്നു സമുദായം തയ്യാറാവില്ല. എന്തു പറയുന്നു, അങ്ങനെയല്ലേ?"

ഗിരീന്ദ്രൻ ഒന്നും മിണ്ടാതെ ഇരുന്നുകളയും. അപ്പോൾ ഗുരുചരണൻ വീണ്ടും തുടരുകയായി:— "വാസ്തവംതന്നെ! ഇങ്ങനെയുള്ള സമുദായത്തിൽ കഴിഞ്ഞുകൂടുന്നതിനേക്കാൾ, ജാതി പൊയ്പോവുകതന്നെയാണ് നല്ലതു്. തിന്നാലെന്തു്? തിന്നില്ലെങ്കിലെന്തു്? സമാധാനത്തോടുകൂടി ജീവിക്കാമല്ലോ. ഏതൊരു സമുദായം ദരിദ്രൻെറ ദുഃഖത്തെ അറിയുന്നില്ലയോ, ഏതൊരുസമുദായം ആപത്തിൽപ്പെട്ടവന്നു ധൈയ്യം നല്കുന്നില്ലെന്നു മാത്രമല്ല, കണ്ണുരുട്ടിക്കാണിച്ചു് അവൻെറ കഴുത്തിനു ഞെക്കിപ്പിടിക്കുകകൂടിച്ചെയ്യുന്നുവോ ആ സമുദായം എനിക്കുള്ളതല്ല—എന്നെപ്പോലെയുള്ള ദരിദ്രന്മാക്കുള്ളതല്ല. ആ സമുദായം വലിയ ആളുകൾക്കുള്ളതാണ്. വാഴട്ടെ, അവർതന്നെ വാഴട്ടെ. ഞങ്ങൾക്കൊക്കെ അതിൽ കായ്യമൊന്നുമില്ല." ഇത്രയും പറഞ്ഞിട്ടു് അയാൾ പെട്ടെന്നു വിരമിക്കും.

ലളിത ഈ വക തക്കങ്ങളും യുക്തികളുമെല്ലാം മനസ്സിരുത്തി കേൾക്കുക മാത്രമല്ല, രാത്രി പായയിൽ ക്കിടന്നു് ഉറക്കം വരുന്നതുവരെ അവയേപ്പററി ഗാഢമായി പര്യാലോചിക്കുകയും ചെയ്യും. ഓരോ വാക്കും അവളുടെ ഹൃദയത്തിൽ ശിലാരേഖപോലെ നല്ലവണ്ണം പതിഞ്ഞുകൊണ്ടിരുന്നു. "ശരിതന്നെയാണു്; ഗിരീന്ദ്രബാബു പറയുന്നതു വളരെ ന്യായമാണു." എന്നു് അവൾ ഒടുവിൽ തന്നെത്താൻ പറഞ്ഞുപോകും.

അമ്മാവനെ അവൾക്കു് അത്യന്തം സ്നേഹമായിരുന്നു. അമ്മാവൻെറ അഭിപ്രായത്തോടു യോജിച്ചുകൊണ്ടു് ഗിരീന്ദ്രൻ എന്തുതന്നെ പറഞ്ഞാലും അതെല്ലാം പതിരില്ലാത്ത പരമാത്ഥമാണെന്നു അവൾ വിശ്വസിക്കയും ചെയ്തിരുന്നു. അവളുടെ കാര്യത്തിലാണു് അമ്മാവൻ ഏററവും ഉൽകണ്ഠിതനായിത്തീന്നിരിക്കുന്നതു്. വിചാരത്തിൻെറ ശക്തികൊണ്ടു് ഈയിടെയായിട്ടു് അദ്ദേഹം ശരിയായി ഭക്ഷണംപോലും കഴിക്കാറില്ല. അവളെ വീട്ടിൽതാമസിപ്പിച്ചതുകൊണ്ടാണു്, അവളുടെ രക്ഷാഭാരം കൈയേററതുകൊണ്ടാണു്, ദരിദ്രനായ അദ്ദേഹത്തിനു് ഇത്ര വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നിരിക്കുന്നതു്. എന്നാൽ, എന്തിനാണു് അമ്മാവൻ ജാതി ഉപേക്ഷിക്കുന്നതു്? ഇന്നു് അവളെ വിവാഹംചെയ്തു കൊടുത്തിട്ടു നാളെ വിധവയായി അവൾ വീട്ടിൽ മടങ്ങിവരികയാണെങ്കിൽ ജാതിക്കു യാതൊരു ദോഷവുമില്ല! പക്ഷേ, അവളെ സംബന്ധിച്ചിടത്തോളം എന്തൊരു വ്യത്യാസമാണു് അതിൽ ഉള്ളതു്? ഈ വക വിചാരങ്ങൾ ഗിരീന്ദ്രൻെറ വാക്കുകളുടെ പ്രതിധ്വനിരൂപ

ത്തിൽ വികാരവിവശമായ അവളുടെ ഹൃദയത്തിൽ നിന്നു പുറപ്പെട്ടപ്പോറം ഓരോന്നോരോന്നായി അവയെപ്പററി ചിന്തിച്ചുകൊണ്ടുതന്നെ അവറം ഉറങ്ങിപ്പോകും.

അമ്മാവൻെറ ദുഃഖത്തെ അറിഞ്ഞു് സഹതാപത്തോടുകൂടി അമ്മാവൻെറ പക്ഷത്തിൽച്ചേൎന്നു് വല്ലവരും സംസാരിക്കുകയാണെങ്കിൽ അയാളെ ആദരിക്കാതെ, അയാളുടെ അഭിപ്രായത്തോടു അനുകൂലിക്കാതെ, ലളിതയ്ക്കു ഗത്യന്തരമില്ലായിരുന്നു. അവറം ഗിരീന്ദ്രനെ ഹൃദയപൂൎവ്വം ബഹുമാനിക്കുവാൻ തുടങ്ങി. ക്രമേണ ഗുരുചരണനെപ്പോലെ അവളും വൈകുന്നേരത്തെ ചായകുടിക്കുള്ള സമയത്തെ നിത്യവും അക്ഷമയായി പ്രതീക്ഷിപ്പാനും തുടങ്ങി.

ആദ്യമാദ്യം ഗിരീന്ദ്രൻ ലളിതയോടു സംസാരിക്കുമ്പോറം "നിങ്ങറം" എന്ന വാക്കാണു് ഉപയോഗിച്ചിരുന്നതു്. ഗുരുചരണൻ ഒരിക്കൽ അതിനു തടസ്സം പറഞ്ഞു:—"അവളെ "നിങ്ങറം" എന്നു് എന്തിനു വിളിക്കുന്നു, ഗിരീന്ദ്ര? "നീ" എന്നുതന്നെ വിളിച്ചാൽമതി" എന്നു് അയാറം നിർബന്ധിച്ചു. അന്നുമുതൽ "നീ" എന്നാണു് ഗിരീന്ദ്രൻ അവളെ വിളിക്കുന്നതു്.

ഒരു ദിവസം ഗിരീന്ദ്രൻ ലളിതയോടു് ഇങ്ങനെ ചോദിച്ചു:—"നീ ചായകുടിക്കാറില്ലെ, ലളിതേ?"

"ഇല്ല" എന്ന അൎത്ഥത്തിൽ തലയാട്ടിയിട്ടു അവറം അധോവദനയായി നിന്നു.

ഗുരുചരണൻ:—"അവളുടെ ശേഖരച്ചേട്ടൻ അവളെ വിലക്കീട്ടുണ്ടു്. പെണ്ണുങ്ങറം ചായകുടിക്കുന്നതു് അവനു് ഇഷ്ടമല്ല.

കാരണം കേട്ടാൽ ഗിരീന്ദ്രന് അത്ര സുഖമാവു കയില്ലെന്നു ലളിതയ്ക്കറിയാമായിരുന്നു.

അന്നൊരു ശനിയാഴ്ചയായിരുന്നു. മററു ദിവസങ്ങളെ അപേക്ഷിച്ച് വളരെ താമസിച്ചേ അന്നു സഭ പിരിയാറുള്ളൂ. ചായകുടി കഴിഞ്ഞു എങ്കിലും ഗുരുചരണൻ അന്നു പതിവുപോലെ ഉത്സാഹത്തോടുകൂടി സംഭാഷണത്തിൽ പങ്കുകൊള്ളുകയുണ്ടായില്ല. ഇടയ്ക്കിടെ അന്യമനസ്കനേപ്പോലെ ഒരു തരം അശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു.

ഗിരീന്ദ്രൻ അതെളുപ്പത്തിൽ കണ്ടുപിടിച്ചു:— "ഇന്നെന്താണ്, അവിടുത്തേയ്ക്കു നല്ല ദേഹസുഖമില്ലാത്തതുപോലെ തോന്നുന്നല്ലോ."

ഗുരുചരണൻ:— (പുകക്കുഴൽ വായിൽനിന്നു എടുത്തു മാററിയിട്ട്) "ഏയ്, ഒന്നുമില്ല. എന്റെ ദേഹത്തിനു യാതൊരു സുഖക്കേടുമില്ലല്ലൊ."

ഗിരീന്ദ്രൻ:— (അല്പം സങ്കോചത്തോടുകൂടി) "എന്നാൽ ആഫീസ്സിൽ വല്ലതും—"

"ഇല്ല. അങ്ങനേയും ഒന്നുമില്ല." എന്നു പറഞ്ഞിട്ടു ഗുരുചരണൻ വിസ്മയത്തോടുകൂടി ഗിരീന്ദ്രന്റെ മുഖത്തേയ്ക്കു നോക്കി. ഉള്ളിലെ ഉദ്വേഗം പുറമേ പ്രകാശിക്കുന്നുണ്ടെന്നുള്ള കഥ ആ ശുദ്ധഗതിക്കാരന് അറിയുവാൻ സാധിച്ചതേയില്ല.

ഈവക അവസരങ്ങളിൽ ആദ്യകാലത്തു തീരെ മൌനം അവലംബിച്ചിരുന്ന ലളിത ഈയിടയായിട്ട് ഒന്നുരണ്ടു വാക്കുകൾ ഇടയ്ക്കുകേറി സംസാരിക്കാറുണ്ട്. "ഉവ്വ്, അമ്മാവ, ഇന്നു അമ്മാവന് എന്തോ മനസ്സുഖമില്ലായ്കയുണ്ട്." എന്ന് അവളും

ഗിരീന്ദ്രൻെറ അഭിപ്രായത്തോടു യോജിച്ചു.

ഗുരുചരണൻ:— (ചിരിച്ചുകൊണ്ടു്) "ഓ, അതാണല്ലേ. മകൾ ശരിക്കു കണ്ടുപിടിച്ചുകളഞ്ഞു. ഇന്നു വാസ്തവത്തിൽ എൻെറ മനസ്സിനു നല്ല സുഖമില്ലാതിരിക്കയാണു്."

ലളിതയും ഗിരീന്ദ്രനും ഗുരുചരണൻെറ മുഖത്തേയ്ക്കുതന്നെ നോക്കിയിരിപ്പായി.

ഗുരുചരണൻ തുടന്നു:— "നവീനജ്യേഷ്ഠൻ, എല്ലാം അറിഞ്ഞിരുന്നിട്ടും, ഇന്നു വഴിയിൽനിന്നുകൊണ്ടു തന്നെ കുറച്ചൊക്കെ കടന്നുസംസാരിച്ചു. അദ്ദേഹത്തെയും കുററപ്പെടുത്താനില്ല. ആറുമാസമായിട്ടല്ലേ, ഒററക്കാശുപോലും പലിശ കൊടുത്തിട്ടില്ല. മുതലിൻെറ കാൎയ്യം പിന്നെപ്പറയാനുമില്ലല്ലോ."

കാൎയ്യം അറിഞ്ഞതോടുകൂടി അതവിടെത്തന്നെ അമൎത്തിക്കളയുവാൻ ലളിതയ്ക്കു ധൃതിയായി. ശുദ്ധഗതിക്കാരനായ അമ്മാവൻ ലജ്ജാവഹമായ കുടുംബകാൎയ്യങ്ങളെല്ലാം അന്യൻെറ മുമ്പിൽ വിളമ്പിക്കളഞ്ഞാലോ എന്നുള്ള ഭയത്താൽ അവൾ ബദ്ധപ്പെട്ടു് വിഷയം മാററുവാൻ ശ്രമിച്ചു:— "ഒട്ടും വിചാരപ്പെടണ്ട, അമ്മാവാ. അതൊക്കെ നമുക്കു പിന്നീടാവാം."

ലളിത തെളിച്ച വഴിയേ അല്ല ഗുരുചരണൻ പോയതു്:— "പിന്നീടെന്തോന്നാവാനാണു്, മകളേ? നോക്കൂ, ഗിരീന്ദ്രാ, എൻെറ ഈ മകൾ കരുതുന്നതു്, അവളുടെ വൃദ്ധനായ അമ്മാവനു യാതൊരു തരത്തിലുമുള്ള മനഃക്ലേശവും ഉണ്ടാവരുതെന്നാണു്. പക്ഷേ, മററുള്ളവൎക്കുണ്ടോ ആ വിചാരം? നിൻെറ ദരിദ്ര

നായ അമ്മാവൻെറ കഷ്ടപ്പാട്ട കാണ്മാൻ അവരാരും കണ്ണുതുറക്കുകയില്ല, ലളിതേ."

ഗിരീന്ദ്രൻ:— "നവീനബാബു ഇന്നെന്തൊക്കെയാണ് പറഞ്ഞതു്?"

ഗിരീന്ദ്രനു് കാൎയ്യമെല്ലാം അറിയാമെന്നു ലളിത ധരിച്ചിരുന്നില്ല. അതിനാൽ അയാളുടെ ആ ചോദ്യം അനുചിതമായ ഒരു കൌതുകപ്രകടനമാണെന്നു വിചാരിച്ചു് അവൾക്കു് ഉള്ളിൽ അസാമാന്യമായ നീരസം തോന്നി.

ഗുരുചരണൻ എല്ലാം തുറന്നുപറഞ്ഞു:— "നവീനറായിയുടെ ഭാൎയ്യ വളരെനാളായി അജീൎണ്ണരോഗം കൊണ്ടു കഷ്ടപ്പെടുകയാണു്. ഇപ്പോൾ രോഗം കുറെ മൂൎച്ഛിച്ചിരിക്കുന്നതിനാൽ ദിക്കൊന്നു മാറിത്താമസിച്ചാൽ കൊള്ളാമെന്നു വൈദ്യന്മാർ വിധിച്ചിരിക്കുന്നു. അതിനായി പണത്തിൻെറ ആവശ്യമുണ്ടു്. അതിനാൽ പലിശ മുഴുവനും മുതലിൽ ഏതാനും ഭാഗവും തല്ക്കാലം അദ്ദേഹത്തിനു കിട്ടാതെ നിവൃത്തിയില്ലത്രെ."

ഗിരീന്ദ്രൻ:— (കുറേനേരം മിണ്ടാതെ ഇരുന്നതിനു ശേഷം മൃദുസ്വരത്തിൽ) "ഒരു കാൎയ്യം അവിടുത്തോടു പറയണം പറയണം എന്നു വളരെ നാളായി ഞാൻ വിചാരിക്കുന്നുണ്ടു്. പക്ഷേ, ഇതുവരെ പറയുവാൻ തരപ്പെട്ടിട്ടില്ല. മനസ്സിൽ മറെറാന്നു കരുതുകയില്ലെങ്കിൽ ഇപ്പോൾ അതു പറയാമെന്നുണ്ടു്."

ഗുരുചരണൻ:—(ചിരിച്ചിട്ടു്) "എന്നോടു ഏതുകാൎയ്യം പറയുന്നതിനും ആരും ഒരിക്കലും സങ്കോച

പ്പെടാറില്ലല്ലോ, ഗിരീന്ദ്രാ. പറയു, എന്തു കാൎയ്യമാണു്."

ഗിരീന്ദ്രൻ:—"നവീനബാബുവിൻെറ പലിശ കുറെ കടന്നതാണെന്നു് ജ്യേഷ്ഠത്തി ഇന്നാളൊരു ദിവസം എന്നോടു പറയുകയുണ്ടായി. എൻെറ കൈയിലാണെങ്കിൽ ധാരാളം പണമുണ്ടു്. അതെല്ലാം ഒന്നിനും ഉപകരിക്കാതെ വെറുതെ കിടക്കുകയാണു്. അദ്ദേഹത്തിനു് ഇപ്പോഠം പണം ആവശ്യമുള്ള സമയവുമാണല്ലോ. ഈ സ്ഥിതിയിൽ ആ കടം മുഴുവനും തന്നെ വീട്ടിക്കളഞ്ഞാൽ എന്താണു് എന്നൊരാഠലോചന എനിക്കുണ്ടു്."

ലളിതയും ഗുരുചരണനും അത്ഭുതപരതന്ത്രരായി ഗിരീന്ദ്രനെത്തന്നെ നോക്കിയിരുന്നുപോയി. വളരെ സങ്കോചത്തോടുകൂടി ഗിരീന്ദ്രൻപിന്നെയും തുടൎന്നു:— "എനിക്കിപ്പോഠം പണത്തിനു് വിശേഷിച്ചാവശ്യമൊന്നുമില്ല. അവിടത്തേയ്ക്കു് എപ്പോഴാണോ സൌകൎയ്യമുണ്ടാവുന്നതു് അപ്പോഠം മടക്കിത്തന്നാൽ മതിയാകും. അവൎക്കിപ്പോഠം ആവശ്യവുമാണല്ലോ. അതുകൊണ്ടാണു് ഞാൻ പറയുന്നതു്—"

ഗുരുചരണൻ:—മുഴുവൻ പണവും തരാമെന്നാണോ പറയുന്നതു്?"

ഗിരീന്ദ്രൻ:—(മുഖം താഴ്ത്തിക്കൊണ്ടു്) "അതിനു വിരോധമില്ല. അവൎക്കതൊരു ഉപകാരമാവുമല്ലോ."

അതിനു മറുപടിയായി ഗുരുചരണൻ എന്തോ പറയുവാൻ ഭാവിക്കുകയായിരുന്നു. അപ്പൊഴേയ്ക്കും ആന്നാകാളി ആ സ്ഥലത്തു് ഓടിവന്നു. "ചേച്ചി,

ചേച്ചി, വേഗമാകട്ടെ. ശേഖരച്ചേട്ടൻ പറഞ്ഞു, ഉടുപ്പുമാറിച്ചെല്ലാൻ. നാടകം കാണാൻ പോകണം." ഇത്രയും പറഞ്ഞുതീർത്തിട്ട് അവൾ വന്നതുപോലെ ഓടിപ്പോകയുംചെയ്തു. അവളുടെ ആ ബദ്ധപ്പാടും ഭാവവും കണ്ടിട്ട് ഗുരുചരണൻ ചിരിച്ചുപോയി. ലളിതയ്ക്കു യാതൊരിളക്കവുമുണ്ടായില്ല. അല്പനേരം കഴിഞ്ഞപ്പോൾ അന്നാകാളി വീണ്ടും അവിടെ ഓടി വന്നു—"അല്ലാ, ഇനിയും എണീററില്ലേ, ചേച്ചി? ഞങ്ങളൊക്കെ എത്ര നേരമായി കാത്തുനില്ക്കുന്നു അവിടെ."

എന്നിട്ടും ലളിത എഴുന്നേല്ക്കുവാനുള്ള ഭാവമൊന്നും കണ്ടില്ല. അവസാനംവരെ കേട്ടുപോകണമെന്നായിരുന്നു അവളുടെ ആഗ്രഹം. എന്നാൽ അക്ഷമയായി കാത്തുനില്ക്കുന്ന അന്നാകാളിയുടെ മുഖത്തുള്ള ആ പരവശഭാവം കണ്ടപ്പോൾ ഗുരുചരണനു് ഏകകാലത്തിൽത്തന്നെ ചിരിയും അനുകമ്പയും ഉണ്ടാവുകയാൽ അയാൾ ലളിതയുടെ തലയിൽ തടവിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു:— "എന്നാ പോവൂ, മകളേ, ഇനി താമസിക്കണ്ട. എല്ലാവരും നിനക്കുവേണ്ടി കാത്തുനില്ക്കുകയാണല്ലൊ."

ഗത്യന്തരമില്ലായ്കയാൽ ലളിതയ്ക്കു് എഴുന്നേല്ക്കേണ്ടിവന്നു. എന്നാൽ തൻെറ കൃതജ്ഞതാപൂർണ്ണമായ ദൃഷ്ടിയെ ഗിരീന്ദ്രൻെറ മുഖത്തു സാദരം നിക്ഷേപിച്ചതിനുശേഷമാണു് അവൾ പതുക്കെപ്പതുക്കെ അവിടെനിന്നും പോയതു്. ഗിരീന്ദ്രൻ അതു കാണുകയും ചെയ്തു.

എട്ടുപത്തു മിനിററു കഴിഞ്ഞപ്പോൾ ലളിത ഉടുത്തൊരുങ്ങി വെററിലമുറുക്കാൻ കൊടുക്കുന്നതിനാണെന്നുള്ള ഭാവത്തിൽ വീണ്ടും ഒരിക്കൽകൂടി ആ മുറിയിൽ നിശ്ശബ്ദമായി പ്രവേശിച്ചു. അപ്പോൾ ഗിരീന്ദ്രൻ പൊയ്ക്കഴിഞ്ഞിരുന്നു. ഏകാകിയായ ഗുരുചരണൻ തടിച്ച തലയണയും തലയ്ക്കു വെച്ചുകൊണ്ടു കണ്ണുമടച്ചു കിടക്കുകയാണു്. അയാളുടെ നേത്രങ്ങളുടെ ഇരുഭാഗത്തുകൂടിയും വെള്ളം ഒഴുകുന്നുണ്ടു്. ആനന്ദാശ്രുവാണു് അതെന്നു ലളിതയ്ക്കു മനസ്സിലായി. അമ്മാവന്റെ ആ ആനന്ദമയമായ ധ്യാനത്തിനു ഭംഗംവരുത്താൻ ഒരുമ്പെടാതെ അവൾ പ്രവേശിച്ചതുപോലെതന്നെ നിശ്ശബ്ദമായി പുറത്തു കടന്നു പോകയും ചെയ്തു.

അധികം താമസിയാതെ അവൾ ശേഖരന്റെ മുറിയിലെത്തി. അപ്പോൾ അവളുടെ നേത്രങ്ങളും അശ്രുപൂർണ്ണങ്ങളായിരുന്നു. കാളി അന്നേരം അവിടെ ഉണ്ടായിരുന്നില്ല. അവൾ എല്ലാവർക്കും മുമ്പായി വണ്ടിയിൽ കയറി സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. ശേഖരൻ തനിച്ചു്, ലളിതയുടെ വരവും പ്രതീക്ഷിച്ചുകൊണ്ടായിരിക്കാം, മുറിയുടെ മദ്ധ്യഭാഗത്തായി നില്ക്കുന്നുണ്ടായിരുന്നു. ലളിതയുടെ മുഖത്തേയ്ക്കു നോക്കിയഉടനെ അവളുടെ ബാഷ്പാർദ്രങ്ങളായ നേത്രങ്ങൾ അവന്റെ ദൃഷ്ടിയിൽപ്പെടുകയുണ്ടായി.

എട്ടുപത്തു ദിവസമായി ലളിതയെ കാണാൻ സാധിക്കായ്കയാൽ ശേഖരനു് അവളുടെ നേരെ കുറച്ചൊരു പരിഭവം തോന്നിയിരുന്നു. പക്ഷേ, അവളുടെ കണ്ണിൽ വെള്ളം കണ്ടപ്പോൾ അക്കഥയെല്ലാം

അവൻ മറന്നു. "ഇതെന്താണു്, ലളിതേ, നീ കരയുന്നോ?" എന്നു് അവൻ ഉൽകണ്ഠയോടുകൂടി ചോദിച്ചു.

ലളിത നിഷേധാൎത്ഥത്തിൽ തലയാട്ടിയിട്ടു മുഖവും താഴ്ത്തി നില്ക്കുകയാണു് ചെയ്തതു്. ഈ കഴിഞ്ഞ ഏതാനും ദിവസങ്ങളായിട്ടു ലളിതയെ തീരെ കാണ്മാൻ കഴിയാതിരുന്നതുമൂലം ശേഖരൻെറ മനസ്സിനു വല്ലാത്തൊരു മാററം സംഭവിച്ചുകൊണ്ടിരുന്നു. അതിനാൽ അവൻ പെട്ടെന്നു് അടുക്കൽ ച്ചെന്നു് ഇരുകൈകൊണ്ടും അവളുടെ മുഖം പിടിച്ചു് ഉയൎത്തിയിട്ടു്, അല്ലാ, യഥാൎത്ഥത്തിൽ കരയുകതന്നെയാണല്ലൊ. എന്തുപററി, നിനക്കു്?" എന്നു സസ്നേഹം അതിൻെറ കാരണം അന്വേഷിച്ചു.

ലളിതയ്ക്കു് ഇത്തവണ ആത്മനിയന്ത്രണം ചെയ്വാൻ സാധിക്കാതെ വന്നു. അവൾ അവിടെത്തന്നെ ഇരുന്നു് വസ്ത്രാഞ്ചലത്താൽ മുഖംമറച്ചു പൊട്ടിക്കരഞ്ഞുപോയി.

---

## ആറാം അദ്ധ്യായം

നവീനറായി മുതലും പലിശയുമെല്ലാം, ഒട്ടും വിടാതെ, കണക്കാക്കി വാങ്ങി പണയാധാരം മടക്കിക്കൊടുത്തതിനുശേഷം ഇപ്രകാരം ചോദിച്ചു:— "ഒന്നു ചോദിക്കട്ടെ; ആരാണു് നിങ്ങൾക്കു് ഈ പണം തന്നതു്?"

ഗുരുചരണൻ:— (വിനയത്തോടുകൂടി) "അതുമാത്രം

ചോദിക്കരുതു്, ചേട്ടാ; പറയരുതെന്നു വിലക്കി യിട്ടുണ്ടു്."

പണം മടക്കിക്കിട്ടിയതുകൊണ്ടു് നവീനറായിക്കു് അശേഷം സന്തോഷം ഉണ്ടായിരുന്നില്ല അക്കാര്യം അദ്ദേഹം പ്രതീക്ഷിച്ചതോ ആഗ്രഹിച്ചതോ അല്ല. വീടു പൊളിച്ചുകളഞ്ഞിട്ടു് അതിനു പകരം പുതിയ രീതിയിൽ അവിടെ പണിയേണ്ടതായ കെട്ടിടത്തിന്റെ പ്ലാൻകൂടി അദ്ദേഹം മനസ്സുകൊണ്ടു കുറിച്ചുവെച്ചിരുന്നു.

നവീനറായി:—(പരിഹാസസ്വരത്തിൽ) "അതുപിന്നെ ഇപ്പോഴും ഉണ്ടാവില്ലേ! അനിയാ, നിങ്ങളുടെ കുറ്റമല്ല ഇതു്; കുറ്റം എന്റേതുതന്നെ. പണം മടക്കിച്ചോദിച്ചതു് എന്റെ കുറ്റമായി. കലികാലമല്ലേ! ഇങ്ങനെയൊക്കെത്തന്നെയേ വരാൻ വഴിയുള്ളൂ."

ഗുരുചരണൻ:—(അത്യന്തം മനോവേദനയോടെ) "അതെന്താണു് ചേട്ടാ, അങ്ങനെ പറയുന്നതു്? പണത്തിന്റെ കടം മാത്രമേ ഞാൻ വീട്ടീട്ടുള്ളൂ. അവിടുത്തെ ദയയുടെ കടം വീട്ടുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. അതു വീട്ടാവുന്നതുമല്ല."

നവീനറായി ചിരിച്ചു. അദ്ദേഹം എന്തൊരു പോന്ന പുള്ളി! ഈവക ചക്കരവാക്കിൽ മയങ്ങിപ്പോകുന്ന ആളാണെങ്കിൽ ശർക്കര വിററു് ഇത്രയധികം പണം സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നോ?

നവീനറായി:—"ആ വിചാരം നിങ്ങൾക്കു് ഉണ്ടായിരുന്നെങ്കിൽ ഇത്തരത്തിൽ ഈ കടം വീട്ടുമായിരു

ന്നില്ലല്ലൊ, അനിയാ; ഒരിക്കലേ നിങ്ങളോടു ഞാൻ പണം ആവശ്യപ്പെട്ടിട്ടുള്ളു. അതും നിങ്ങളുടെ ജ്യേഷ്ഠത്തിയുടെ രോഗചികിത്സയ്ക്കായിട്ടാണ്. എനിക്കുവേണ്ടി ഒന്നും ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ആട്ടെ, എന്തു പലിശയ്ക്കാണ് ഇത്തവണ പണയപ്പെടുത്തിയിരിക്കുന്നതു്?"

ഗുരുചരണൻ:—(തലയാട്ടിക്കൊണ്ടു്) "പണയപ്പെടുത്തീട്ടില്ല. പലിശയുടെ കാൎയ്യവും ഒന്നും സംസാരിച്ചിട്ടില്ല."

നവീനറായിക്ക് അതു വിശ്വാസമായില്ല. "എന്തു്! വെറും കൈവായ്പയായിട്ടോ?"

ഗുരുചരണൻ:—"അതേ, ചേട്ടാ; മിക്കവാറും അങ്ങനെതന്നെയാണെന്നു പറയാം. വളരെ നല്ലൊരു ചെക്കനാണ്; നല്ല ദയയുള്ള കൂട്ടത്തിലാണ്."

നവീനറായി:—"ചെക്കനോ? ഏതു ചെക്കനാണ്?"

ആ ചോദ്യത്തിനു ഗുരുചരണൻ ഉത്തരമൊന്നും പറഞ്ഞില്ല; മൌനം ദീക്ഷിച്ചിരുന്നതേയുള്ളു. അത്രത്തോളംതന്നെ പറയേണ്ടിയില്ലായിരുന്നു എന്നു് അയാൾക്ക് അപ്പോൾ തോന്നി. അയാളുടെ മനോഗതി നവീനറായിക്ക് ഊഹിക്കുവാൻ കഴിഞ്ഞു. പതുക്കേ ചിരിച്ചുംകൊണ്ടു് അദ്ദേഹം പറഞ്ഞു:—പറയരുതെന്നു വിലക്കീട്ടുള്ള സ്ഥിതിക്ക് ഞാൻ ഒന്നും ചോദിക്കുന്നില്ല. പക്ഷേ, ലോകത്തിലെ പലപല വേഷങ്ങളും ഞാൻ കണ്ടിട്ടുള്ളതുകൊണ്ടു് ഒരു കാൎയ്യം മുൻകൂട്ടി നിങ്ങളെ ധരിപ്പിച്ചേയ്ക്കാം. ആൾ ആരു തന്നെയായാലും, ഇത്രയധികം ഉപകാരം ചെയ്യാൻ പുറപ്പെട്ടിട്ടു്, ഒടുവിൽ നിങ്ങളെ കുഴിയിൽതള്ളിയിടാതെ സൂക്ഷി-

ക്കണം, കേട്ടോ, അനിയാ.”

അതിന്ന മറുപടിയൊന്നും പറയാതെ ഗുരുചരണൻ തൊഴുതു്, ആധാരവും കൈയിലെടുത്തു് വീട്ടിലേയ്ക്കു മടങ്ങിപ്പോന്നു.

മിക്കവാറും എല്ലാക്കൊല്ലവും ഈ കാലത്തു് ഭുവനേശ്വരി കുറെ ദിവസത്തേയ്ക്കു പടിഞ്ഞാറൻ ദിക്കിലൊക്കെ ചുററിനടന്നു വരാറുണ്ടു്. അവരുടെ അജീൎണ്ണരോഗത്തിന്നു് അതുകൊണ്ടു കുറച്ചൊക്കെ ആശ്വാസം കിട്ടിക്കൊണ്ടിരുന്നു. രോഗം വലിയ കടുത്ത നിലയിലുള്ളതൊന്നുമായിരുന്നില്ല; സ്വന്തം കാൎയ്യം കാണാൻ വേണ്ടിയായിരുന്നു നവീനറായി ഗുരുചരണൻെറ അടുക്കൽ അന്നു് അത്രയൊക്കെ വലുതാക്കിപ്പറഞ്ഞതു്. ഏതായാലും അക്കൊല്ലവും പടിഞ്ഞാറൻ യാത്ര വേണമെന്നുതന്നെയാണ് തീരുമാനിക്കപ്പെട്ടതു്. അതിന്നുള്ള ഒരുക്കങ്ങളും കൂട്ടിത്തുടങ്ങി.

പിറേറദിവസം രാവിലെ ശേഖരൻ ഒരു തുകൽപ്പെട്ടിയിൽ തനിക്കാവശ്യമുള്ള സാധനങ്ങളെല്ലാം ഒതുക്കിവെക്കുകയായിരുന്നു. ആ അവസരത്തിൽ, “നിങ്ങളൊക്കെ നാളെപ്പോകും, ഇല്ലേ ശേഖരച്ചേട്ടാ.” എന്നു ചോദിച്ചുകൊണ്ടു് ആനന്ദകാളി ആ മുറിയിൽ പ്രവേശിച്ചു.

ശേഖരൻ:—(തലയുയൎത്തി കാളിയുടെ മുഖത്തേയ്ക്കു നോക്കീട്ടു്) “കാളി, നിൻെറ ചേച്ചിയെ ഒന്നിങ്ങോട്ടു പറഞ്ഞയയ്ക്കാമോ? കൂടെക്കൊണ്ടുപോകേണ്ട സാമാനങ്ങൾ വല്ലതുമുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ഇങ്ങോട്ടു കൊണ്ടുവരാൻ പറഞ്ഞേയ്ക്കു.”

ഭുവനേശ്വരിയുടെകൂടെ പതിവായി ലളിതയും പോകാറുണ്ടു്. അതനുസരിച്ചു് ഇക്കൊല്ലവും അവരം പോരുമെന്നായിരുന്നു ശേഖരൻെറ ധാരണ.

കാളി:—(തലയാട്ടിക്കൊണ്ടു്) "ഇത്തവണ ചേച്ചി കൂടെപ്പോരില്ല, ശേഖരച്ചേട്ടാ."

ശേഖരൻ:—"എന്തുകൊണ്ടു പോരില്ല."

കാളി:—"അയ്യോ, എങ്ങനെ പോരും? മാഘമാസത്തിലോ ഫാല്ഗുനമാസത്തിലോ ചേച്ചിയുടെ വിവാഹം നടക്കുല്ലേ? അച്ഛൻ ആളെ അന്വേഷിച്ചു നടക്കുകയാണു്."

ശേഖരൻ നിർന്നിമേഷനേത്രനായി, തൂണുപോലെ നിശ്ചലനായി, മിഴിച്ചു നോക്കിക്കൊണ്ടിരുന്നുപോയി. കാളിയാകട്ടെ, വീട്ടിൽവെച്ചു കേൾക്കുവാൻ ഇടയായിട്ടുള്ള വിവരങ്ങളെല്ലാം ഉത്സാഹത്തോടുകൂടി 'ചറപറാ' എന്നു പറയാനും തുടങ്ങി:—"ഗിരീന്ദ്രബാബു പറഞ്ഞു, 'രൂപ എത്ര ചെലവായാലും വേണ്ടില്ല, ചെക്കൻ വളരെ യോഗ്യനായിരിക്കണം' എന്നു്. ഇന്നും അച്ഛൻ ആഫീസ്സിൽ പോവുല്ല; ഊണും കഴിഞ്ഞു് എവിടെയോ ചെക്കനെ നോക്കാനായി പോവുകയാണു്. ഗിരീന്ദ്രബാബുവും കൂടെപ്പോകും."

ശേഖരൻ അനങ്ങാതെ കേട്ടുകൊണ്ടിരിപ്പായി. ലളിത വരുവാൻ ഇഷ്ടപ്പെടാത്തതിൻെറ കാരണമെന്തെന്നു കറച്ചൊക്കെ അവനു് അറിയുവാൻ സാധിച്ചു

കാളിയുടനെ പറഞ്ഞു:—"ഗിരീന്ദ്രബാബു വളരെ നല്ല ആളാണു്, ശേഖരച്ചേട്ടാ. വലിയ ചേച്ചിയുടെ വിവാഹസമയത്തു ഞങ്ങളുടെ വീടുംമററും വല്യ

ച്ഛന്റെ പണയമെഴുതിക്കൊടുത്തിരുന്നില്ലേ. അച്ഛൻ പറയാറുണ്ടായിരുന്നു, ഇനി രണ്ടുമൂന്നു മാസം കൂടി കഴിഞ്ഞാൽ ഞങ്ങളെല്ലാവരും വഴിനീളെ തെണ്ടിനടക്കേണ്ടി വരുമെന്ന്. അതുകൊണ്ടു ഗിരീ ശ്ബാബു രൂപ തന്നു. ഇന്നലെ അച്ഛൻ വല്യച്ഛന്നു രൂപയെല്ലാം മടക്കിക്കൊടുത്തു. ഇനി ഞങ്ങൾക്കൊന്നും ഭയപ്പെടാനില്ല എന്നാണ് ചേച്ചി പറയുന്നത്. ശരിതന്നെയല്ലേ, ശേഖരേച്ചട്ടാ, അതു?"

മറുപടി ഒന്നും പറയാൻ ശേഖരനു സാധിച്ചില്ല. അവൻ മുമ്പിലത്തെപ്പോലെ നോക്കിക്കൊണ്ടിരുന്നതേയുള്ളൂ.

കാളി:— "എന്തോന്നാണ്, ശേഖരേച്ചട്ടാ, ആലോചിച്ചുകൊണ്ടിരിക്കുന്നത്?"

അപ്പോഴാണ് ശേഖരൻ ദിവാസ്വപ്നത്തിൽ നിന്നുണർന്നതു്. "ഒന്നുമില്ല, കാളി. നീ പോയി നിന്റെ ചേച്ചിയെ ഒന്നിങ്ങോട്ടു പറഞ്ഞയയ്ക്കൂ. ഞാൻ വിളിക്കുന്നു എന്നു പറയൂ പോവൂ, ഓടിപ്പോവൂ."

കാളി ഉടനെ അവിടെനിന്നു് ഓടിപ്പോയി.

ശേഖരൻ തുറന്നുകിടക്കുന്ന തുകൽപ്പെട്ടിയിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടിരിപ്പായി. തനിക്ക് ആവശ്യമുള്ളതേതു്, ആവശ്യമില്ലാത്തതേതു്, എന്നൊന്നും വകതിരിച്ചറിയുവാനുള്ള ശക്തി അവന്നപ്പോൾ ഇല്ലായിരുന്നു. എല്ലാം അവന്റെ ദൃഷ്ടിയിൽ ഒരുപോലെയായി കാണപ്പെട്ടു.

ശേഖരൻ വിളിക്കുന്നു എന്നു കേട്ടിട്ടു ലളിത ഉട

നെ മുകളിലെത്തി. ജനൽപ്പഴുതിൽക്കൂടെ മുറിയിലേ
യ്ക്കു നോക്കിയപ്പോൾ അതിൻെറ ഒരു ഭാഗത്തായി
അവളുടെ ശേഖരച്ചേട്ടൻ എന്തോ സൂക്ഷിച്ചുനോക്കു
ന്നതുപോലെ നിലത്തുതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്
അനങ്ങാതെയിരിക്കുന്നതാണു് കണ്ടതു്. അപ്പോഴ
ത്തെപ്പോലെ ഒരു മുഖഭാവം അതിനുമുമ്പൊരിക്കലും
അവനിൽ പ്രത്യക്ഷപ്പെട്ടതായി അവൾക്കോർമ്മയില്ല.
അത്ഭുതവും ഭയവും അവൾക്കൊരുപോലെയുണ്ടായി.
പതുക്കെപ്പതുക്കെ നടന്നു് അവൾ മുറിയിൽ കടന്നു്
ശേഖരൻെറ സമീപത്തിലേയ്ക്കു ചെന്നു "വരു" എ
ന്നു പറഞ്ഞിട്ടു ശേഖരൻ ഉടനെ ഇരുന്നിടത്തുനിന്നു്
ബദ്ധപ്പെട്ടു് എഴുന്നേററുനിന്നു.

ലളിത:—(വളരെ സാവധാനത്തിൽ) "എന്നെ വി
ളിച്ചുവോ?"

ശേഖരൻ:—"ഉവ്വു്. (കുറെനേരം മിണ്ടാതെ നിന്ന
തിനുശേഷം) നാളെരാവിലത്തെ വണ്ടിക്കുതന്നെ
ഞാൻ അമ്മയേയും കൂട്ടിക്കൊണ്ടു് പടിഞ്ഞാററൻ
ദിക്കിലേയ്ക്കു പോവുകയാണു്. ഇത്തവണ മടങ്ങി
വരുവാൻ കുറെ താമസം നേരിട്ടേയ്ക്കും. ഇതാ,
താക്കോൽ. നിൻെറ കൈച്ചെലവിനുള്ള പണം
ഈ വലിപ്പിനുള്ളിൽ വെച്ചിട്ടുണ്ടു്"

എല്ലാത്തവണയും ലളിതയും കൂടെപ്പോവുക
പതിവാണു്. കഴിഞ്ഞ തവണത്തെ യാത്രയ്ക്കു് അവ
ൾ എന്തൊരു ഉത്സാഹത്തോടുകൂടിയാണു് സാമാന
ങ്ങളെല്ലാം ഒതുക്കി പെട്ടിക്കകത്താക്കിയതു്! ഇത്ത
വണ ആ ജോലിയെല്ലാം ശേഖരച്ചേട്ടൻ തനിച്ചിരു
ന്നു ചെയ്യുകയാണു്. തുറന്നു കിടക്കുന്ന ഉകൽപ്പെട്ട

യിൽ നോക്കിയ ഉടനെ ആദ്യമായി ആ വിചാരമാണ് അവളുടെ മനസ്സിൽ കടന്നതു്.

ശേഖരൻ അവളുടെ നേരേനിന്നു മുഖം തിരിച്ചു്, ഒന്നു ചുമച്ചു് കണ്ഠം ശരിയാക്കിയതിനുശേഷം വീണ്ടും തുടൎന്നു:—"താക്കോൽ നല്ലവണ്ണം സൂക്ഷിക്കണം. അവിചാരിതമായി ഇനിയും വല്ലതും ആവശ്യം നേരിടുകയാണെങ്കിൽ ജ്യേഷ്ഠനോടു ചോദിച്ചു മേൽവിലാസം മനസ്സിലാക്കി എനിക്കു് എഴുതി അയച്ചാൽ മതി."

പിന്നീടു കുറെനേരം രണ്ടുപേരും മൌനമവലംബിച്ചു നിലകൊണ്ടു. ഇത്തവണ താൻ കൂടെപ്പോരുന്നില്ലെന്നുള്ള വിവരം ശേഖരച്ചേട്ടൻ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു എന്നു ലളിത ഗ്രഹിച്ചു. ഒരു പക്ഷേ, അതിൻെറ കാരണംകൂടി അദ്ദേഹംകേട്ടിരിക്കാം എന്നോൎത്തപ്പോൾ ലജ്ജയാലും സങ്കോചത്താലും അവൾ വല്ലാതെ പരുങ്ങിത്തുടങ്ങി.

ശേഖരൻ:—(പെട്ടെന്നു്) "ആട്ടെ, എന്നാൽപോവൂ. എനിക്കു് ഇതെല്ലാം ഒതുക്കിവെക്കേണ്ടതുണ്ടു്; നേരം കുറെ പുലൎന്നു. ആഫീസ്സിലും ഒന്നു പോയി വരണം."

ലളിത:—(തുറന്നു കിടക്കുന്ന തുകൽപ്പെട്ടിയുടെ മുമ്പിൽ മുട്ടുകുത്തിയിരുന്നിട്ടു്) "ചേട്ടൻ പോയി കുളിക്കൂ. ഞാൻ ഇതെല്ലാം ഒതുക്കിവെക്കാം."

"എന്നാൽ വളരെ നന്നായി." എന്നു പറഞ്ഞു് ശേഖരൻ താക്കോൽക്കൂട്ടം ലളിതയുടെ സമീപത്തിൽ ഇട്ടിട്ടു് മുറിയിൽനിന്നും പുറത്തു കടന്നു നടന്നു.

ഇടയ്ക്കു പെട്ടെന്നു നിന്നിട്ടു്, "എനിക്കു് ആവശ്യമുള്ളതെന്തെല്ലാമെന്നു നിശ്ചയമുണ്ടല്ലോ. ഒന്നും മറന്നു പോകരുതു്." എന്നു വിളിച്ചുപറയുകയും ചെയ്തു.

ലളിത തലയും താഴ്ത്തിയിരുന്നു പെട്ടിക്കകത്തുള്ള സാമാനങ്ങൾ പരിശോധിക്കുകയായിരുന്നു. അവൾ ഉത്തരമൊന്നും പറഞ്ഞില്ല.

ശേഖരൻ താഴെച്ചെന്നു് അമ്മയോടു അന്വേഷിച്ചതിൽ കാളി പറഞ്ഞതെല്ലാം— ഗുരുചരണൻ കടം വീട്ടി എന്നുള്ളതും ലളിതയ്ക്കു് ഒരു വരനെ അന്വേഷിച്ചു കണ്ടുപിടിക്കാനുള്ള ശ്രമം വളരെ ജാഗ്രതയോടെ നടക്കുന്നുണ്ടെന്നുള്ളതും മററും—വാസ്തവമാണെന്നു ഗ്രഹിക്കുവാൻ ഇടയായി. പിന്നെയൊന്നും ചോദിക്കുവാൻ നില്ക്കാതെ അവൻ കുളിക്കുവാനായി അവിടെനിന്നും പോവുകയും ചെയ്തു.

കുളിയും ഊണും മററും കഴിഞ്ഞു്, രണ്ടു മണിക്കൂറിനുശേഷം, ആഫീസ്സിലേയ്ക്കു പോകുന്നതിനു വേണ്ടി ഉടുപ്പു മാറുന്നതിന്നായി ശേഖരൻ മുകളിൽച്ചെന്നു് തൻെറ മുറിയിൽ കടന്നു നോക്കിയപ്പോൾ യഥാർത്ഥത്തിൽ അവൻ അത്ഭുതപ്പെട്ടുപോയി. ഈ രണ്ടു മണിക്കൂർനേരവും ലളിത അവിടെ യാതൊന്നും ചെയ്തിട്ടില്ല. പെട്ടിയുടെ മൂടിയിന്മേൽ തലയും വെച്ചു് അപ്പോഴും അവൾ വെറുതേ ഇരിക്കുകയാണു്. കാലൊച്ച കേട്ടപ്പോൾ അവൾ ഞെട്ടി തലയുയർത്തി ഒന്നു നോക്കി. ശേഖരനെ കണ്ടിട്ടു് അവൾ മുഖം താഴ്ത്തിക്കളഞ്ഞു. അവളുടെ കണ്ണുകൾ രണ്ടും ചെമ്പരത്തിപ്പൂപോലെ ചുവന്നിരുന്നു. എന്നാൽ ശേഖരൻ അതു കണ്ടിട്ടും കണ്ടഭാവം നടിച്ചില്ല. ഉടുപ്പുകൾ മാ

ഥന്നതിന്നിടയിൽ, "ഇപ്പോഠ ചെയ്യാൻ തരമില്ലെങ്കിൽ വേണ്ട, ലളിതേ; നീ ഉച്ചതിരിഞ്ഞു വന്നു ശരിപ്പെടുത്തി വെച്ചാൽമതി." എന്നുമാത്രം സാധാരണമട്ടിൽ പറഞ്ഞിട്ടു് അവൻ പതിവുപോലുള്ള വേഷമണിഞ്ഞതിനുശേഷം ആഫീസ്സിലേയ്ക്കു പോകയും ചെയ്തു. ലളിതയുടെ കണ്ണുകഠ കലങ്ങുന്നതിനുള്ള കാരണം ശേഖരൻ ശരിക്കു മനസ്സിലാക്കാതിരുന്നില്ല. പക്ഷേ, എല്ലാവശവും നല്ലപോലെ ആലോചിച്ചതിനു ശേഷമല്ലാതെ എന്തെങ്കിലും പറയുവാൻ അവനു ധൈര്യമില്ലായിരുന്നു.

അന്നു വൈകുന്നേരം അമ്മാവനും മററും ചായ കൊടുക്കുവാനായി പുറത്തളത്തിൽ ചെന്നപ്പോഠ ലളിത വല്ലാതെ പരുങ്ങലിലായിപ്പോയി. അന്നു ശേഖരനും അവിടെ വന്നിരിപ്പുണ്ടു്. ഗുരുചരണൻെറ അടുക്കൽ യാത്ര പറയുവാൻ ചെന്നതായിരുന്നു അവൻ.

ലളിത തലയും താഴ്ത്തിനിന്നുകൊണ്ടു് രണ്ടു പാത്രത്തിൽ ചായ പകന്നു ഗിരീന്ദ്രൻെറയും അമ്മാവൻെറയും മുമ്പിലേയ്ക്കു നീക്കിവെച്ച ഉടനെ, "ശേഖരബാബുവിനു ചായ കൊടുത്തില്ലല്ലൊ, ലളിതേ." എന്നിങ്ങനെ ശേഖരൻെറ കാൎയ്യംകൂടി ഗിരീന്ദ്രൻ അവളെ ഓൎപ്പിക്കുകയുണ്ടായി.

"ശേഖരച്ചേട്ടൻ ചായ കടിക്കുകയില്ല." എന്നു മൃദുസ്വരത്തിൽ മുഖമുയൎത്താതെ തന്നെ ലളിത അതിനുത്തരം പറഞ്ഞു.

ഗിരീന്ദ്രൻ പിന്നെയൊന്നും പറഞ്ഞില്ല. ലളിത മുമ്പൊരിക്കൽ പറഞ്ഞ വാക്കുകഠ അപ്പോഴാണു്

അയാൾ ഓൎത്തു്. തന്നെത്താൻ ചായ കുടിക്കയില്ലെന്നു മാത്രമല്ല മററുള്ളവരുംകൂടി അതു കഴിക്കരുതെന്നുള്ള പക്ഷക്കാരനാണല്ലൊ ശേഖരൻ.

ചായപ്പാത്രം കൈയിൽ എടുത്തുപിടിച്ചിട്ടു ഗുരുചരണൻ വരൻെറ കാൎയ്യം എടുത്തിട്ടു. ചെറുപ്പക്കാരനാണു്, ബി. ഏ.യ്ക്കു വായിക്കയാണു്, സ്ഥിതിയും തരക്കേടില്ല— എന്നിങ്ങനെ പലതും പുകഴ്ത്തിപ്പറഞ്ഞതിനുശേഷം ഒടുവിൽ ഇങ്ങനെ അവസാനിപ്പിച്ചു:—"ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ഗിരീന്ദ്രനു പിടിച്ചിട്ടില്ല. ആൾ കണ്ടാൽ അത്ര സുന്ദരനാണെന്നൊന്നും പറയാൻ പാടില്ല; അതു ശരിതന്നെയാണു്. പക്ഷേ, പുരുഷൻെറ സൌന്ദൎയ്യം ആരെങ്കിലും നോക്കാറുണ്ടോ! അഴകുകൊണ്ടു് ആണുങ്ങൾക്കു് ഒരാവശ്യവുമില്ല. ഗുണമാണു് നോക്കേണ്ടതു്. അതുണ്ടെങ്കിൽ ധാരാളമായി."

വല്ല വിധത്തിലും വിവാഹം കഴിഞ്ഞുകൂടിയാൽ മതിയെന്നാണു ഗുരുചരണൻെറ വിചാരം.

ശേഖരനും ഗിരീന്ദ്രനും പരസ്പരം ഈയിടെ പരിചയപ്പെട്ടുതുടങ്ങിയതേയുള്ളൂ. ഗിരീന്ദ്രൻെറ മുഖത്തേയ്ക്കു നോക്കി മെല്ലെ ചിരിച്ചുംകൊണ്ടു്, "ഗിരീന്ദ്രബാബുവിനു് എന്തുകൊണ്ടാണാവോ പിടിക്കാത്തതു്? വിദ്യാഭ്യാസമുണ്ടു്; സ്ഥിതിയും തരക്കേടില്ലെന്നു പറയുന്നു. വരൻെറ യോഗ്യതയ്ക്കു് ഇതിനേക്കാൾ കൂടുതലായിട്ടെന്താണു് വേണ്ടതു്? എന്നായി ശേഖരൻ.

ശേഖരൻ ഇങ്ങിനെ ഒരു ചോദ്യം ചോദിച്ചു എന്നേയുള്ളൂ. എന്തുകൊണ്ടാണു ഗിരീന്ദ്രനു പിടിക്കാതെ പോയതെന്നു ശേഖരനു നല്ലവണ്ണം അറിയാം.

ഇനി മേലാൽ ആരും ഗിരീന്ദ്രനെ പിടിക്കയില്ലെന്നും അവന്നു നിശ്ചയമുണ്ടായിരുന്നു. അപ്രതീക്ഷിതമായ ഈ ചോദ്യത്തിന്നു് ഉത്തരം പറയുവാൻ ഗിരീന്ദ്രന്ന സാധിച്ചില്ല. അയാളുടെ മുഖം അല്പം രക്തവൎണ്ണമായിത്തീൎന്നു. ശേഖരൻ അതു കാണുകയുണ്ടായി. അവൻ ഉടനെ എഴുന്നേററു ഗുരുചരണനോടു യാത്ര പറഞ്ഞു:—"ചേട്ട, നാളെ അമ്മയേയും കൂട്ടിക്കൊണ്ടു ഞാൻ പടിഞ്ഞാട്ടേയ്ക്കു യാത്രയാണു്. വിവരം വേണ്ട സമയത്തു് എന്നെ അറിയിക്കുവാൻ മറന്നുപോകരുതു്."

ഗുരുചരണൻ:— "അതെന്തൊരു വൎത്തമാനമാണു്, കുട്ടാ? നിങ്ങളൊക്കെത്തന്നെയാണു് എന്റെ ബന്ധുക്കൾ; എന്നുമാത്രമല്ല, ലളിതയുടെ അമ്മ ഇല്ലെങ്കിൽ ഒരു കാൎയ്യവും നടക്കുകയില്ല. അങ്ങനെയല്ലേ, ലളിതേ? (ചിരിച്ചുകൊണ്ടു് ലളിത നിന്നിരുന്നിടത്തേയ്ക്കു മുഖം തിരിച്ചിട്ടു്) അല്ലാ, അവൾ എപ്പോഴാണു് പൊയ്ക്കളഞ്ഞതു്?"

ശേഖരൻ:— "കാൎയ്യം പറഞ്ഞുതുടങ്ങിയപ്പോൾത്തന്നെ അവൾ ഓടിക്കളഞ്ഞു."

ഗുരുചരണൻ:— (ഗൌരവത്തോടുകൂടി) "ഓടിപ്പോകാതിരിക്കുമോ, പിന്നെ? എന്തുതന്നെയായാലും നല്ല ബുദ്ധിയും വിവേകവും ഉള്ളവളല്ലേ, അവൾ! (ദീൎഘമായി ഒന്നു നിശ്വസിച്ചതിനുശേഷം) എന്റെ ഈ കുഞ്ഞു ലക്ഷ്മീദേവിയുടേയും സരസ്വതീദേവിയുടേയും ഒന്നിച്ചുള്ള ഒരവതാരമാണു്. ഇങ്ങനെയൊരു പെൺകുട്ടിയെ ഭാഗ്യമുള്ളവൎക്കേ കിട്ടു, ശേഖരനാഥ."

മേൽപറഞ്ഞ വാക്കുകൾ ഉച്ചരിച്ചതോടുകൂടി ഗുരുചരണന്റെ ആ വാടി വരണ്ടു മെലിഞ്ഞ മുഖത്തും അഗാധമായ സ്നേഹത്തിൻെറ സ്നിഗ്ദ്ധമധുരമായ ഒരു നിഴൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അതു കണ്ടപ്പോൾ ഗിരീന്ദ്രനും ശേഖരനും ഒരുപോലെ അനല്പമായ ഭക്തിയോടുകൂടി ആ വാത്സല്യമൂർത്തിയുടെ പാദങ്ങളിൽ അവരറിയാതെതന്നെ അനേകം മാനസപ്രണാമങ്ങളെ അർപ്പിച്ചുപോയി.

---

# ഏഴാം അദ്ധ്യായം

---

ചായകുടിസ്സദസ്സിൽനിന്നും ആരോടും മിണ്ടാതെ ഒളിച്ചോടിപ്പോയ ലളിത ഉടനെ ചെന്നതു ശേഖരൻെറ മുറിയിലേയ്ക്കാണു്. അവിടെ ഉജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്ന ആവിവിളക്കിൻെറ (Gaslight) ചുവട്ടിൽ ഒരു പെട്ടി വലിച്ചുകൊണ്ടുവന്നു വെച്ചിട്ടു്, അതിൽ, ശേഖരൻെറ വസ്ത്രങ്ങളെല്ലാം മടക്കി ഒതുക്കിവെക്കുന്ന ജോലിയിൽ അവൾ ഏർപ്പെട്ടു. ആ അവസരത്തിലാണു് ശേഖരൻ അവിടെ കടന്നു ചെന്നതു്. കാലൊച്ച കേട്ടു തലയുയർത്തി ശേഖരൻെറ മുഖത്തേയ്ക്കു നോക്കിയപ്പോൾ ഭയത്താലും വിസ്മയത്താലും ഒന്നിനും വയ്യാതെ അവൾ കുറെനേരം ആ ഇരിപ്പിൽത്തന്നെ ഇരുന്നുപോയി.

വ്യവഹാരത്തിൽ തോററു സർവ്വസ്വവും നഷ്ടപ്പെട്ടു കോടതിയിൽനിന്നും പുറത്തിറങ്ങുന്ന കക്ഷിയുടെ മുഖം വായനക്കാരിൽ ചിലരൊക്കെ കണ്ടിട്ടു

ണ്ടാവാം. ആ അവസരത്തിൽ അയാളെ കാണുന്ന വരാരും അതു പണ്ടത്തെ ആളാണെന്നു പെട്ടെന്നു തിരിച്ചറിയുകയില്ല. അപ്പോഴത്തെ ശേഖരന്റെ മുഖഭാവവും ഏകദേശം അതുപോലെയായിരുന്നു. ഒരു മണിക്കൂറിനു മുമ്പ്, അമ്മാവനും മററും ചായ കുടിക്കുന്ന മുറിയിൽവെച്ചു ലളിത ശേഖരനെ കണ്ടിട്ടാണു പോന്നതു്. ഈ ചുരുങ്ങിയ സമയംകൊണ്ടു ശേഖരന്റെ മുഖഭാവത്തിനുണ്ടായ അസാധാരണമായ പരിവർത്തനത്താൽ അവനെ കണ്ട ഉടനെ തിരിച്ചറിയുവാൻ അവൾക്കു കഴിഞ്ഞില്ല. അവന്റെ മുഖത്തു സർവ്വസ്വവും നഷ്ടപ്പെട്ട ഒരുവനുണ്ടാകാവുന്ന ചിഹ്നങ്ങളെല്ലാം ചുട്ടുപഴുപ്പിച്ച ഇരുമ്പുകമ്പികൊണ്ടു് അടയാളപ്പെടുത്തിയതുപോലെ തെളിഞ്ഞു കാണാമായിരുന്നു. "എന്തു ചെയ്യുകയാണു ലളിതേ?" എന്നൊരു ചോദ്യം ശുഷ്കമായ സ്വരത്തിൽ ശേഖരനിൽനിന്നും പുറപ്പെട്ടു.

ലളിതയാകട്ടെ ആ ചോദ്യത്തിനുത്തരം പറയാൻ പുറപ്പെടാതെ ശേഖരന്റെ അടുത്തു ചെന്നു് ഇരുകൈകൊണ്ടും അവന്റെ കൈയിന്മേൽ പിടിച്ചിട്ടു കരച്ചിൽ വന്നു മുട്ടുമ്പോൾ പുറപ്പെടുന്നതുപോലുള്ള കരുണമായ സ്വരത്തിൽ, "എന്തുപററി ശേഖരച്ചേട്ടാ?" എന്നു മറെറാരു ചോദ്യം ചോദിക്കയാണു ചെയ്തതു്.

"എന്തായി, ഒന്നുമില്ലല്ലോ." എന്നു പറഞ്ഞിട്ടു ശേഖരൻ വേണമെന്നു വെച്ചുതന്നെ ഒന്നു ചിരിച്ചു. ലളിതയുടെ കരസ്പർശത്തോടുകൂടി അവന്റെ മുഖത്തു് അല്പമൊരു ചൈതന്യം പുനരാവിർഭവിച്ചിരുന്നു.

അവൻ അടുത്തുള്ള ഒരു കസേരയിൽ ഇരുന്നിട്ടു് പഴയ ചോദ്യം ഒന്നുകൂടി ആവൎത്തിച്ചു:— "നീ എന്താണ് ചെയ്യുന്നതു്, ലളിതേ?"

ലളിത:—"കട്ടിയുള്ള പുറംകുപ്പായം പെട്ടിയിൽ വെക്കുവാൻ ഞാൻ മറന്നുപോയി. അതെടുത്തു വെക്കുവാനായിട്ടാണ് ഞാൻ വന്നതു്."

ശേഖരൻ കേട്ടുകൊണ്ടിരിപ്പായി. ഇതിന്നിടയിൽ ലളിതയ്ക്കു പൂൎവ്വാധികം മനഃസ്വാസ്ഥ്യം സിദ്ധിച്ചിരുന്നു. അവൾ തുടൎന്നു:—

"കഴിഞ്ഞ തവണ വണ്ടിയിൽവെച്ചു് തണുപ്പുകൊണ്ടു് ചേട്ടൻ വളരെ കഷ്ടപ്പെടേണ്ടിവന്നു. പുറംകുപ്പായം പലതും അപ്പോഴും ഉണ്ടായിരുന്നു. പക്ഷെ, തണുപ്പിനെ തടുക്കത്തക്കവിധത്തിൽ കട്ടിയുള്ളതൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടു യാത്ര കഴിഞ്ഞു മടങ്ങിവന്ന ഉടനെ ഞാൻ പീടികയിൽ അളവുകൊടുത്തയച്ചിട്ടു തുന്നിച്ചതാണ് ഇതു്" എന്നു പറഞ്ഞിട്ടു് അവൾ പെട്ടിയിൽനിന്നും ഒരു വലിയ പുറംകുപ്പായം എടുത്തുകൊണ്ടുവന്നു് ശേഖരന്റെ മുമ്പിൽ വെച്ചു.

ശേഖരൻ:—(കൈകൊണ്ടു് അതു തൊട്ടുനോക്കിയിട്ടു്) "അല്ലാ, എന്നോടു പറഞ്ഞില്ലല്ലൊ ഇതു്."

ലളിത:—(ചിരിച്ചുകൊണ്ടു്) -ചേട്ടൻ വലിയ സായ്പല്ലേ? ചേട്ടനോടു പറഞ്ഞാൽ ഇത്രകട്ടിയുള്ള ശീലകൊണ്ടു കോട്ടുണ്ടാക്കാൻ സമ്മതിക്കുമോ? അതുകൊണ്ടാണ് പറയാതിരുന്നതു്. സ്വകാൎയ്യമായി തുന്നിച്ചു സൂക്ഷിച്ചുവെച്ചു. (കുപ്പായം എടുത്തുകൊ

ണ്ടുപോയി യഥാസ്ഥാനം വെച്ചിട്ട്.) എല്ലാത്തിനും മുകളിലായി വെച്ചിട്ടുണ്ട്. പെട്ടി തുറന്നാൽ ഉടനെ കാണാം. തണുപ്പുതോന്നിയാൽ എടുത്തിടാൻ മറന്നുപോകരുത്, കേട്ടോ."

ശേഖരൻ:— "ആട്ടെ, (കുറേനേരം കണ്ണുചിമ്മാതെ നോക്കിക്കൊണ്ടിരുന്നതിനുശേഷം പെട്ടെന്ന്) ഇല്ല, അതൊരിക്കലും വയ്യ."

ലളിത:—"എന്തു വയ്യ? കോട്ടിടാൻ കഴിയില്ലെന്നാണോ?"

ശേഖരൻ:—(ബദ്ധപ്പെട്ട്) "അല്ല, അല്ല; അക്കാര്യമല്ല. അതു വേറൊരു കാര്യമാണ്— ആട്ടെ, ലളിതേ, അമ്മയുടെ സാമാനങ്ങളെല്ലാം എടുത്തുവെച്ചു കഴിഞ്ഞോ, അറിയാമോ?"

ലളിത:—"അറിയാം. ഉച്ചയ്ക്കു ഞാൻ തന്നെയാണ് അതെല്ലാം എടുത്തുവെച്ചത്" എന്നു പറഞ്ഞു അവൾ ഒന്നുകൂടി പെട്ടിയിലെ സാമാനങ്ങളെല്ലാം പരിശോധിച്ചതിനുശേഷം പെട്ടി പൂട്ടുവാൻ തുടങ്ങി.

ശേഖരൻ:—(കുറേനേരം മിണ്ടാതെ ഇരുന്നതിനുശേഷം അവളുടെ മുഖത്തേയ്ക്കു നോക്കിയിട്ട്, മൃദുസ്വരത്തിൽ) "അപ്പോഴേ, അടുത്ത കൊല്ലത്തേയ്ക്ക് എന്താണ് ഉപായം, ലളിതേ? എനിക്കൊന്നു പറഞ്ഞുതരാമോ?"

ലളിത:— (മുഖമുയർത്തിനോക്കീട്ട്) "എന്തുകൊണ്ടാണ് ഇങ്ങനെ ചോദിക്കുന്നത്?"

ശേഖരൻ:—"എന്തുകൊണ്ടാണെന്നോ? ഞാനൊന്നും അറിഞ്ഞിട്ടില്ലെന്നാണോ വിചാരം? വർത്തമാന

മെല്ലാം ഞാനും കേട്ടുകഴിഞ്ഞു. (ഇത്രയും പറഞ്ഞിട്ട് മ്ലാനമായ മുഖത്തെ കഴിയുന്നതും പ്രസന്നമാക്കിക്കൊണ്ടു്) പക്ഷേ, ഒരു കാൎയ്യംവേണം. അന്യഗൃഹത്തിലേക്കു പോകുന്നതിനു മുമ്പായി എന്തൊക്കെയാണു് ഇവിടെ ഉള്ളതെന്നും, എവിടെയെല്ലാമാണു് അതൊക്കെ ഇരിക്കുന്നതെന്നും കാണിച്ചു തന്നിട്ടുവേണം പോവാൻ. അല്ലെങ്കിൽ ആവശ്യം നേരിടുമ്പോൾ അന്വേഷിച്ചാൽ ഒന്നും എൻെറ കൈയിൽ കിട്ടുകയില്ല."

ലളിത:—(കോപത്തോടുകൂടി) "ഒന്നു മിണ്ടാതിരിക്കൂ, ചേട്ടാ."

ശേഖരൻ:— (ചിരിച്ചിട്ടു്) "മിണ്ടാതിരിക്കാൻ വിരോധമൊന്നുമില്ല. പക്ഷേ, എന്താണു് ചെയ്യേണ്ടതെന്നു് യഥാൎത്ഥത്തിൽ എനിക്കു യാതൊരുപിടിയുമില്ല; അതുകൊണ്ടു ചോദിച്ചുപോയതാണു്. എനിക്കു മനസ്സുനിറയെ മോഹമുണ്ടു്; പക്ഷേ, പ്രവൃത്തിചെയ്വാൻ വശമില്ല. ഈവക ജോലികൾ ഭൃത്യനെക്കൊണ്ടു ചെയ്യിക്കാനും സാദ്ധ്യമല്ല. ഇനിമുതൽ ഞാനും നിൻെറ അമ്മാവനെപ്പോലെ ആകേണ്ടിവരുമെന്നാണു് തോന്നുന്നതു്. ഒരു മുണ്ടും ഒരു നാടനും മാത്രംകൊണ്ടു നാൾ പലതും കഴിച്ചുകൂട്ടേണ്ടി വന്നേയ്ക്കും. വരുന്നതുപോലെയൊക്കെ വരട്ടെ; അല്ലാതെന്തു ചെയ്യാനാണു്?"

ലളിത താക്കോൽക്കൂട്ടം നിലത്തു വലിച്ചെറിഞ്ഞിട്ടു് അവിടെനിന്നു് ഓടിപ്പോയ്ക്കളഞ്ഞു.

"നാളെ രാവിലെ ഉന്നിങ്ങോട്ടു വരണേ," എന്നു ശേഖരൻ ഉറക്കെ വിളിച്ചുപറഞ്ഞു.

ലളിത അതു കേട്ടഭാവമേ നടിക്കാതെ അതിവേഗത്തിൽ കോണീപ്പടി ഇറങ്ങിപ്പോയി. സ്വന്തം ഗൃഹത്തിൽ വന്നു നോക്കിയപ്പോൾ മുകളിലത്തെ വരാന്തയിൽ ഒരു ഭാഗത്തിരുന്നുകൊണ്ടു് ആന്നാകാളി കാട്ടുചെമ്പകപ്പൂകൊണ്ടു മാലകെട്ടുകയാണു് പൂ ധാരാളമായി ഒരു ഭാഗത്തു കൂട്ടിവെച്ചിട്ടുണ്ടു്. ലളിത അവളുടെ സമീപത്തിൽ ചെന്നിരുന്നിട്ടു് ഇങ്ങനെ ചോദിച്ചു·—"ഈ മഞ്ഞത്തിരുന്നുകൊണ്ടു് നീ എന്തു ചെയ്യുകയാണു് കാളി?"

കാളി:—(മുഖമുയർത്താതെതന്നെ) "മാല കെട്ടുകയാണു്. ഇന്നു രാത്രി എൻെറ മകളുടെ കല്യാണമാണു്.

ലളിത:—"എന്നെ അറിയിച്ചില്ലല്ലോ, നീ"

കാളി:—"തീർച്ചയായിട്ടില്ലായിരുന്നു ചേച്ചി; അതാണു് അറിയിക്കാതിരുന്നതു്. ഇപ്പോഴാണു് അച്ഛൻ പഞ്ചാംഗം നോക്കിപ്പറഞ്ഞതു്, 'ഇന്നത്തെ രാത്രി കഴിഞ്ഞാൽപ്പിന്നെ ഈ മാസത്തിൽ മുഹൂത്തമില്ല' എന്നു് കുട്ടിക്കു പ്രായമായില്ലേ; ഇനി വെച്ചുകൊണ്ടിരിക്കാൻ പാടുണ്ടോ? വല്ലവിധത്തിലും യാത്രയാക്കിയാൽ മതി എന്നായിരിക്കയാണു്. രണ്ടു രൂപ തരാമോ, ചേച്ചീ? ഞാൻ പലഹാരം വാങ്ങിക്കൊണ്ടു വരട്ടെ."

ലളിത:—(ചിരിച്ചുകൊണ്ടു്) പണത്തിൻെറ കാൎയ്യം വരുമ്പോഴേ ചേച്ചിയുള്ളൂ, അല്ലേ? ആട്ടെ, എൻെറ തലയണയുടെ ചുവട്ടിൽ ഉണ്ടു്; പോയി എടുത്തോളൂ. അപ്പൊഴേ, കാളി കല്ല്യാണത്തിന കാട്ടുചെമ്പകപ്പൂ പറരുമോ?"

കാളി:—(ഗൌരവം നിറഞ്ഞ മുഖഭാവത്തോടുകൂടി) "ഓഹോ പററും. വേറെ പൂക്കളൊന്നും കിട്ടിയില്ലെങ്കിൽ അതു മതി. പെൺമക്കളുടെ വേളി പലതും ഞാൻ നടത്തീട്ടുണ്ടു്, ചേച്ചി. എനിക്കൊക്കെ അറിയാം." എന്നു പറഞ്ഞു അവൾ പലഹാരം വാങ്ങിക്കൊണ്ടുവരുവാനായി താഴത്തേയ്ക്കു് ഇറങ്ങിപ്പോയി. ലളിത അവിടെ ഇരുന്നു മാല കെട്ടുവാനും തുടങ്ങി.

അല്പനേരം കഴിഞ്ഞപ്പോൾ കാളി മടങ്ങിവന്നു. "കല്യാണത്തിന്നു് എല്ലാവരേയും ക്ഷണിച്ചുകഴിഞ്ഞു. ഇനി ശേഖരച്ചേട്ടനെ മാത്രം ക്ഷണിക്കാനുണ്ടു്. ഞാൻ പോയി അതുംകൂടി കഴിച്ചേച്ചുവരട്ടെ. അല്ലെങ്കിൽ ചേട്ടൻ പരിഭവിക്കും" എന്നു പറഞ്ഞിട്ടു് അവൾ അങ്ങേ വീട്ടിലേയ്ക്കു നടന്നു.

നല്ല പഴക്കവും തഴക്കവും ചെന്ന ഒരു ഗൃഹനായികയായിരിക്കയാണു് ഇപ്പോൾ കാളി. എല്ലാ ജോലിയും അടുക്കിനടുക്കിനു ചെയ്തുതീൎക്കുന്നതിൽ അവൾക്കു യാതൊരു വിട്ടുവീഴ്ചയും വന്നുപോകുന്നില്ല. ശേഖരച്ചേട്ടനെ ക്ഷണിച്ചു മടങ്ങിവന്ന കാളി ലളിതയോടു ഇങ്ങനെ പറഞ്ഞു:—"ചേട്ടനു് ഒരു പൂമാല വേണമെന്നു പറഞ്ഞു, ചേച്ചി. വേഗം പോയി അതൊന്നു കൊടുത്തേച്ചു വരാമോ? അപ്പൊഴേയ്ക്കും ഞാൻ ഇവിടത്തെ കാൎയ്യങ്ങളെല്ലാം ശരിപ്പെടുത്തട്ടെ. മുഹൂൎത്തത്തിനുള്ള സമയമായിപ്പോയി ഇനി താമസമില്ല"

ലളിത:—(തലയാട്ടിക്കൊണ്ടു്) "എനിക്കു കഴിയില്ല, കാളി. നീ തന്നെ പോയി കൊടുത്തിട്ടു വരൂ."

"ആട്ടെ; എന്നാൽ ഞാൻ തന്നെ പോകാം, ആ വലിയ മാല ഇങ്ങോട്ടു തന്നേയ്ക്കൂ" എന്നു പറഞ്ഞു കാളി കൈനീട്ടി.

ലളിത മാലയെടുത്തു കാളിയുടെ കൈയിൽ കൊടുക്കുവാൻ ഭാവിച്ചു. അപ്പോഴേയ്ക്കും മനസ്സിൽ എന്തോ മറെറാരു വിചാരം തോന്നുകയാൽ അവൾ തൻെറ അഭിപ്രായം മാററി:—"വേണ്ട, കാളി. ഞാൻ തന്നെ പോയി കൊടുത്തേച്ചുവരാം."

കാളി:—(ഗൌരവത്തിൽ) എന്നാൽ ചേച്ചി തന്നെ പൊയ്ക്കോളു; അതാണ് നല്ലതു്. എനിക്കാണെങ്കിൽ ഇവിടെ ധാരാളം ജോലിത്തിരക്കുണ്ടു്. അങ്ങുമിങ്ങും ഒന്നു തിരിയുവാൻകൂടി ഇടയില്ലാതിരിക്കയാണു്."

അവളുടെ ആ മുഖഭാവവും സംഭാഷണരീതിയും കണ്ടിട്ടു് ലളിത ചിരിച്ചുപോയി. "എന്തൊരു പഴമക്കാരി തള്ള!" എന്നുപറഞ്ഞു ചിരിച്ചുംകൊണ്ടു തന്നെ അവൾ മാലയും എടുത്തു് എഴുന്നേററു നടന്നു. മച്ചിൻമുകളിലെത്തി ശേഖരൻെറ മുറിയുടെ വാതില്ക്കൽ ചെന്നു നോക്കിയപ്പോൾ ശേഖരൻ ഏകാഗ്രമനസ്സായി എന്തോ എഴുതിക്കൊണ്ടിരിക്കയാണെന്നു് അവൾ കണ്ടു. വാതിൽ തുറന്നു് അവൾ ശേഖരൻെറ പുറകിൽ ചെന്നു നിന്നു. എന്നിട്ടും ശേഖരൻ അറിഞ്ഞില്ല. കുറേനേരം മിണ്ടാതെ ആ നിലയിൽത്തന്നെ നിന്നതിനുശേഷം അവനെ പെട്ടന്നൊന്നു പരിഭ്രമിപ്പിക്കുവാൻ വേണ്ടി അവൾ വളരെ സാവധാനത്തിൽ കൈയിലുണ്ടായിരുന്ന മാല പുറകിൽകൂടെ ശേഖരൻെറ കഴുത്തിൽ ഇട്ടിട്ടു പെട്ടെന്നു് ക

സേരയുടെ പുറകിൽ കുനിഞ്ഞിരുന്നുകളഞ്ഞു.

അല്പമൊന്നു പരിഭ്രമിച്ചിട്ടു്, "കാളി!" എന്നു പറഞ്ഞുകൊണ്ടു ശേഖരൻ ഉടനെ തിരിഞ്ഞുനോക്കി. അപ്പോഴാണു് ആൾ മാറിപ്പോയി എന്നു മനസ്സിലായതു.

ശേഖരൻ:—(കടുത്ത ഗൌരവം നിറഞ്ഞ മുഖഭാവത്തോടുകൂടി) "അല്ലാ, ലളിതയോ! നീ എന്താണു് ഈ ചെയ്തതു്, ലളിതേ?"

ലളിത എഴുന്നേററു നിന്നു. ശേഖരൻെറ മുഖഭാവം കണ്ടപ്പോൾ അവൾക്കു് അല്പം പരിഭ്രമം ഉണ്ടാകാതിരുന്നില്ല. "എന്താണു് ശേഖരച്ചേട്ടാ?" എന്നായി അവൾ.

ശേഖരൻ:—(ആദ്യത്തെ ഗൌരവം അശേഷം വിടാതെ) "നിനക്കറിഞ്ഞുകൂടെ എന്താണെന്നു്? എന്നാൽ കാളിയോടു ചെന്നു ചോദിച്ചുവരൂ, ഇന്നു രാത്രി കഴുത്തിൽ മാലയിട്ടാൽ എന്താണു് ഫലമെന്നു്"

ഇപ്പോഴാണു് ലളിതയ്ക്കു കാര്യം മനസ്സിലായതു്. നിമിഷനേരത്തിനുള്ളിൽ അവളുടെ മുഖം മുഴുവനും ലജ്ജയാൽ രക്തവർണ്ണമായിത്തീൎന്നു. "ഇല്ല, ഒന്നുമില്ല, ഒരു വസ്തുമില്ല; ഒരിക്കലുമില്ല" എന്നു പറഞ്ഞുംകൊണ്ടു് അവൾ ഉടനെ ഓടി മുറിയിൽനിന്നും പുറത്തേയ്ക്കു കടന്നു.

ശേഖരൻ അവളെ പുറകെ വിളിച്ചു:—"പോകല്ലേ, ലളിതേ. ഇതു കേട്ടിട്ടു പൊയ്ക്കോളൂ; എനിക്കൊരു കാര്യം പറയുവാനുണ്ടു്."

ശേഖരൻെറ വിളി അവളുടെ ചെവിയിലെ

ത്താതിരുന്നില്ല. പക്ഷേ, ആരു കേൾക്കാനാണു്? ഒരിടത്തും നില്ക്കാതെ അവൾ ഓടിപ്പോയി സ്വന്തം മുറിക്കുള്ളിൽ കടന്നു തന്റെ പായയിൽച്ചെന്നു കണ്ണു മടച്ചു കിടപ്പായി.

അവൾ ശേഖരനോടു വളരെ അടുത്തു പെരുമാറിത്തുടങ്ങീട്ടു് അഞ്ചാറു സംവത്സരങ്ങളായി. എന്നാൽ ഇങ്ങനെയൊരു സംഗതി അവൾ ഇതുവരെ കേൾക്കുകയുണ്ടായിട്ടില്ല. കാര്യംവിട്ടു കളിക്കുന്ന കൂട്ടത്തിലല്ല ശേഖരൻ. നേരംപോക്കു് അവനു വളരെ കുറയും. അവൻ ഒരിക്കലും ലളിതയെ കളിയാക്കുക പതിവില്ല. അഥവാ കളിയാക്കിയാലും ഇതു വളരെ ലജ്ജാകരമായ ഒരു നേരംപോക്കു് അവന്റെ വായിൽനിന്നും പുറപ്പെടുമെന്നു് ഒരിക്കലും വിചാരിക്കുവാൻ പാടില്ല. ലളിത ആകപ്പാടെ ലജ്ജകൊണ്ടു മൃതപ്രായയായി. പത്തിരുപതു മിനിററുനേരം ആ നിലയിൽ കിടന്നതിനുശേഷം അവൾ എഴുന്നേററിരുന്നു. ശേഖരനെ അവൾക്കു വളരെ ഭയമായിരുന്നു. വിശേഷിച്ചെന്തോ പറയുവാനുണ്ടെന്നു് ശേഖരൻ വിളിച്ചു പറഞ്ഞിരുന്നുവല്ലോ. അതിനാൽ പോകണമോ വേണ്ടയോ എന്നു അവൾ എഴുന്നേററിരുന്നു ആലോചനയായി. ഉടനെ "ലളിതക്കൊച്ചമ്മ ഇവിടെയുണ്ടോ? ചെറിയ യജമാനൻ വിളിക്കുന്നു കൊച്ചമ്മയെ" എന്നിങ്ങനെ അങ്ങേ വീട്ടിലെ വാല്യക്കാരത്തി വെളിയിൽനിന്നുകൊണ്ടു വിളിച്ചുപറയുന്നതു് അവൾ കേട്ടു. വേഗത്തിൽ അവൾ പുറത്തുവന്നു. "ഞാൻ ഇതാ വരുന്നു. നീ പൊയ്ക്കോ." എന്നു പറഞ്ഞു വാല്യക്കാരത്തിയെ യാത്രയാക്കിയതിനുശേഷം

മുകളിൽച്ചെന്നു വാതിൽപ്പഴുതിൽക്കൂടെ നോക്കിയപ്പോഠം ശേഖരൻ അപ്പോഴും ഇരുന്നു് എഴുത്തു് എഴുതുകയാണു്. കുറേനേരം അവിടെത്തന്നെ മിണ്ടാതെ നിന്നതിനുശേഷം അവഠം, "എന്തിനാണു് എന്നെ വിളിച്ചതു്?" എന്നു വളരെ മൃദുസ്വരത്തിൽ ചോദിച്ചു.

ശേഖരൻ:—(എഴുതുന്ന ജോലിയിൽനിന്നു വിരമിക്കാതെ) അടുത്തുവരൂ; പറയാം."

ലളിത:—"വേണ്ട. ഇവിടെവെച്ചുതന്നെ പറഞ്ഞാൽ മതി."

ശേഖരൻ:—(ഉള്ളുകൊണ്ടു ചിരിച്ചിട്ടു്) "അശേഷം ആലോചന കൂടാതെ എന്തൊന്നാണു് നീ ഈ കാണിച്ചുപോയതു്?"

ലളിത:—(കോപഭാവത്തിൽ) "തുടങ്ങി പിന്നെയും"

ശേഖരൻ:—(തിരിഞ്ഞുനോക്കിയിട്ടു്) ഞാനെന്തു പിഴച്ചു, ലളിതേ? നീതന്നെയല്ലേ ഇതൊക്കെ ചെയ്തുംവെച്ചു പോയതു്."

ലളിത:—"ഞാനൊന്നും ചെയ്തില്ല. അതിങ്ങോട്ടു മടക്കിത്തന്നേയ്ക്കൂ."

ശേഖരൻ:—"അതിനായിട്ടുതന്നെയാണു് നിന്നെ വിളിപ്പിച്ചതു്. അടുത്തുവരൂ, ലളിതേ. മടക്കിത്തന്നേയ്ക്കാം. നീ പകുതിയാക്കിവെച്ചു പൊയ്ക്കളഞ്ഞു; ഞാൻ അതു മുഴുവനാക്കട്ടെ, ഇങ്ങോട്ടു നീങ്ങി നില്ക്കൂ."

ലളിത:—(കുറെനേരം ഒന്നും മിണ്ടാതെ വാതില്ക്കൽ മറഞ്ഞുനിന്നതിനുശേഷം) "ഇങ്ങനെയൊക്കെ എ

ന്നെ കളിയാക്കിയാൽ ഞാനിനിയൊരിക്കലും ചേട്ടന്റെ മുമ്പിൽ വരില്ല, കേട്ടോ, പറഞ്ഞേയ്ക്കാം. അതിങ്ങോട്ടു മടക്കിത്തന്നേയ്ക്കു."

ശേഖരൻ:—(മേശയുടെ നേരെ മുഖംതിരിച്ചു് പേന കൈയിലെടുത്തിട്ടു്) "എടുത്തുകൊണ്ടു പൊയ്ക്കോളൂ."

ലളിത:—"ചേട്ടൻ അവിടന്നു് ഇങ്ങോട്ടു് എറിഞ്ഞു തന്നാൽ മതി."

ശേഖരൻ:— (തലയാട്ടിക്കൊണ്ടു്) "അടുത്തുവരാതെ കിട്ടുകയില്ല"

"എന്നാൽ എനിക്കു് ആവശ്യവുമില്ല" എന്നു പറഞ്ഞു കോപത്തോടെ ലളിത അവിടെനിന്നു നടന്നുകളഞ്ഞു.

ശേഖരൻ:—(ഉറക്കെ) "അപ്പൊഴേ, കാര്യം പകുതിയാക്കി വെച്ചിരിക്കയാണല്ലൊ. മുഴുവനാക്കാതെ പോകുന്നതു ഭംഗിയാണോ?"

ലളിതയ്ക്കു കലശലായ ദേഷ്യം വന്നു. "ഇരിക്കയാണെങ്കിൽ ഇരുന്നോട്ടെ. അവിടെത്തന്നെ" എന്നു പറഞ്ഞുംകൊണ്ടുതന്നെ അവൾ നടന്നുപോയി.

അവിടെനിന്നു നടന്നുകളഞ്ഞുവെങ്കിലും ലളിത താഴത്തേയ്ക്കു പോവുകയുണ്ടായില്ല. കിഴക്കുവശത്തുള്ള വരാന്തയിൽപ്പോയി ഒററത്തായി അവിടെയുള്ള ഇരുമ്പഴികളിൽ പിടിച്ചുംകൊണ്ടു് അവൾ മിണ്ടാതെ നില്പായി. അപ്പോൾ മുൻഭാഗത്തുള്ള ആകാശത്തിൽ ചന്ദ്രൻ ഉദിച്ചുയൎന്നിരുന്നു; കുളൎമയുള്ള വെണ്ണിലാവു നാലുഭാഗത്തും വ്യാപിച്ചിരുന്നു. സ്വച്ഛവും നിൎമ്മലവുമായ നീലാകാശം

പ്രകൃതിയുടെ അനന്തമായ മാഹാത്മ്യത്തെ നിശ്ശബ്ദം പ്രഖ്യാപനംചെയ്തുകൊണ്ടു് ഉപരിഭാഗത്തു വിലസിക്കൊണ്ടിരുന്നു. അവൾ ശേഖരൻെറ മുറിയുടെ നേരെ ഒന്നു കണ്ണോടിച്ചതിനുശേഷം വീണ്ടും മുഖം തിരിച്ചു് ആകാശത്തിലേയ്ക്കു നോക്കിക്കൊണ്ടു നിലയായി. അവളുടെ മനസ്സു് അപ്പോൾ വളരെ ക്ഷോഭിച്ചിരുന്നു. ലജ്ജയാലും അഭിമാനത്താലും അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അവൾ തീരെ ചെറുപ്പവും മറവമല്ല. ഈവക വാക്കുകളിൽ അടങ്ങിയിട്ടുള്ള അത്ഥം പൂൎണ്ണമായി ഗ്രഹിക്കത്തക്ക പ്രാപ്തി അവൾക്കുണ്ടായിട്ടുണ്ടു്. എന്നിട്ടും അവളെ ഇത്തരത്തിൽ മമ്മഭേദകമാംവണ്ണം കളിയാക്കുകയോ! അവൾ എത്രമാത്രം താണനിലയിലുള്ളവളും നിസ്സാരയും ആണെന്നു സ്വയം മനസ്സിലാക്കത്തക്ക പ്രായം അവൾക്കായിട്ടുണ്ടു്. അനാഥയും അഗതിയും ആയതുകൊണ്ടാണു് എല്ലാവരും അവളുടെ നേരെ സ്നേഹവാത്സല്യങ്ങൾ പ്രദശിപ്പിക്കുന്നതെന്നു് അവൾക്കു നല്ലവണ്ണം അറിയാം. ശേഖരൻ അവളെ സ്നേഹിക്കുന്നുണ്ടു്, ലാളിക്കുന്നുണ്ടു്, അവൻെറ അമ്മയും അവളെ വളരെ വാത്സല്യത്തോടുകൂടിയാണു് നോക്കിപ്പോരുന്നതു്. അതിൻെറയും കാരണം മറെറാന്നുമല്ലെന്നു് അവൾക്കറിയാം. സ്വന്തം എന്നു പറയുവാൻ അവൾക്കാരുമില്ല. അവളെസ്സംബന്ധിച്ചിടത്തോളം യഥാത്ഥമായ ഉത്തരവാദിത്വം ആക്കും ഇല്ലെന്നു കണ്ടിട്ടാണു്, കേവലം ഒരന്യനായിരുന്നിട്ടും, ഗിരീന്ദ്രൻ അവളെ ഉദ്ധരിക്കുവാനുള്ള കാൎയ്യം സ്വയം പ്രസ്താവിക്കുവാൻ മുതിന്നതു്.

അവഠം കണ്ണടച്ചുകൊണ്ടു് വീണ്ടും വിചാരിക്കുവാൻ തുടങ്ങി:—ഈ കൽക്കത്താനഗരത്തിൽ അധിവസിക്കുന്ന സ്വജനങ്ങളുടെ സ്ഥിതിയെപ്പററി ആലോചിക്കയാണെങ്കിൽ തൻെറ അമ്മാവൻെറ സ്ഥിതി ശേഖരൻെറ വീട്ടുകാരുടേതിനേക്കാഠം എത്രയോ താഴെയാണു്. ആ അമ്മാവനു് ഒരു താങ്ങാബ്ഭാരമായിട്ടാണു് താൻ തീൎന്നിരിക്കുന്നതു് തുല്യസ്ഥിതിയിലുള്ള ഒരു കുടുംബത്തിൽനിന്നു ശേഖരൻെറ വിവാഹകാൎയ്യത്തെപ്പററി ഒരാലോചന നടക്കുന്നുണ്ടു്. ഇന്നല്ലെങ്കിൽ നാളെ ആ ആലോചന ഉറയ്ക്കുകയും ആ കുടുംബത്തിൽനിന്നുതന്നെ ശേഖരൻ വിവാഹംചെയ്യുകയുംചെയ്യും. ആ വിവാഹംമൂലം നവീനറായിക്കു് അനവധി പണം ആദായവും ഉണ്ടാകും. ശേഖരൻെറ അമ്മയുടെ അടുക്കൽനിന്നു് ഈ വക സംഗതികളെല്ലാം തനിക്കറിയുവാൻ ഇടയായിട്ടുണ്ടു്. എന്നിട്ടും ശേഖരച്ചേട്ടൻ തന്നെ ഇന്നു് ഈ വിധത്തിൽ അപ്രതീക്ഷിതമായി അപമാനിക്കാൻ മുതിൎന്നല്ലൊ!

അവഠം കണ്ണുതുറന്നു് മുൻവശത്തുള്ള ആകാശത്തിലേയ്ക്കു് ഒന്നു നോക്കി. എന്നാൽ ആ നോട്ടം വെറും ശൂന്യവും വിഷയഗ്രഹണത്തിനു തീരെ അസമൎത്ഥവുമായിരുന്നു. തൻെറ ശീതളകരങ്ങളാൽ പ്രപഞ്ചത്തെയാകമാനം സകരുണം തലോടി പുഞ്ചിരിതൂകിക്കൊണ്ടു് അവിടെ നില്ക്കുന്ന അമൃതകിരണനേയോ, ആ നിശാനാഥൻെറ സ്നിഗ്ദ്ധകരസ്പൎശത്താൽ കോഠമയിർക്കൊള്ളുന്ന പ്രകൃതീദേവിയുടെ മനോഹരമൂൎത്തിയേയോ അവഠം കാണുകയുണ്ടായില്ല. വിചാരമഗ്നമായ അന്തരംഗത്തിൻെറ വികാരതരള

തയ്യും വശംവദയായി ബാഹ്യലോകത്തോടുള്ള ബ
ന്ധത്തെ വിസ്മരിച്ചുകൊണ്ടു് എത്രനേരമാണു് അവ
ൾ അവിടെ അങ്ങനെ നിന്നുപോയതെന്നു് അവൾ
ക്കുതന്നെ നിശ്ചയമില്ല. പെട്ടെന്നു് എന്തോ ഒന്നു് ത
ൻെറ ശരീരത്തെ സ്പർശിച്ചതുപോലെ തോന്നുകയാൽ
അവൾ പരിഭ്രമിച്ചു തിരിഞ്ഞുനോക്കി. പുറകിലായി
ശേഖരൻ നിശ്ശബ്ദം ചിരിച്ചുംകൊണ്ടു നിൽപ്പുണ്ടു്.
കുറച്ചുനേരം മുമ്പ് ഏതു സമ്പ്രദായത്തിലാണോ ത
ൻെറ കൈയിലുണ്ടായിരുന്ന പൂമാല താൻ ശേഖര
ൻെറ കണ്ഠത്തിൽ അർപ്പിച്ചതു്, അതേ സമ്പ്രദായ
ത്തിൽത്തന്നെ ആ പൂമാല ഇപ്പോൾ തൻെറ കഴു
ത്തിൽത്തന്നെ തിരിച്ചെത്തിയിരിക്കുന്നതായി അവ
ൾ കണ്ടു. ലളിതയ്ക്കു കരച്ചിൽ വന്നു മുട്ടിപ്പോയി. സം
സാരിക്കുവാൻ അവൾക്കു് ഒച്ച പൊങ്ങിയില്ല. എ
ങ്കിലും പ്രയാസപ്പെട്ടു കണ്ഠം ശരിപ്പെടുത്തിയതിനു
ശേഷം അവൾ, "എന്താണു് ഈ ചെയ്തതു?" എ
ന്നൊരു ചോദ്യത്താൽ തൻെറ മനോവേദനയെ വ്യ
ക്തമാക്കി.

ശേഖരൻ:—"നീ എന്താണു് ചെയ്തതു്?"

"ഞാൻ ഒന്നും ചെയ്തില്ല." എന്നു പറഞ്ഞുകൊ
ണ്ടു് അവൾ മാല വലിച്ചുപൊട്ടിച്ചു കളയുവാനായി
അതിന്മേൽ കൈവെച്ചു. എന്നാൽ പെട്ടെന്നു ശേഖ
രൻെറ മുഖത്തേയ്ക്കു് ഒന്നു നോക്കിപ്പോയതിനാൽ
പൊക്കിയ കൈ അവൾ അങ്ങനെതന്നെ താഴ്ത്തിക്ക
ളഞ്ഞു. മാല പൊട്ടിച്ചുകളയുവാൻ അവൾക്കു ധൈ
ര്യമുണ്ടായില്ല. അവൾ കരഞ്ഞുംകൊണ്ടു് ഇങ്ങനെ
ആവലാതിപ്പെട്ടു:—"എനിക്കു് ആരുമില്ലാത്തതുകൊ

ണ്ടല്ലേ ചേട്ടൻ ഇങ്ങനെയെല്ലാം എന്നെ അപമാനി ക്കുന്നതു്?"

അത്രയുംനേരം ശേഖരൻ ചിരിച്ചുംകൊണ്ടു നി ല്ക്കുകയായിരുന്നു. ലളിതയുടെ ഈ വാക്കുകൾ കേട്ടിട്ട് അവൻ അല്പം വല്ലാതെയായി. ഒരു കുട്ടിയുടെ നേ രംപോക്കു പറച്ചിലല്ല അതെന്നു് അവനു മനസ്സി ലായി.

ശേഖരൻ:—"ഞാൻ നിന്നെയാണോ അപമാനിച്ച തു? അതോ, നീ എന്നെ അപമാനിച്ചതോ?"

ലളിത:—(കണ്ണു തുടച്ചിട്ടു് അല്പംഭയത്തോടെ) "ഞാ ൻ എന്താണു് അപമാനിച്ചതു്?"

ശേഖരൻ:—(കുറെനേരം മിണ്ടാതെ നിന്നതിനുശേ ഷം സാധാരണമട്ടിൽ) "അല്പമൊന്നാലോചിച്ചു നോക്കിയാൽ എല്ലാം മനസ്സിലാകും. ഈയിട നിന്റെ ഭാവം കുറച്ചു കടന്നുപോകുന്നുണ്ടു്. വി ദേശത്തിലേക്കു പോകുന്നതിനു മുമ്പായി ഞാൻ അതൊന്നു് അമർത്തിവെച്ചു, അത്രേയുള്ളു."

ലളിത മറുപടിയൊന്നും പറയാതെ മുഖവും താഴ്ത്തി നില്പായി. ചന്ദ്രിക പരിപൂർണ്ണധാവള്യത്തോ ടെ എങ്ങും പ്രകാശിച്ചുകൊണ്ടിരുന്നു. അതു വരാന്ത യിലും നല്ലവണ്ണം വ്യാപിച്ചിരുന്നു. ആ നിലാവത്തു് ഇരുവരും അനങ്ങാതെ അവിടെത്തന്നെ നിലകൊ ണ്ടു. താഴെ, ഗുരുചരണന്റെ ഗൃഹത്തിലെ രണ്ടാമ ത്തെ നിലയിൽനിന്നു്, കാളിയുടെ മകളുടെ വിവാ ഹവേളയിലുള്ള മംഗലകരമായ ശംഖനാദം വ്യക്ത മായി മുഴങ്ങുന്നതു് ആ അവസരത്തിൽ അവരുടെ കർണ്ണങ്ങളിൽ വന്നലച്ചു.

ഏതാനും നിമിഷങ്ങൾ ആ നിലയിൽത്തന്നെ കഴിഞ്ഞുപോയി. ശേഖരനാണു് ആദ്യമായി മൌനത്തെ ഭഞ്ജിച്ചതു്:—"ഇനി അധികം ഈ മഞ്ഞത്തു നില്ക്കണ്ട, ലളിതേ. താഴെ പൊയ്ക്കോളു."

ലളിത:—"പൊയ്ക്കോളാം" (പെട്ടെന്നു ശേഖരന്റെ കാല്ക്കൽ സാഷ്ടാംഗംവീണു നമസ്കരിച്ചതിനുശേഷം എഴുന്നേററുനിന്നിട്ടു്) "ഞാൻ എന്താണു ചെയ്യേണ്ടതെന്നുകൂടി പറഞ്ഞു തന്നിട്ടുവേണം അവിടുന്നു പോകുവാൻ."

ശേഖരൻ ചിരിച്ചു; ഒന്നു സംശയിച്ചുനിന്നു. ഉത്തരക്ഷണത്തിൽ അവൻ ഇരുകൈകളും നീട്ടി ലളിതയെ പിടിച്ചു തന്റെ മാറോടു ചേൎത്താശ്ലേഷിച്ചിട്ടു് ഇങ്ങനെ പറഞ്ഞു:—"ഒന്നും പറഞ്ഞുതരേണ്ട ആവശ്യമില്ല, ലളിതേ. ഇന്നുമുതൽ എല്ലാം തന്നെത്താൻ നിനക്കു മനസ്സിലായിക്കൊള്ളും."

ലളിതയുടെ സൎവ്വാംഗവും രോമാഞ്ചംകൊണ്ടു വിറച്ചു. അവൾ ശേഖരന്റെ ഹസ്തബന്ധത്തിൽനിന്നുവേർപെട്ടു മാറിനിന്നിട്ടു പറഞ്ഞു:—"ഞാൻ ഒന്നും ഓൎക്കാതെ പെട്ടെന്നു അവിടുത്തെ കഴുത്തിൽ മാലയിട്ടുപോയി അതുകൊണ്ടാണോ അവിടുന്നു് ഇങ്ങനെ പ്രവൎത്തിച്ചതു്?"

ശേഖരൻ:— (ചിരിച്ചു തലയാട്ടിക്കൊണ്ടു്) "അല്ല, അല്ല. ഞാൻ വളരെ നാളായി ആലോചിച്ചു വരുന്ന ഒരു കാൎയ്യമാണിതു്. ഒന്നും തീൎച്ചപ്പെടുത്തുവാൻ ഇതുവരെ എനിക്കു കഴിഞ്ഞിരുന്നില്ല. ഇന്നു ഞാൻ അതു തീരുമാനിച്ചു. എന്തുകൊണ്ടെന്നാൽ, നിന്നെക്കൂടാതെ ജീവിക്കുവാൻ പ്രയാസമാണെ

ന്നു് ഇന്നാണു് എനിക്കു നല്ലവണ്ണം മനസ്സിലാകു വാൻ സാധിച്ചതു്."

ലളിത:— "പക്ഷേ, അവിടത്തെ അച്ഛൻ കേട്ടാൽ കലശലായി ദേഷ്യപ്പെടുമല്ലൊ. അമ്മ അറിഞ്ഞാൽ വ്യസനിക്കുമല്ലൊ. ഇതു നടക്കുന്ന കാൎയ്യമല്ലല്ലൊ, ശേഖരച്ചേട്ടാ—"

ശേഖരൻ— "അച്ഛൻ കേട്ടാൽ ദേഷ്യപ്പെടുമെന്നുള്ളതു ശരിതന്നെയാണു്. എന്നാൽ അമ്മയ്ക്കു വളരെ സന്തോഷമേ ഉണ്ടാവുകയുള്ളു. അതെന്തെങ്കിലുമാകട്ടെ. സംഭവിക്കേണ്ടതു സംഭവിച്ചുകഴിഞ്ഞു. ഇനി അതു മാററുവാൻ നിനക്കും എനിക്കും സാദ്ധ്യമല്ല. താഴെ പോയിട്ടു് അമ്മയെ നമസ്കരിക്കൂ.

## എട്ടാം അദ്ധ്യായം

ഒരു മൂന്നു മാസത്തിനുശേഷം ഒരു ദിവസം ഗുരുചരണൻ വാടിയ മുഖവുമായി നവീനറായിയുടെ ഗൃഹത്തിൽ പ്രവേശിച്ചു. നിലത്തു് ഒരു ഭാഗത്തായി വിരിച്ചിട്ടുള്ള വിരിയിന്മേൽ ചെന്നു് ഇരിക്കുവാൻ ഭാവിച്ചപ്പോഴെയ്ക്കും അദ്ദേഹം പെട്ടെന്നു തടുത്തിട്ടു് ഇങ്ങനെ ലഹളകൂട്ടി:— "അരുതു, അരുതു്. അവിടെ ഇരിക്കരുതു്. ആ കസേരയിൽ പോയിരുന്നോളു. ഈ സമയത്തു് എനിക്കു് രണ്ടാമതും കുളിക്കുവാൻ പ്രയാസമാണു്. ജാതിയും മററും കളഞ്ഞുകുളിച്ചു, ഇല്ലേ, ഹേ?"

ഗുരുചരണൻ ദൂരെയുള്ള ഒരു കസേരയിൽച്ചെന്നു മുഖവും താഴ്ത്തി ഇരിപ്പായി. അയാറം ഹിന്ദുമതം

ഉപേക്ഷിച്ചു് വിധിപ്രകാരമുള്ള ദീക്ഷയ്ക്കുശേഷം ബ്രാഹ്മമതം സ്വീകരിച്ചിട്ടു് അന്നേയ്ക്കു് അഞ്ചാറു ദിവസം കഴിഞ്ഞിരുന്നു. അന്നാണു് ആ വിവരം പൊടിപ്പും തൊങ്ങലും ചേർന്ന വിചിത്രമായ രീതിയിൽ തനി ഹിന്ദുവായ നവീനറായിയുടെ ചെവിയിൽ എത്തിയതു്. നവീനന്റെ കണ്ണിൽനിന്നും തീപ്പൊരി പറന്നു തുടങ്ങി. ഗുരുചരണൻ ഒന്നും സംസാരിക്കാതെ അതേ നിലയിൽ തലയും താഴ്ത്തി ഇരുന്നതേയുള്ളു. ആരോടും ഒന്നും ആലോചിക്കാതെയാണു് അയാൾ ഈ മതപരിവർത്തനം നടത്തിയതു്. ആ സംഭവത്തിനുശേഷം അയാളുടെ ഗൃഹത്തിൽ കരച്ചിലും പിഴിച്ചിലും ഒഴിഞ്ഞ സമയമേ ഇല്ല. ശാന്തിയും സമാധാനവും ആ കുടുംബത്തിൽനിന്നും യാത്രപറഞ്ഞു കഴിഞ്ഞിരുന്നു.

"ഒന്നും മിണ്ടാത്തതെന്താണു്, ഹേ? വാസ്തവം തന്നെയല്ലെ ഇതു്" എന്നു നവീനറായി വീണ്ടും ക്രോധതാമ്രാക്ഷനായി ചോദിച്ചു.

ഗുരുചരണൻ:— (ബാഷ്പപൂർണ്ണങ്ങളായ നേത്രങ്ങളോടുകൂടി) "അതെ".

നവീനറായി:— എന്തിനാണു് ഈ പ്രവൃത്തി ചെയ്തതു്? നിങ്ങൾക്കു മാസത്തിൽ 60ക. ശമ്പളമില്ലേ? നിങ്ങൾ—ക്രോധത്താൽ നവീനറായിയുടെ വായിൽനിന്നു വാക്കുകൾ പുറപ്പെടാതായി.

ഗുരുചരണൻ:— (കണ്ണുകൾ തുടയ്ക്കുകയും അടഞ്ഞുപോയ കണ്ഠം ശരിപ്പെടുത്തുകയും ചെയ്തതിനുശേഷം) "എനിക്കപ്പോൾ ബോധമുണ്ടായിരുന്നില്ല, ചേട്ടാ. അസഹ്യമായ മനോവേദനകൊ

ണ്ടു്, കഴുത്തിൽ കയറിടുകയൊ, ബ്രഹ്മജ്ഞാനി യാവുകയൊ, ഏതാണു വേണ്ടതെന്നു തീരുമാനിക്കുവാൻ കഴിയാതെ ഞാൻ നന്നേ കുഴങ്ങി. ഒടുവിൽ എനിക്കുതോന്നി, ആത്മഹത്യ ചെയ്യുന്നതിനേക്കാൾ ബ്രഹ്മജ്ഞാനിയാവുകതന്നെയാണു നല്ലതെന്നു്. അതുകൊണ്ടാണു് ഞാൻ ബ്രഹ്മജ്ഞാനിയായതു്."

നവീനറായി:— (അസഹ്യമായ അമർഷത്തോടെ) "വളരെ നന്നായി! സ്വന്തം കഴുത്തിൽ കയറിടാൻ ധൈര്യമില്ലാഞ്ഞിട്ടു് ജാതിയുടെ കഴുത്തിൽ കയറിട്ടു മുറുക്കി, ഇല്ലേ? ആട്ടേ, പൊയ്ക്കോളു. മേലാൽ ഈ കരിതേച്ച മുഖവുംകൊണ്ടു് എന്റെ മുമ്പിൽ വരണ്ട. മന്ത്രിമാരായി ഇപ്പോൾ അടുത്തുകൂടീട്ടുള്ള ആളുകളുടെ അടുക്കലേയ്ക്കുതന്നെ പൊയ്ക്കോളു. പെൺമക്കളെ കണ്ട ചണ്ഡാലനും ചെരുപ്പുകുത്തിക്കും കെട്ടിക്കൊടുത്തു തൃപ്തനായിക്കോളു. പോയ്ക്കോളു."

ഇത്രയും പറഞ്ഞു് അതിഥിയെ യാത്രയാക്കിയ ഭാവത്തിൽ നവീനറായി മുഖംതിരിച്ചു് ഇരുന്നുകളഞ്ഞു. ഗുരുചരണനാകട്ടെ കണ്ണുകൾ തുടച്ചുകൊണ്ടുതന്നെ അവിടെനിന്നു പുറത്തു കടന്നുപോകയും ചെയ്തു.

കോപത്താൽ കലികൊണ്ട നവീനറായിക്കു്, ഇനി എന്താണു ചെയ്യേണ്ടതെന്നാലോചിച്ചിട്ടു്, ഒരു പിടിയും കിട്ടിയില്ല. ഗുരുചരണൻ തന്റെ പിടിയിൽനിന്നും തീരെ വിട്ടുപോയി എന്നും ഇനി എളുപ്പത്തിലൊന്നും കൈയിലകപ്പെടുവാൻ മാർഗ്ഗമില്ലെന്നും അദ്ദേഹത്തിനു മനസ്സിലായി. നൈരാശ്യം മൂലമു

ണ്ടായ അമർഷാഗ്നി ആളിക്കത്തുകയാൽ അയാളെ കുടുക്കുവാൻ ഇനിയും വല്ലപഴുതും ഉണ്ടോ എന്നു് അദ്ദേഹം വീണ്ടും നല്ലവണ്ണം ഒന്നു് ആലോചിച്ചുനോക്കി. ഒടുവിൽ നിരാശനായിത്തീൎന്ന അദ്ദേഹം അന്നുതന്നെ ഒരു കല്ലാശാരിയെ വരുത്തി രണ്ടു വീടുകളേയും തമ്മിൽ കൂട്ടിയോജിപ്പിച്ചിരുന്ന ഭാഗം പൊളിച്ചുകളഞ്ഞു് അങ്ങുമിങ്ങും ഗതാഗതം ചെയ്യാനുള്ള വഴി മുട്ടിക്കുകയും അവിടെ അത്യുന്നതമായ ഒരു മതിൽ കെട്ടിപ്പൊക്കുകയും ചെയ്തു.

അനേകം നാഴിക അകലെ വിദേശസഞ്ചാരത്തിൽ ഏൎപ്പെട്ടിരുന്ന ഭുവനേശ്വരിയും ഈ മതപരിവൎത്തനവൃത്താന്തം ശേഖരൻ പറഞ്ഞു് അറിയുകയുണ്ടായി. അതു കേട്ടപ്പോൾ അവർ കരഞ്ഞുപോയി:— "ഈ ദുർബുദ്ധി അയാൾക്കു് ഉപദേശിച്ചുകൊടുത്തതു് ആരാണു്, ശേഖര?"

ഉപദേശം ആരുടേതായിരിക്കുമെന്നു ശേഖരൻ ശരിക്കു് ഊഹിക്കാതിരുന്നില്ല. പക്ഷേ, തന്റെ ഊഹം പുറത്തുകാണിക്കാതെ അവൻ ഇങ്ങനെയാണു് പറഞ്ഞതു്:— "എന്താണമ്മേ ഇതിൽ ആശ്ചൎയ്യപ്പെടാനുള്ളതു്? രണ്ടു ദിവസം കഴിഞ്ഞാൽ നിങ്ങളൊക്കെത്തന്നെ അദ്ദേഹത്തിനു ജാതിഭ്രഷ്ടു് കല്പിച്ചു് അവരുടെ കുടുംബത്തെ ഒററതിരിച്ചു നിൎത്തുമായിരുന്നില്ലേ? അദ്ദേഹം എങ്ങനെയാണു് ഇത്രയധികം പെൺകുട്ടികളെ വിവാഹംചെയ്തു കൊടുക്കുന്നതു്? ഞാൻ ആലോചിച്ചതിൽ ഒരു വഴിയും കാണുന്നില്ല."

ഭുവനേശ്വരി:— (തലയാട്ടിക്കൊണ്ടു്) ഭു"അതിനൊന്നിനും മുട്ടുവരില്ല; ശേഖര; എന്നുതന്നെയല്ല, അ

തിനുവേണ്ടി ജാതി വേണ്ടെന്നുവെക്കുകയാണെങ്കിൽ പലക്കും അങ്ങനെ ചെയ്യേണ്ടിവരും. ഈശ്വരൻ ലോകത്തിൽ മനുഷ്യരെ സൃഷ്ടിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ വേണ്ടവിധം സംരക്ഷിക്കാനും അദ്ദേഹത്തിനറിയാം."

ശേഖരൻ യാതൊന്നും സംസാരിച്ചില്ല. കണ്ണുകൾ തുടച്ചുകൊണ്ടു് ഭുവനേശ്വരിവീണ്ടും തുടൻ:—"ആ ലളിതയെ ഞാൻ കൂടെക്കൊണ്ടുവന്നിരുന്നു എങ്കിൽ, ഞാൻതന്നെ അവൾക്കുവേണ്ടി എന്തെങ്കിലും ഒരു നിവൃത്തി ചെയ്തുകൊടുക്കേണ്ടിവരുമായിരുന്നു. ആ ചുമതല ഞാൻ നിർവ്വഹിക്കയും ചെയ്യുന്നു. ഇതൊക്കെ മുൻകൂട്ടി കരുതീട്ടാണു് ഗുരുചരണൻ അവളെ പറഞ്ഞയയ്ക്കാത്തതെന്നു ഞാനുണ്ടോ അറിഞ്ഞു? പരമാത്ഥമായും അവളുടെ വിവാഹത്തെപ്പററിയുള്ള ആലോചന നടക്കുന്നുണ്ടെന്നാണു് ഞാൻ ധരിച്ചുപോയതു്."

ശേഖരൻ:— (അമ്മയുടെ മുഖത്തേയ്ക്കു നോക്കി അല്പം ലജ്ജാഭാവത്തിൽ) "എന്നാൽ ഇനിയും അങ്ങനെ ചെയ്യാമല്ലൊ, അമ്മേ. ഇപ്പോൾത്തന്നെ വീട്ടിലേയ്ക്കു മടങ്ങിപ്പോയി ആ കാര്യം നടത്തിക്കൊടുക്കരുതേ? അവൾ ബ്രാഹ്മമതം സ്വീകരിച്ചിട്ടൊന്നുമില്ലല്ലൊ. അവളുടെ അമ്മാവനല്ലേ മതം മാറിയുള്ളു. യഥാത്ഥത്തിൽ അദ്ദേഹം അവളുടെ ആരും അല്ല താനും. ലളിതയ്ക്കു സ്വന്തമായിട്ടു വേറെ ആരുമില്ലാത്തതുകൊണ്ടല്ലേ അവൾ അദ്ദേഹത്തിൻെറ വീട്ടിൽ താമസിച്ചുവരുന്നതു്."

ഭുവനേശ്വരി:— (ആലോചിച്ചുനോക്കീട്ടു്) "അതു

ശരിതന്നെയാണു്. പക്ഷേ, നിൻെറ അച്ഛൻെറ പ്രകൃതം നിനക്കറിയാമല്ലൊ. അദ്ദേഹത്തിനു് ഒരിക്കലും അതു് ഇഷ്ടമാവുകയില്ല. ചുരുക്കത്തിൽ അവരുമായി കണ്ടു സംസാരിക്കാനുംകൂടി അദ്ദേഹം സമ്മതിക്കുമെന്നു തോന്നുന്നില്ല."

ആ സംശയം ശേഖരൻെറ മനസ്സിലും ഉണ്ടായിരുന്നു. അവൻ പിന്നെയൊന്നും പറയാൻ നില്ക്കാതെ അവിടെനിന്നും നടന്നു.

അതിനുശേഷം ഒരു മിനിറുനേരം പോലും വിദേശത്തിൽ കഴിച്ചുകൂട്ടുവാൻ ശേഖരനു് ഇഷ്ടമില്ലാതായി. രണ്ടുമൂന്നു ദിവസം പിന്നെയും ഉന്മേഷശൂന്യനായി അങ്ങുമിങ്ങും ചുററിനടന്നു്, അങ്ങനെ ഇങ്ങനെ കഴിച്ചുകൂട്ടിയതിനുശേഷം ഒരു ദിവസം സന്ധ്യയ്ക്കു് അവൻ അമ്മയുടെ അടുക്കൽച്ചെന്നു് ഇങ്ങനെ അറിയിച്ചു:—"ഇനി ഇവിടെ താമസിക്കാൻ സുഖം തോന്നുന്നില്ല, അമ്മേ. പോകാം, നമുക്കു നാട്ടിലേയ്ക്കു മടങ്ങിപ്പോകാം."

ഭുവനേശ്വരി:— (അശേഷം സംശയംകൂടാതെ സമ്മതഭാവം പ്രദർശിപ്പിച്ചുകൊണ്ടു്) "എന്നാൽ അങ്ങനെതന്നെയാകട്ടെ, ശേഖര. എനിക്കും മതിയായി. ഒരു സുഖവും തോന്നുന്നില്ല."

അമ്മയും മകനും പിറേറദിവസം തന്നെ നാട്ടിലേയ്ക്കു മടങ്ങി. വീട്ടിൽ വന്നു നോക്കിയപ്പോൾ മുകളിലത്തെ ഗതാഗതമാർഗ്ഗം മുടക്കി ഇടയ്ക്കു മതിൽ കെട്ടിപ്പൊക്കിയിരിക്കുന്നതായി അവർ കണ്ടു. ഗുരുചരണനുമായി മേലാൽ യാതൊരു സഹവാസവും പാടില്ലെന്നു മാത്രമല്ല, അന്യോന്യം കണ്ടു സംസാരി

ക്കകൂടി വയ്യെന്നാണു് ഗൃഹനായകൻെറ അഭിപ്രായമെന്നു് ആരോടും ചോദിക്കാതെ തന്നെ അവർ ഗ്രഹിച്ചു കഴിഞ്ഞു.

രാത്രി ശേഖരൻ ഊണു കഴിക്കുന്ന അവസരത്തിൽ അമ്മയും അടുത്തുണ്ടായിരുന്നു. വൎത്തമാനത്തിന്നിടയിൽ അമ്മ മകനോടു പറഞ്ഞു:— "ലളിതയെ ആ ഗിരീന്ദ്രബാബുവിന്നു വിവാഹംചെയ്തു കൊടുക്കുവാനുള്ള ആലോചനയാണു നടക്കുന്നതെന്നു കേട്ടു. അതെനിക്കു പണ്ടുതന്നെ അറിയാമായിരുന്നു."

ശേഖരൻ:— (തല പൊക്കാതെതന്നെ) "ആരാണു് പറഞ്ഞതു്?"

ഭുവനേശ്വരി:— അവളുടെ അമ്മായിഅമ്മ തന്നെ. ഉച്ചയ്ക്കു നിൻെറ അച്ഛൻ ഉറങ്ങിക്കിടന്ന അവസരം നോക്കി ഞാൻ തന്നെ അവിടെപ്പോയി അവരെ കണ്ടു. എന്നെ കണ്ടതോടുകൂടി ആ സാധു പൊട്ടിക്കരഞ്ഞുപോയി. ഞാൻ വരുന്നതുവരെ കരച്ചിൽ നിറുത്തീട്ടില്ല. കരഞ്ഞു കരഞ്ഞു് അവരുടെ കണ്ണും മുഖവും വല്ലാതെ വീൎത്തുപോയി. (കുറേനേരം മൌനം അവലംബിച്ചിരുന്നതിൻെറ ശേഷം വസ്ത്രാഞ്ചലത്താൽ സ്വന്തം കണ്ണുകൾ ഒപ്പിയിട്ടു്) തലയിലെഴുത്തുതന്നെ ശേഖരാ; അല്ലാതെ, മറെറാന്നും പറയുവാൻ ഞാൻ കാണുന്നില്ല. തലയിലെഴുത്തിനെ മായ്ക്കുവാൻ ആൎക്കും ശക്തിയില്ല. പിന്നെ ആരെയാണു് കുററപ്പെടുത്താനുള്ളതു്! എന്തുമാകട്ടെ; ഗിരീന്ദ്രൻ നല്ലൊരു കുട്ടിയാണു്; സ്വത്തും ധാരാളമുണ്ടു്. ലളിതയ്ക്കു കഷ്ടപ്പാടൊന്നും ഉണ്ടാവുകയില്ല."

ശേഖരൻ യാതൊന്നും അതിന്ന മറുപടി പറഞ്ഞില്ല. തലയും താഴ്ത്തിയിരുന്നു ചോറിൽ കൈയിട്ട് ഇളക്കിക്കൊണ്ടിരുന്നതല്ലാതെ ഒരു വറുപോലും പിന്നീട് അവൻ കഴിക്കയുണ്ടായില്ല. സ്വല്പനേരം കഴിഞ്ഞപ്പോൾ അമ്മ അവിടെനിന്നും എഴുന്നേററുപോയി. ഉടനെ അവനും എഴുന്നേററു കൈയും മുഖവും കഴുകി സ്വന്തംമുറിയിൽപ്പോയി കിടക്കയിൽ ചെന്നു കിടന്നു.

പിറേറദിവസം സന്ധ്യയ്ക്ക് ഒന്നു പുറത്തുപോയി ചുററിവരുവാനായി ശേഖരൻ വീട്ടിൽനിന്നിറങ്ങി. ഗുരുചരണൻെറ വീടിന്നു മുൻവശത്തെത്തിയപ്പോൾ അവിടെ പുറത്തളത്തിൽ പതിവുപോലെയുള്ള ചായകുടിസ്സദസ്സു കൂടിയിരിക്കയായിരുന്നു.. വത്തമാനവും, നേരംപോക്കും, ചിരിയും പൊടിപൊടിച്ചു നടക്കുന്നുണ്ട്. അവിടത്തെ ആ ലഹളയെല്ലാം ചെവിയിൽ എത്തിയ ഉടനെ ശേഖരൻ അല്പനേരം എന്തോ ആലോചിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു. അതിനുശേഷം പതുക്കെപ്പതുക്കെ നടന്നു, പടിവാതിൽ തള്ളിത്തുറന്ന് അകത്തുകടന്നു ശബ്ദത്തെ ലക്ഷ്യമാക്കിച്ചെന്നു, പുറത്തളത്തിൽ പ്രവേശിച്ചു, പെട്ടെന്ന് അവടത്തെ ബഹളമെല്ലാം നിശ്ശേഷം ശമിച്ചു. അവനെ കണ്ടപ്പോൾ എല്ലാവരുടേയും മുഖം വല്ലാതെയായി:

ശേഖരൻ മടങ്ങിവന്ന വിവരം ലളിതയല്ലാതെ മററാരും അറിഞ്ഞിരുന്നില്ല. അന്നു ഗിരീന്ദ്രനെക്കൂടാതെ മറെറാരു മാന്യനുംകൂടി ആ സദസ്സിൽ ഉണ്ടായിരുന്നു. അദ്ദേഹം വിസ്മയത്തോടുകൂടി ശേ

ഖരനെത്തന്നെ നോക്കിക്കൊണ്ടിരുന്നു ഗിരീന്ദ്രനാകട്ടെ ഗൌരവം നിറഞ്ഞ മുഖഭാവത്തോടുകൂടി ചുമരിന്മേൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടും ഇരിപ്പായി. എല്ലാവരേക്കാളും ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നതു ഗുരുചരണനാണ്; അയാളുടെ മുഖം പെട്ടെന്നു തീരെ വിവൎണ്ണമായിപ്പോയി. അയാളുടെ അരികെ നിന്നുകൊണ്ടു ലളിത അപ്പോഴും ചായ പകരുകയാണ്. മുഖമുയൎത്തി അവളൊന്നു നോക്കി; ഉടനെ തല താഴ്ത്തുകയും ചെയ്തു.

ശേഖരൻ ഗുരുചരണനെ യഥായോഗ്യം അഭിവാദനംചെയ്ത് അടുത്തുചെന്ന് ഒരു പീഠത്തിന്മേൽ ഇരുന്നതിനുശേഷം ചിരിച്ചുംകൊണ്ട് ഇങ്ങനെ ചോദിച്ചു:—“അല്ലാ എല്ലാം പെട്ടെന്നു നിൎത്തിക്കളഞ്ഞതെന്താണ്?”

ഗുരുചരണൻ ആശീൎവ്വദിക്കുന്നതുപോലെ മൃദുസ്വരത്തിൽ എന്തോ പറഞ്ഞു· പക്ഷേ, ഒന്നും വ്യക്തമായി കേൾക്കപ്പെട്ടില്ല·

ഗുരുചരണന്റെ മനോഭാവം ശേഖരനു മനസ്സിലായി. അതിനാൽ ആലോചനയ്ക്ക് അവസരം കൊടുക്കുന്നതിന്നായി അവൻ സ്വന്തം കാൎയ്യം എടുത്തിട്ടു. തലേദിവസം രാവിലത്തെ വണ്ടിക്കു മടങ്ങിയെത്തിയവിവരം, അമ്മയുടെ രോഗത്തിനു് ആശ്വാസം ഉണ്ടെന്നുള്ള കാൎയ്യം, പടിഞ്ഞാറൻദിക്കിലെ വിശേഷങ്ങൾ, വഴിക്കു കണ്ട കാഴ്ചകൾ—എന്നു തുടങ്ങി പല പല സംഗതികളും ഒന്നിനു പുറകെ ഒന്നായി തടവുകൂടാതെ പറഞ്ഞുതീൎത്തതിനു ശേഷം ഒടുവിൽ

ആ അപരിചിതനായ യുവാവിൻെറ മുഖത്തേയ്ക്കു കൌതുകത്തോടെ ഒന്നു നോക്കി.

ആത്മനിയന്ത്രണത്തിനുള്ള അവസരം ഗുരുചരണനു് ഇതിനിടയിൽ ലഭിക്കുകയുണ്ടായി. അപരിചിതനായ യുവാവിനെ അയാൾ ഇങ്ങിനെ പരിചയപ്പെടുത്തി:—"ഇദ്ദേഹം നമ്മുടെ ഗിരീന്ദ്രൻെറ ഒരു സ്നേഹിതനാണു്; സ്വന്തം നാട്ടുകാരനാണു്; സഹപാഠിയുമാണു്. വളരെ നല്ല സ്വഭാവം. ശ്യാമ്ബസാറിലണു് താമസം. എങ്കിലും ഞാനുമായി പരിചയപ്പെട്ടവാൻ ഇടയായതുമുതൽ മിക്കപ്പോഴും ഇവിടെ വന്നു കണ്ടു സംസാരിച്ചുപോക പതിവാണു്."

"അതേ, അതേ, നല്ല കുട്ടിതന്നെ!" എന്നു ശേഖരൻ ഉള്ളിൽത്തന്നെ ഉച്ചരിച്ചു. അല്പനേരം മിണ്ടാതിരുന്നതിനുശേഷം അവൻ വീണ്ടും ഇങ്ങനെ കുശലാന്വേഷണം ചെയ്തു:—"വേറെ വിശേഷങ്ങൾ എന്തൊക്കെയാണു്? എല്ലാം സുഖംതന്നെയല്ലേ?"

ഗുരുചരണൻ അതിനു മറുപടിയൊന്നും പറയാതെ തലയുംതാഴ്ത്തിയിരിപ്പായി. ശേഖരൻ എഴുന്നേററു പോകുവാൻ ഭാവിക്കുന്നതു കണ്ടപ്പോഴേ അയാൾ മൌനം ഭഞ്ജിച്ചുള്ളു:—"ഇടയ്ക്കിടയ്ക്കു് ഇങ്ങോട്ടൊക്കെ ഒന്നു വന്നേച്ചു പോകണം, ശേഖരാ. ഞങ്ങളെ തീരെ ഉപേക്ഷിച്ചുകളയരുതു്. വത്തമാനമെല്ലാം കേട്ടിരിക്കുമല്ലോ."

"കേട്ടു" എന്നുമാത്രം പറഞ്ഞുകൊണ്ടു് ശേഖരൻ വീട്ടിനുള്ളിലേയ്ക്കു നടന്നു. ഉത്തരക്ഷണത്തിൽത്തന്നെ അകത്തുനിന്നു ഗൃഹനായികയുടെ രോദനസ്വ

രം കേൾക്കാറായി. ഗുരുചരണൻ നമ്രമുഖനായി ഇരുന്നു് ഉടുതുണിത്തുമ്പുകൊണ്ടു കണ്ണുകൾ ഒപ്പുവാൻ തുടങ്ങി. ഗിരീന്ദ്രനാകട്ടെ കുററക്കാരൻേറതുപോലെയുള്ള മുഖഭാവത്തോടുകൂടി ഒന്നും മിണ്ടാതെ ജനാലപ്പഴുതിൽക്കൂടെ പുറത്തേയ്ക്കു നോക്കിക്കൊണ്ടിരിപ്പുമായി. ലളിത മുമ്പുതന്നെ അവിടെനിന്നു പൊയ്ക്കഴിഞ്ഞിരുന്നു.

ഏതാനും നിമിഷങ്ങൾക്കുശേഷം ശേഖരൻ അടുക്കളയിൽനിന്നു പുറത്തുവന്നു് വരാന്തയിൽക്കൂടെ അകത്തളത്തിൽ കടന്നപ്പോൾ അവിടെ വാതലിൻെറ മറയിലായി ഇരുട്ടത്തു ലളിത നില്ക്കുന്നതുകണ്ടു. അവൾ നിലത്തുവീണു സാഷ്ടാംഗം നമസ്കരിച്ചതിനുശേഷം എഴുന്നേററു ശേഖരൻെറ അടുക്കലേയ്ക്കു നീങ്ങി, എന്തോ പ്രത്യാശിക്കുന്നതുപോലെ, കുറേനേരം തലയുയർത്തി അവൻെറ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു നിന്നു. അതിനുശേഷം അല്പം പിൻവാങ്ങിനിന്നിട്ടു വളരെ മൃദുസ്വരത്തിൽ ഇങ്ങനെ ചോദിച്ചു:— "എൻെറ എഴുത്തിനു മറുപടിയൊന്നും അയയ്ക്കാത്തതു് എന്തുകൊണ്ടാണു്?"

ശേഖരൻ:—"എഴുത്തോ! എനിക്കു കിട്ടിയില്ലല്ലൊ. എന്താണു് എഴുതിയിരുന്നതു്?"

ലളിത:—"പലതും എഴുതിയിരുന്നു. അതുപോകട്ടെ. ഇനി ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ലല്ലൊ. വർത്തമാനമെല്ലാം കേട്ടില്ലെ? ഇനി എന്താണു് അവിടുത്തെ കല്പന എന്നു് എന്നോടു പറയണം."

ശേഖരൻ:—(വിസ്മയത്തോടുകൂടി) "എൻെറ കല്പനയോ! എൻെറ കല്പനകൊണ്ടു എന്താണു് കാര്യം?"

ലളിത:—(അല്പം ശങ്കയോടെ ശേഖരൻെറ മുഖത്തേയ്ക്കു നോക്കിയിട്ട്) "എന്താണ് ഇങ്ങനെ ചോദിക്കുന്നതു്?"

ശേഖരൻ:—"അങ്ങനെയല്ലാതെ പിന്നെ എന്താണ് ഞാൻ ചോദിക്കേണ്ടതു്, ലളിതേ? ആരുടെമേലാണ് ഞാൻ കല്പന ചെലുത്തുന്നതു്?"

ലളിത:—"എൻെറമേൽ. അല്ലാതെ പിന്നെ ആരുടെ മേലാണ്?"

ശേഖരൻ:—"നിൻെറമേൽ ഞാനെന്തിനു കല്പനചെലുത്തുന്നു? അഥവാ ചെലുത്തിയാൽത്തന്നെ നീ അതു് അനുസരിക്കണമെന്നുണ്ടോ?"

അവൻെറ സ്വരത്തിൽ ഗാംഭീര്യത്തോടൊപ്പം അല്പം ദയനീയതയും കലന്നിരുന്നു.

ലളിത:—(അത്യന്തം ഭയത്തോടെ ഒന്നുകൂടി അടുക്കലേയ്ക്കു നീങ്ങിനിന്നു ദയനീയമായ സ്വരത്തിൽ) "മതിമതി. കളിയും നേരംപോക്കുംപറയുവാനുള്ള സമയമല്ല ഇതു്. ഞാനെന്താണ് വേണ്ടതെന്നു് ഉപദേശിക്കാൻ ദയവുണ്ടാകണം. ഭയത്താൽ രാത്രി എനിക്ക് ഉറക്കംകൂടിയില്ല."

ശേഖരൻ:— "എന്തു ഭയമാണ്?"

ലളിത:— "എന്തു ഭയമാണെന്നോ? കൊള്ളാം. അവിടുന്നു് അടുത്തില്ല; അമ്മയും ഇല്ല ഇവിടെ. ഭയമാവില്ലെ പിന്നെ? ഇതിന്നിടയിൽ എന്തൊക്കെയാണ് അമ്മാമൻ കാട്ടിക്കൂട്ടിയിരിക്കുന്നതു്, കേട്ടില്ലെ? ഇപ്പോഠം ഇനി അമ്മ എന്നെ വീട്ടിൽ കടത്തിയില്ലെങ്കിൽ എന്താണ് നിവൃത്തി?"

ശേഖരൻ:—(അല്പനേരം മൌനം അവലംബിച്ചു നി

ന്നതിനുശേഷം) "അതു ശരിയാണു്; അമ്മ വീട്ടിൽ കടത്തുകയില്ല. നിന്റെ അമ്മാവൻ മറെറാരാളുടെ പക്കൽനിന്നു് അനവധി പണം വാങ്ങിച്ചുകഴിഞ്ഞ വിവരം അമ്മ അറിഞ്ഞിട്ടുണ്ടു്. അതിനും പുറമെ നിങ്ങൾ ബ്രാഹ്മമതക്കാർ; ഞങ്ങൾ ഹിന്ദുക്കൾ."

"ചേച്ചീ, അമ്മ വിളിക്കുന്നു." എന്നു് ഈ അവസരത്തിൽ ആനന്ദകാളി അടുക്കളയിൽനിന്നു വിളിച്ചുപറഞ്ഞു. അതിനു മറുപടിയായി "ഇതാ വന്നു കഴിഞ്ഞു" എന്നു ലളിതയും വിളിച്ചുപറഞ്ഞു. എന്നിട്ടു സ്വരം ഒന്നുകൂടി താഴ്ത്തി അവൾ സംഭാഷണം തുടന്നു:— "അമ്മാവൻ ഏതു മതത്തിലെങ്കിലും ചേന്നോട്ടെ; അതുകൊണ്ടെനിക്കൊന്നുമില്ല. അവിടുത്തെ മതമേതോ അതുതന്നെയാണു് ഇപ്പോഴും എന്റെയും മതം. അമ്മ അവിടുത്തെ ഉപേക്ഷിക്കയില്ലെങ്കിൽ എന്നെയും ഉപേക്ഷിക്കയില്ല. പിന്നെ ഗിരീന്ദ്രബാബുവിന്റെ അടുക്കൽനിന്നു പണം വാങ്ങിച്ച കാൎയ്യമാണു്. അതു ഞാൻ മടക്കിക്കൊടുക്കും. കടം വാങ്ങിയ പണം ഇന്നല്ലെങ്കിൽ നാളെ കൊടുത്തു തീക്കാതെ കഴിയില്ലല്ലൊ."

ശേഖരൻ:—"ഇത്രവളരെ പണം നിനക്കു് എവിടെ നിന്നു കിട്ടും?"

ലളിത:—(ശേഖരന്റെ മുഖത്തേയ്ക്കു് ഒന്നു സൂക്ഷിച്ചു നോക്കി അല്പനേരം മിണ്ടാതെ നിന്നതിനുശേഷം) "സ്ത്രീകൾക്കു് എവിടെനിന്നാണു സാധാരണ പണം കിട്ടുക എന്നു് അവിടുത്തേയ്ക്കു് അറിഞ്ഞുകൂടേ? എനിക്കും അവിടന്നു തന്നെ കിട്ടും."

ഇത്രയും നേരം ആത്മനിയന്ത്രണത്തോടുകൂടി സംസാരിക്കുവാൻ ശേഖരനു സാധിച്ചു എങ്കിലും അവൻെറ ഉള്ളുകിടന്നു കത്തുകയായിരുന്നു. ഇത്തവണ അതിൻെറ ജ്വാല പുറത്തേയ്ക്കു പ്രകാശിച്ചു:— "പക്ഷേ, അമ്മാവൻ നിന്നെ വിററുകളഞ്ഞല്ലോ."

ഇരുട്ടായതുകൊണ്ടു ശേഖരൻെറ മുഖഭാവം ലളിതയ്ക്കു കാണ്മാൻ സാധിച്ചില്ല. എന്നാൽ സ്വരത്തിൻെറ വ്യത്യാസം അവൾക്കു നല്ലവണ്ണം ഗ്രഹിക്കുവാൻ കഴിഞ്ഞു. ദൃഢസ്വരത്തിലാണ് അവൾ അതിനു മറുപടി പറഞ്ഞതു്:— "അതെല്ലാം ശുദ്ധമേ നുണ! എൻെറ അമ്മാവനേപ്പോലെ ഇത്ര നല്ല ഒരാൾ ഭലാകത്തിൽ കാണാൻ പ്രയാസമാണ്. അദ്ദേഹത്തെ അവിടുന്നു കളിയാക്കരുതു്. അമ്മാവൻ അനുഭവിക്കുന്ന ദുഃഖവും കഷ്ടപ്പാടും അവിടുത്തേയ്ക്കു് അറിഞ്ഞുകൂടെങ്കിലും ലോകത്തിലുള്ള സകലക്കും അറിയാം. (ഇത്രയും പറഞ്ഞിട്ട് അവളൊന്നു് ഉമിനീരിറക്കി അല്പമൊന്നു സംശയിച്ചുനിന്നതിനു ശേഷം) അതിനും പുറമെ, അദ്ദേഹം പണം വാങ്ങിച്ചതു് എൻെറ വിവാഹം നടന്നതിനു ശേഷമാണ്. എന്നെ വില്ക്കുവാനുള്ള അധികാരം അദ്ദേഹത്തിനില്ല; അദ്ദേഹം വിററിട്ടുമില്ല. ആ അധികാരം അവിടുത്തേയ്ക്കു മാത്രമേയുള്ളു. പണം കൊടുക്കുവാനുള്ള മടികൊണ്ടു വേണമെങ്കിൽ എന്നെ വിററുകളയുവാൻ അവിടുന്നു വിചാരിച്ചാൽ കഴിയും!"

ഇത്രയും പറഞ്ഞുതീർത്തിട്ടു, മറുപടി കേൾക്കുവാൻ കാത്തുനില്ക്കാതെ അവൾ അതിവേഗത്തിൽ അടുക്കളയിലേയ്ക്കു നടന്നുകളഞ്ഞു.

# ഒമ്പതാം അദ്ധ്യായം

അന്നു വളരെ നേരം ഇരുട്ടുന്നതുവരെ ശേഖരൻ ഇതികൎത്തവ്യതാമൂഢനെപ്പോലെ, വിഫലമനസ്കനായി കണ്ട വഴികളിലെല്ലാം നിഷ്പ്രയോജനമായി ചുററിനടന്നതിനുശേഷം, ഒടുവിൽ വീട്ടിൽ മടങ്ങിയെത്തി തൻെറ മുറിയിൽ പ്രവേശിച്ചു. അപ്പോഴത്തെ അവൻെറ മനോവിചാരം ഇപ്രകാരമായിരുന്നു:— "ഇത്തിരിയുള്ള അന്നത്തെ ആ ലളിത ഇത്രയെല്ലാം സംസാരിക്കാൻ പഠിച്ചതെങ്ങിനെ? നിർല്ലജ്ജയായ ഒരു വായാടിയേപ്പോലെ എൻെറ മുഖത്തു നോക്കി ഇത്രയെല്ലാം പറയുവാൻ അവൾക്കെങ്ങനെ ധൈൎയ്യം വന്നു?"

ലളിതയുടെ അന്നത്തെ പെരുമാററം യഥാൎത്ഥത്തിൽ ശേഖരൻെറ മനസ്സിൽ അതിരററ വിസ്മയവും കോപവും ഉളവാക്കി. എന്നാൽ ആ കോപത്തിൻെറ യഥാൎത്ഥമായ കാരണമെന്തെന്നു് അവൻ ക്ഷമയോടെ ഒന്നാലോചിച്ചു നോക്കിയിരുന്നെങ്കിൽ, ലളിതയല്ല, താനാണു് അതിൽ തികച്ചും കുററക്കാരനെന്നു് അവനു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

ഈ കഴിഞ്ഞ ഏതാനും മാസങ്ങളായി ലളിതയെ പിരിഞ്ഞു വിദേശത്തിൽ വസിച്ചിരുന്ന കാലമത്രയും സങ്കല്പലോകത്തിലെ സഞ്ചാരംകൊണ്ടാണു് ശേഖരൻ കഴിച്ചുകൂട്ടിയതു്. കേവലം കല്പനാമയങ്ങളായ സുഖദുഃഖങ്ങളേയും ലാഭനഷ്ടങ്ങളേയും കണക്കുകൂട്ടി, ലളിതയും തൻെറ ഭാവിജീവിതവുമായി എ

ത്രമാത്രം അച്ഛേദ്യമായ ബന്ധമുണ്ടെന്നും അവളെക്കൂടാതെ ജീവിച്ചിരിക്കുക എന്നുള്ളതു തനിക്കു് എത്രത്തോളം ദുഷ്കരവും ദുഃഖകരവുമാണെന്നും അവൻ ഗാഢമായി ആലോചിച്ചുനോക്കിക്കൊണ്ടിരുന്നു. കുട്ടിക്കാലംമുതല്ക്കേ ലളിത തന്റെ കുടുംബത്തിലെ ഒരംഗമെന്ന നിലയിൽ അതിനോടു ചേർന്നുകഴിഞ്ഞിരുന്നതിനാൽ, ഇനി വിശേഷിച്ചു്, ഒരു പുത്രിയുടേയോ സഹോദരിയുടേയോ നിലയിൽ അവളെ വീണ്ടും അതിനോടു ഘടിപ്പിച്ചു ചിന്തിച്ചുനോക്കേണ്ട ആവശ്യം അശേഷമുണ്ടായിരുന്നില്ല; അതിനായിട്ടു് അവൻ മുതിർന്നതുമില്ല. ലളിതയെ തനിക്കു പക്ഷേ, കിട്ടാതെവന്നെങ്കിലോ, അച്ഛനമ്മമാർ ഈ വിവാഹത്തിനു സമ്മതം നല്കിയില്ലെങ്കിലോ, അങ്ങനെയായാൽ അവൾ മറ്റൊരുത്തനു് അധീനയായിത്തീർന്നുപോവുകയില്ലേ? ഇങ്ങനെയെല്ലാമുള്ള വഴികളിൽക്കൂടിയായിരുന്നു അവന്റെ ആലോചനയുടെ പോക്കു്. ഈ ദുശ്ശങ്ക അവനു പണ്ടുതന്നെ ഉണ്ടായിരുന്നതിനാലാണു് വിദേശത്തേയ്ക്കു പുറപ്പെടുന്നതിനു തലേ ദിവസം രാത്രിയിൽ അവൻ ബലാൽക്കാരേണ അവളുടെ കഴുത്തിൽ മാലയിട്ടിട്ടു് ആ വഴിക്കുള്ള വിടവു കെട്ടിയടച്ചുകളഞ്ഞതു്.

ഗുരുചരണന്റെ മതപരിവർത്തനവൃത്താന്തം വിദേശത്തിൽവെച്ചു കേൾക്കുവാൻ ഇടയായതു മുതൽ ലളിതയെ പക്ഷേ, തനിക്കു കിട്ടാതെവന്നെങ്കിലോ എന്നൊരു വിചാരം ശേഖരനെ രാപ്പകൽ അലട്ടിക്കൊണ്ടിരുന്നു. സുഖകരമായാലും ദുഃഖകരമായാലും വിചാരത്തിന്റെ ആ ഒരുവശം മാത്രമേ അന്നുമുതൽ

അവനു പരിചിതമായിരുന്നുള്ളു. എന്നാൽ ഇന്നു ലളിതയുടെ മുഖത്തുനിന്നു പുറപ്പെട്ട വ്യക്തമായ വാക്കുകൾ ആ വശം കെട്ടിയടച്ചിട്ടു്, വിചാരധാരയെ പെട്ടെന്നു നേരെ വിപരീതമായ വശത്തുകൂടെ പ്രവഹിക്കുവാൻ ഇടയാക്കി. കൈവിട്ടുപോയെങ്കിലോ എന്നായിരുന്നു ഇതുവരെ അവന്റെ വിചാരം. എന്നാൽ ഇപ്പോൾ നേരേമറിച്ചു്, "കൈവിടാൻ കഴിയാതെ വന്നെങ്കിലോ" എന്നായി.

ശ്യാമ്ബസാറിലുള്ള വിവാഹാലോചന ഇതിനിടയിൽ തകൎന്നുപോയിരുന്നു. അത്രവളരെ പണം കൊടുക്കുന്നകാൎയ്യത്തിൽ അവർ അങ്ങേഅററംവരെ വിസമ്മതം പ്രദൎശിപ്പിച്ചു; ശേഖരന്റെ അമ്മയ്ക്കു പെണ്ണിനെ അത്ര പിടിച്ചിരുന്നുമില്ല. അതിനാൽ ആ ധൎമ്മസങ്കടത്തിൽനിന്നു ശേഖരനു തൽക്കാലം മോചനം ലഭിച്ചു. എന്നാൽ പതിനായിരത്തിന്റേയും ഇരുപതിനായിരത്തിന്റേയും കാൎയ്യം നവീനറായി ഇനിയും മറന്നിട്ടില്ല. ആ കാൎയ്യത്തിൽ അദ്ദേഹം അലസനായി ഇരിക്കയുമല്ലായിരുന്നു.

ഇനി എന്താണു് വേണ്ടതു് എന്നായി ശേഖരന്റെ ആലോചന. അന്നത്തെ രാത്രിയിലെ ആ ചെറിയ സംഭവം ഇത്രവളരെ ഗൌരവമേറിയതായിത്തീരുമെന്നു്—യഥാൎത്ഥത്തിൽ തന്റെ വിവാഹം നടന്നുകഴിഞ്ഞു എന്നും, ധൎമ്മപ്രകാരം ഇനി യാതൊരു കാരണത്താലും അതിനെ അന്യഥാകരിക്കുവാൻ സാദ്ധ്യമല്ലെന്നും ലളിത ഇത്ര ദൃഢതയോടെ വിശ്വസിക്കുവാൻ ഇടയാകുമെന്നു്—ശേഖരൻകരുതിയിരുന്നില്ല. "സംഭവിക്കേണ്ടതു സംഭവിച്ചുകഴിഞ്ഞു; ഇനി അ

തു മാററുവാൻ നിനക്കും എനിക്കും സാദ്ധ്യമല്ല." എന്നിങ്ങനെ ശേഖരൻതന്നെ സ്വന്തം നാവുകൊണ്ടു് ഉച്ചരിച്ചിരുന്നു എങ്കിലും, അന്നു് ആ സംഭവത്തെ ഇന്നത്തെ നിലയിൽനിന്നുകൊണ്ടു് അവൻ ആലോചിച്ചു നോക്കിയിരുന്നില്ല; ആലോചിച്ചുനോക്കുവാനുള്ള ശക്തിയും അവനുണ്ടായിരുന്നില്ല; പക്ഷേ, അതിനുള്ള അവസരവും അവനു് അന്നു് കിട്ടിയിരുന്നില്ല. പാരിടമെല്ലാം പാലൊളിയിലാറാടുമാറു് ആകാശത്തിൽ അമൃതകിരണൻ പൂർണ്ണപ്രഭയോടെ പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്ന ആ മോഹനവേളയിൽ, കഴുത്തിൽ പൂമാലയോടുകൂടിയ പ്രിയതമയെ തൻെറ വക്ഷസ്സുടത്തോടു ചേർത്തുനിർത്തി, അവളുടെ അപ്പൊഴത്തെ അസാധാരണമായ ഹൃദയസ്പന്ദനത്തെ ഇദംപ്രഥമമായി അനുഭവിച്ചറിയുവാൻ അസാമാന്യമായി ഉള്ളിൽ പൊങ്ങിവന്ന മോഹത്തെ അമർത്തിവെക്കുവാൻ അവൻ ആളായില്ല. തന്നേയോ തൻെറ കുടുംബത്തേയോ സംബന്ധിച്ച ഗുണദോഷങ്ങളൊന്നും അപ്പോൾ അവൻെറ മനസ്സിൽ കടക്കുകയുണ്ടായില്ല. പണക്കൊതിയനായ പിതാവിൻെറ ഉഗ്രമൂർത്തി അവൻെറ മനോനേത്രത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്തില്ല. അമ്മയ്ക്കു ലളിതയുടെ പേരിൽ വളരെ സ്നേഹമാണെന്നു അവനറിയാം. അതിനാൽ അവരെ പറഞ്ഞു സമ്മതിപ്പിക്കുവാൻവലിയ വിഷമമൊന്നും നേരിടുകയില്ലെന്നു് അവൻ കണക്കാക്കി. പിന്നെയുള്ളതു് അച്ഛനാണ്. ജ്യേഷ്ഠൻവഴിക്കു് അദ്ദേഹത്തെക്കൂടി വല്ലവിധത്തിലും വഴിപ്പെടുത്തുവാൻ സാധിച്ചാൽ, പിന്നെയെല്ലാം അവസാ

നംവരെ ഭംഗിയായി നടന്നുകൊള്ളും എന്നാണു് അവൻ കരുതിയതു്. എന്നു തന്നെയല്ല, അന്നു് ഗുരുചരണൻ ഈ വിധത്തിൽ, തന്നെ തങ്ങളിൽനിന്നും തീരെ വേർപെടുത്തി ആശാമാർഗ്ഗത്തിൻെറ മുഖത്തെ കരിങ്കല്ലുകൊണ്ടു കെട്ടിയടച്ചിട്ടുമില്ലായിരുന്നു. എല്ലാംകൊണ്ടും ഇന്നു ഭാഗ്യദേവത തന്നിൽനിന്നും മുഖംതിരിച്ചു് എങ്ങോട്ടോ നോക്കിയിരിക്കയാണെന്നു് അവൻ കണ്ടു. യഥാർത്ഥത്തിൽ ശേഖരനു് ആലോചിക്കുവാൻ വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. അച്ഛനെ പറഞ്ഞു സമ്മതിപ്പിക്കുന്ന കാര്യം മാ കിടക്കട്ടെ; അമ്മയേപ്പോലും സമ്മതിപ്പിക്കുന്നതു് സാദ്ധ്യമല്ലെന്നു് അവനറിയാമായിരുന്നു. അക്കാര്യം പ്രസ്താവിക്കുവാനുള്ള മാർഗ്ഗംപോലും അടഞ്ഞുപോയിരിക്കുന്നതായി അവൻ കണ്ടു.

“ഇനി എന്താണു് ചെയ്യേണ്ടതു്?” എന്നു് ശേഖരൻ ഒരു ദീർഘശ്വാസം ഇട്ടുകൊണ്ടു് ഒരിക്കൽ കൂടി തന്നെത്താൻ ചോദിച്ചു. ലളിതയെ അവൻ നല്ലവണ്ണം അറിയും. അവനാണല്ലൊ അവളുടെ ഗുരുനാഥൻ. “ഇതെൻെറ കർത്തവ്യമാണു്—ധർമ്മമാണു്” എന്നു് ഒരിക്കൽ താൻ ധരിച്ചുവെച്ച കാര്യത്തെ പിന്നെ ഒരുപ്രകാരത്തിലും കൈവെടിയുന്നവളല്ല അവൾ. താൻ ശേഖരൻെറ ധർമ്മപത്നിയാണെന്നു് അവൾ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് അവൾ അന്നു് സന്ധ്യയ്ക്കു്, ആ ഇരുട്ടത്തും, അശേഷം സങ്കോചംകൂടാതെ ശേഖരൻെറ സമീപത്തിൽ ഉറച്ചുനിന്നിട്ടു അവൻെറ മുഖത്തേയ്ക്കു നോക്കി മടികൂടാതെ സംസാരിച്ചതു്.

ഗിരീന്ദ്രനുമായി അവളുടെ വിവാഹം നടത്തുവാനുള്ള ആലോചന ആരംഭിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവളെ അതിൽ വഴിപ്പെടുത്തുവാൻ ആൎക്കും സാദ്ധ്യമാവുകയില്ല. ഈ അവസരത്തിൽ അവൾ മൌനം അവലംബിച്ചുനില്ക്കാതെ എല്ലാം തുറന്നു പറഞ്ഞുകളയും—ശേഖരന്റെ കണ്ണും മുഖവും കലങ്ങി. സത്യമല്ലേ അതു? മാല കൈമാറിയതുകൊണ്ടുമാത്രം അവൻ തൃപ്തനായോ? അവളെ തന്റെ മാറോടു ചേൎത്തു ആശ്ലേഷിക്കുകകൂടി ചെയ്തില്ലേ? ലളിത അതിനു തടസ്സമൊന്നും പറഞ്ഞില്ല. അതിൽ ദോഷമൊന്നുമില്ലാത്തതുകൊണ്ടാണു് അവൾ തടസ്സം പറയാതിരുന്നതു്; അവനു അതിനധികാരമുള്ളതുകൊണ്ടാണ് അവൾ ഒന്നും പറയാതിരുന്നതു്. ആ പ്രവൃത്തിക്കു്—ആ മൎയ്യാദകേടിനു്—അവൻ ഇപ്പോൾ ആരോടു് എന്തു സമാധാനം പറയും?

അച്ഛനമ്മമാരുടെ സമ്മതംകൂടാതെ ലളിതയെ വിവാഹംചെയ്യുവാൻ ഒരിക്കലും സാദ്ധ്യമല്ല; അതു നിശ്ചയമാണു്. എന്നാൽ ഗിരീന്ദ്രനുമായി ലളിതയുടെ വിവാഹം നടക്കാത്തതിന്റെ കാരണം വെളിപ്പെടുമ്പോൾ ശേഖരൻ പിന്നെ വീട്ടിലും പുറത്തും മററുള്ളവരുടെ മുമ്പിൽ മുഖം കാണിക്കുന്നതെങ്ങനെ?

---

# പത്താം അദ്ധ്യായം

അസാദ്ധ്യമെന്നു കണ്ടിട്ടു ശേഖരൻ ലളിതയുടെ പേരിലുള്ള ആശ തീരെ കൈവെടിഞ്ഞിരിക്ക

യാണ്. ആദ്യം കുറെ ദിവസത്തേയ്ക്ക് അവന്റെ മന സ്സിൽ വല്ലാത്ത ഭയമുണ്ടായിരുന്നു. പെട്ടെന്നു ലളിത തന്റെ അടുക്കലേയ്ക്കുതന്നെ ഓടിവന്നെങ്കിലോ, അവൾ എല്ലാ കാൎയ്യവും പരസ്യമാക്കിയെങ്കിലോ, കണ്ടവരോടെല്ലാം അതിനുവേണ്ടി സമാധാനം പറയേണ്ടിവന്നെങ്കിലോ എന്നൊക്കെ ഓർത്തിട്ട് അവന് അശേഷം മനസ്സമാധാനമില്ലായിരുന്നു. എന്നാൽ ഭാഗ്യവശാൽ അവനോട്ട് ആരും ഒന്നും ചോദിക്കുകയുണ്ടായില്ല. കാൎയ്യം വല്ലതും വെളിയിലായോ ഇല്ലയോ എന്നുകൂടി അറിയുവാൻ തരമില്ലായിരുന്നു. അങ്ങേ വീട്ടിൽനിന്നും ആരും ഇങ്ങോട്ടു കടക്കുകകൂടി ചെയ്യാതായി. ശേഖരന്റെ മുറിയുടെ മുൻവശത്തുള്ള വരാന്തയിൽ നിന്നാൽ ഗുരുചരണന്റെ മച്ചിൻമുകളിലത്തെ വിശേഷങ്ങളെല്ലാം കാണാൻ സാധിക്കും. തന്നെ കണ്ടെങ്കിലോ എന്നുള്ള ഭയത്താൽ ശേഖരൻ ആ വരാന്തയിൽപ്പോലും പോയി നില്ക്കാതായി. ഇങ്ങനെ നിൎവിഘ്നം ഒരു മാസം കഴിഞ്ഞപ്പോഴേ ശേഖരനു നേരേനിന്നു ശരിയായി ശ്വാസം കഴിക്കുവാൻ സാധിച്ചുള്ളു. "ആവൂ! പെണ്ണുങ്ങളെ സമ്മതിക്കണം. നാണവും മാനവും ഉള്ള കൂട്ടർതന്നെയാണ് അവർ. ഈ വക കാൎയ്യങ്ങൾ അവർ വെളിയിൽ മിണ്ടിപ്പോവുകയില്ല്യ" എന്ന് അവൻ തന്നെത്താൻ പറഞ്ഞുപോയി. "പെണ്ണുങ്ങൾ, നെഞ്ചു പൊളിഞ്ഞാലും വായ പൊളിക്കുകയില്ല." എന്ന് അവൻ കേട്ടിട്ടുണ്ട്. ആ ചൊല്ല് അക്ഷരംപ്രതി ശരിയാണെന്ന് അവന് ഇപ്പോൾ വിശ്വാസമായി. ഇപ്രകാരമുള്ള ഒരു ദൌർബ്ബല്യം

സൃഷ്ടികർത്താവു് അക്കൂട്ടൎക്ക് നൽകിയതിൽ അദ്ദേഹം പ്രദൎശിപ്പിച്ച ബുദ്ധിസാമൎത്ഥ്യത്തെ അവൻ മനസാ പ്രശംസിക്കയും ചെയ്തു. പക്ഷേ, എന്തൊരാശ്ചൎയ്യം! ഇത്രയൊക്കെയായിട്ടും അവനു മനസ്സമാധാനം എവിടെ? "ഇനി ഭയപ്പെടാനില്ല" എന്നു് അവനു് എപ്പോൾ തോന്നിയോ അപ്പോൾ മുതൽ അഭൂതപൂൎവ്വമായ ഏതോ ഒരു വ്യഥയാൽ അവൻെറ നെഞ്ചു തകൎന്നുപോകുവാൻ തുടങ്ങുന്നതെന്തുകൊണ്ടു്? അടിയ്ക്കടി അവൻെറ ഹൃദയം നിശിതമായ നൈരാശ്യം, തീവ്രമായ വേദന, ഉൽക്കടമായ ആശങ്ക എന്നിവയുടെ ആക്രമണത്താൽ അടിത്തട്ടുവരെ കിടന്നു വിറയ്ക്കുവാൻ കാരണമെന്തു്? "ലളിത, അപ്പോൾ, ഒന്നും പുറത്തു പറയുകയില്ലെന്നോ? മററൊരുത്തൻെറ കൈയിൽ അവളെ പിടിച്ചേല്പിക്കുന്ന സമയംവരെ അവൾ മൌനം അവലംബിച്ചുനിന്നുകളയുമെന്നോ?" എന്നൊരു ചോദ്യം, വിവാഹം കഴിഞ്ഞു് അവൾ ഭൎത്തൃഗൃഹത്തിലേയ്ക്കു പൊയ്ക്കഴിഞ്ഞു എന്നു വിചാരിച്ചു് ആശ്വാസംകൊള്ളുന്ന സന്ദൎഭത്തിലും അവൻെറ ഹൃദയാന്തൎഭാഗത്തിൽനിന്നും പുറപ്പെട്ടു് അകത്തും പുറത്തും ഒരുപോലെ അവനെയിട്ടു ദഹിപ്പിക്കുന്നതിനു് എന്താണു കാരണം?

പണ്ടൊക്കെ ശേഖരൻ സായാഹ്നസഞ്ചാരത്തിനായി വെളിയിൽ പോകാതെ തൻെറ മുറിയുടെ മുൻവശത്തുള്ള വരാന്തയിൽത്തന്നെ അങ്ങുമിങ്ങും ലാത്തിക്കൊണ്ടിരിക്കയായിരുന്നു പതിവു്. ആ പതിവു് അവൻ ഇപ്പോൾ വീണ്ടും തുടങ്ങി. എന്നാൽ ഒരു ദിവസമെങ്കിലും അങ്ങേവീട്ടിലെ മച്ചിൻമുക

ളിൽ ആരേയും അവൻ കാണുകയുണ്ടായില്ല. ഒരു ദിവസം മാത്രം യദൃച്ഛയാ ആനാകാളി എന്തോ ആവശ്യത്തിനായി മുകളിൽ വന്നിരുന്നു. പക്ഷേ, അവനെ കണ്ടതോടുകൂടി അവൾ പെട്ടെന്നു മുഖം താഴ്ത്തുകയും അവളെ വിളിക്കണോ വേണ്ടയോ എന്നു് അവൻ ആലോചിച്ചുറയ്ക്കുന്നതിനുമുമ്പായി അവിടെനിന്നു കടന്നുകളയുകയും ചെയ്തു. ആ സംഭവത്തെ ശേഖരൻ ഇങ്ങനെ വ്യാഖ്യാനിച്ചു:— "ഹും! നോക്കണേ, ഗതാഗതത്തിനുള്ള വഴി അടച്ചു മതിൽ കെട്ടിപ്പൊക്കിയതിൻെറ അർത്ഥം ഇത്തിരിയുള്ള ഈ കാളിയുംകൂടി മനസ്സിലാക്കിക്കഴിഞ്ഞു."

പിന്നെയും കഴിഞ്ഞു ഒരു മാസം.

ഒരു ദിവസം സംഭാഷണമദ്ധ്യേ ഭുവനേശ്വരി ചോദിക്കുകയാണു്:— "ഇതിന്നിടയിൽ വല്ലപ്പോഴും നീ ലളിതയെ കാണുകയുണ്ടായോ, ശേഖരാ?"

ശേഖരൻ:— (തലയാട്ടിക്കൊണ്ടു്) "ഇല്ല, എന്തിനാണമ്മേ?"

അമ്മ:— "രണ്ടുമാസത്തോളമായി ഞാൻ അവളെ കണ്ടിട്ടു്. ഇന്നലെ ആ വരാന്തയിൽ നില്ക്കുന്നതുകണ്ടിട്ടു ഞാൻ വിളിച്ചു. പാവം! എൻെറ കുഞ്ഞു് എന്തൊരു മാതിരിയായിപ്പോയി! ദേഹം മെലിഞ്ഞു്, മുഖമെല്ലാം ഒട്ടി, ശുദ്ധമേ കിഴവിയെപ്പോലെയായിത്തീൎന്നു. പതിന്നാലു വയസ്സുള്ള പെണ്ണാണെന്നു് ആരും കണ്ടാൽ പറയുകയില്ല. മുഖത്തിലെ മുദ്ര അത്രമാത്രം മാറിപ്പോയിട്ടുണ്ടു്. (കണ്ണുകളിൽ നിറഞ്ഞുവന്ന ബാഷ്പത്തെ കൈകൊണ്ടു തുടച്ചുകളഞ്ഞിട്ടു് ഇടറിയ

സ്വരത്തിൽ) ഉടുത്തിരിക്കുന്ന വസ്ത്രമാണെങ്കിൽ വളരെ മുഷിഞ്ഞിരിക്കുന്നു. മടിക്കുത്തിനടുത്തു കീറിപ്പോയിട്ടു തുന്നിയിരിക്കയാണു്. "നിനക്കു വേറെ വസ്ത്രമില്ലേ, മകളേ?" എന്നു ഞാൻ ചോദിച്ചു. "ഉണ്ടു്" എന്നാണു് അവൾ മറുപടി പറഞ്ഞതു്. പക്ഷേ, എനിക്കതു വിശ്വാസമാകുന്നില്ല. അവളുടെ അമ്മാവൻ വാങ്ങിക്കൊടുത്ത വസ്ത്രം ഒരിക്കലും അവൾ ഉടുത്തിട്ടില്ല. ഞാൻതന്നെയാണു് എല്ലാം വാങ്ങിക്കൊടുക്കാറു്. ആറേഴുമാസമായിട്ടു ഞാനും ഒന്നും വാങ്ങിക്കൊടുത്തിട്ടില്ല.—"

ഭുവനേശ്വരിക്കു സംസാരിക്കുവാൻ വയ്യാതായി. അവൾ വസ്ത്രാഞ്ചലത്താൽ തൻെറ കണ്ണുകൾ പലപ്രാവശ്യവും തുടച്ചു. വാസ്തവത്തിൽ ലളിതയെ സ്വന്തം മകളെപ്പോലെയാണു് അവർ സ്നേഹിച്ചുവന്നിരുന്നതു്.

ശേഖരൻ മിണ്ടാതെ മററൊരു ദിക്കിലേയ്ക്കു നോക്കിക്കൊണ്ടുനിന്നു. കുറെ അധികംനേരം കഴിഞ്ഞപ്പോൾ ഭുവനേശ്വരിവീണ്ടും തുടന്നു:—"ഞാനൊഴിച്ചു മററാരോടും അവൾ ഒരിക്കലും യാതൊന്നും ചോദിക്കാറില്ല. പതിവല്ലാത്ത സമയത്തു വിശന്നു തുടങ്ങിയാൽപ്പോലും അവൾ ആ സംഗതി വീട്ടിൽ മിണ്ടിപ്പോവുകയില്ല. അതിനും ഞാൻതന്നെ വേണം അവൾക്കു്; അന്നു് അവൾ എൻെറ പുറകേതന്നെ ചുററിപ്പററിക്കൂടും. അവളുടെ മുഖം കണ്ടാൽ ഉടനെ എനിക്കു കാൎയ്യം മനസ്സിലാവുകയും ചെയ്യും. അതൊക്കെയോൎക്കുമ്പോഴാണു്, ശേഖരാ, എൻെറ മന

സ്സു കിടന്നുപിടയുന്നതു്. വിശന്നുതുടങ്ങുമ്പോൾ ഇപ്പോഴും അവൾ വാടിവരണ്ട മുഖവുമായി അവിടവിടെ ചുററിപ്പററി നടക്കുകയേ ഉള്ളു; ആരുമൊന്നും അറിയുകയുമില്ല, ചോദിക്കയുമില്ല! എന്നെ അവൾ 'അമ്മ' എന്നു വിളിക്കുകമാത്രമല്ല, അമ്മയെപ്പോലെ സ്നേഹിക്കുകയും ചെയ്തിരുന്നു."

അമ്മയുടെ മുഖത്തേയ്ക്കു നോക്കുവാനുള്ള ധൈര്യം ശേഖരനുണ്ടായില്ല. അവൻ ഏതു ദിക്കിലേയ്ക്കു നോക്കിക്കൊണ്ടു നിന്നിരുന്നുവോ, ആ ദിക്കിലേയ്ക്കു തന്നെ നോക്കിക്കൊണ്ടു് ഇങ്ങിനെ അഭിപ്രായപ്പെട്ടു:—"എന്നാൽ ഒരു കാര്യം ചെയ്യരുതേ, അമ്മേ? അവളെ വിളിച്ചു എന്തൊക്കെയാണു് ആവശ്യമെന്നു ചോദിച്ചറിഞ്ഞു കൊടുക്കരുതോ?"

അമ്മ:—"കൊടുത്താൽ അവളിനി വാങ്ങുമോ? നിൻെറ അച്ഛൻ അങ്ങുമിങ്ങും ഗതാഗതത്തിനുള്ള മാർഗ്ഗംകൂടി അടച്ചുകളഞ്ഞില്ലേ? ഞാൻ തന്നെ ഇനി എങ്ങനെയാണു് അവളോടു ചോദിക്കുക. കുടുംബക്ലേശംകൊണ്ടു് വീർപ്പുമുട്ടുന്ന ഗുരുചരണൻ മനസ്സിലെ വൈരാഗ്യംകൊണ്ടു് ബോധമില്ലാതെ ഒരവിവേകം പ്രവൎത്തിച്ചുപോയി. നമ്മളൊക്കെ അയാൾക്കു വേണ്ടപ്പെട്ട ആളുകളല്ലേ? എന്തെങ്കിലും ഒരു പ്രായശ്ചിത്തമോ മററോ ചെയ്യിച്ചു് അതു മൂടിക്കളയുകയല്ലെ വേണ്ടിയിരുന്നതു്? അതൊന്നുമല്ല ഭാവം. 'വെട്ടൊന്നു്, തുണ്ടു രണ്ടു്' എന്ന തരത്തിൽ തീരെ പുറംതള്ളിക്കളഞ്ഞു. ഇനി ഒന്നുകൂടി ഞാൻ പറഞ്ഞേയ്ക്കാം. നിൻെറ അച്ഛൻെറ അസഹ്യമായ ഉപദ്രവംകൊണ്ടാണു് അ

യാറം ഇത്തരത്തിലൊക്കെ പ്രവൎത്തിച്ചതു്. പണത്തിനുവേണ്ടി ഒരാളെ എത്രയെന്നുവെച്ചു ബുദ്ധിമുട്ടിക്കാം. ഞെരുക്കലോടെ ഞെരുക്കൽ. മീതെയ്ക്കുമീതെ ഞെരുക്കൽ. വൈരാഗ്യം മൂത്താൽ മനുഷ്യർ എന്തും ചെയ്തുകളയും. ഒന്നു നോക്കുമ്പോറം ഗുരുചരണൻ ചെയ്തതു വളരെ നന്നായി എന്നാണു് എനിക്കു തോന്നുന്നതു്. ആ ഗിരീന്ദ്രൻ നമ്മെക്കാളൊക്കെ അവൎക്കു വേണ്ടപ്പെട്ടവനാണു്. ലളിതയെ അവനു വിവാഹംചെയ്തുകൊടുത്തു കഴിഞ്ഞാൽ, പെണ്ണിനു പിന്നെ വളരെ സുഖമാണു്, അതു ഞാൻ പറഞ്ഞേക്കാം. വരുന്ന മാസത്തിൽത്തന്നെ വിവാഹം നടക്കുമെന്നാണു കേട്ടതു്."

ശേഖരൻ:— (പെട്ടെന്നു മുഖം തിരിച്ചു് അമ്മയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു്) "വരുന്ന മാസത്തിൽത്തന്നെ നടക്കുമെന്നോ?"

അമ്മ:— "അങ്ങനെയാണു ഞാൻ കേട്ടതു്."

ശേഖരൻ പിന്നെയൊന്നും പറഞ്ഞില്ല

കുറെ നേരം മിണ്ടാതെ ഇരുന്നതിനുശേഷം ഭുവനേശ്വരി വീണ്ടും തുടൎന്നു:— "ലളിത പറഞ്ഞു, അവളുടെ അമ്മാവനു് ഈയിടയായി ദേഹത്തിനു നല്ല സുഖമില്ല എന്നു്. എങ്ങനെയാണു സുഖമുണ്ടാവുക? സ്വതേതന്നെ അയാറംക്കു മനസ്സുഖമില്ല; അതിനും പുറമെ വീട്ടിൽ എന്നും കരച്ചിലും പിഴിച്ചിലും തന്നെ. സമാധാനമെന്നതു് ആ വീട്ടിൽ ഒരു മിനിററുനേരത്തേയ്ക്കുപോലുമില്ല."

ശേഖരൻ മിണ്ടാതെനിന്നു് എല്ലാം കേട്ടു. അല്പനേരം കഴിഞ്ഞു് അമ്മ എഴുന്നേററുപോയപ്പോഠം അവൻ തൻെറ കിടക്കയിൽ പോയിക്കിടന്നു. അവൻെറ അപ്പോഴത്തെ വിചാരമെല്ലാം ലളിതയെപ്പററിയായിരുന്നു.

ശേഖരൻെറയും മററും വീടിനു മുൻവശത്തുള്ള ഇടവഴിക്കു, രണ്ടു വണ്ടികഠംക്കു യഥേച്ഛം ഗതാഗതം ചെയ്യാൻ വേണ്ടിടത്തോളം വീതി ഇല്ലായിരുന്നു. ഒരു വണ്ടി ഒരു ഭാഗത്തേയ്ക്കു് ഒഴിഞ്ഞു വഴിയരികിലായി നല്ലവണ്ണം ചേൎന്നുനിന്നാലല്ലാതെ മറെറാരു വണ്ടിക്കു അതിലേ കടന്നുപോകുവാ:ൻ സാധിക്കുകയില്ല. എട്ടുപത്തു ദിവസങ്ങഠംക്കുശേഷം ഒരു സായാ:ഹ്നത്തിൽ ആഫീസ്സിൽനിന്നും മടങ്ങിവരുന്ന വഴിക്കു ശേഖരൻെറ വണ്ടി ഗുരുചരണൻെറ വീടിനു മുൻവശത്തുവെച്ചു മേൽപ്രകാരം മറെറാരു വണ്ടിയാൽ തടയപ്പെട്ടു. ശേഖരൻ വണ്ടിയിൽനിന്നിറങ്ങി അന്വേഷിച്ചപ്പോഠം ഡാക്ടർ വന്ന വണ്ടിയാണു് അവിടെ കിടക്കുന്നതെന്നു് അറിയുവാൻ ഇടയായി.

ഗുരുചരണൻെറ ശരീരത്തിനു നല്ല സുഖമില്ലെന്നു് ഏതാനും ദിവസങ്ങഠംക്കുമുമ്പു് അമ്മ പറഞ്ഞിരുന്നതു് അവൻ അപ്പോഠം ഓൎത്തു. അതിനാൽ സ്വന്തം വീട്ടിലേയ്ക്കു പോകാതെ അവൻ അകത്തു കടന്നു നേരേ ഗുരുചരണൻെറ ശയനഗൃഹത്തിൽ പ്രവേശിച്ചു. കാൎയ്യം അവൻ സംശയിച്ചതുതന്നെയാണു്. ഗുരുചരണൻ ഒരു കട്ടിലിന്മേൽ നിൎജ്ജീവനെപ്പോലെ കിടക്കുകയാണു്. ഒരുഭാഗത്തായി ല

ളിതയും ഗിരീന്ദ്രനും വാടിയ മുഖവുമായി നില്പുണ്ടു്. മുൻവശത്തു് ഒരു കസേരയിൽ ഇരുന്നു ഡാക്ടർ രോഗിയെ പരിശോധിച്ചുകൊണ്ടിരുന്നു.

ശേഖരനെ കണ്ടപ്പോൾ ഗുരുചരണൻ അസ്പഷ്ടസ്വരത്തിൽ അവനോടു് ഇരിക്കുവാൻ പറഞ്ഞു. ലളിത തലയിലെ ആവരണവസ്ത്രം ഒന്നുകൂടി വലിച്ചിട്ടിട്ടു് മുഖംതിരിച്ചു നിന്നു.

ഡാക്ടർ ആ നാട്ടുകാരൻ തന്നെയാണു്; ശേഖരനെ അറിയും. രോഗം പരിശോധിച്ചു മരുന്നു നിശ്ചയിച്ചതിനുശേഷം അദ്ദേഹം ശേഖരനേയുംകൂട്ടിക്കൊണ്ടു പുറത്തളത്തിൽ വന്നിരുന്നു. ഗിരീന്ദ്രൻ പുറകെവന്നു് ഉറപ്പിക കൊടുത്തു് ഡാക്ടരെ യാത്രയാക്കുവാൻ ഭാവിച്ച അവസരത്തിൽ ഡാക്ടർ അയാളോടു് ഇങ്ങനെ പറഞ്ഞു:—"വളരെ സൂക്ഷിക്കണം. രോഗം ഇപ്പോൾ വലിയ വൈഷമ്യമുള്ള നിലയിൽ എത്തിയിട്ടില്ല. ഈ അവസരത്തിൽ ഒരിക്കൊന്നു മാറിത്താമസിക്കുന്നതു് ആവശ്യമാണു്."

ഡാക്ടർ പൊയ്ക്കഴിഞ്ഞപ്പോൾ രണ്ടുപേരും വീണ്ടും ഗുരുചരണന്റെ മുറിയിൽ കടന്നുചെന്നു.

ലളിത ആംഗ്യം കാണിച്ചു് ഗിരീന്ദ്രനെ ഒരു ഭാഗത്തേയ്ക്കു വിളിച്ചുകൊണ്ടുപോയി എന്തൊക്കെയോ സ്വകാര്യമായി സംസാരിക്കുവാൻ തുടങ്ങി. ശേഖരൻ മുൻവശത്തുള്ള കസേരയിൽ ഇരുന്നു് അനങ്ങാതെ ഗുരുചരണനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. ഗുരുചരണൻ ഇതിനിടയിൽ പുറംതിരിഞ്ഞുകിടന്നിരുന്നു. ശേഖരൻ വീണ്ടും മുറിയിൽ കടന്നുവന്നതു് അയാൾ അറിഞ്ഞിരുന്നില്ല.

കുറെനേരം മിണ്ടാതെ ഇരുന്നതിൻശേഷം ശേഖരൻ പോകുവാനായി എഴുന്നേററു. അപ്പോഴും ലളിതയും ഗിരീന്ദ്രനും പണ്ടത്തെപ്പോലെ സ്വകാൎയ്യമായി സംസാരിച്ചുകൊണ്ടു് നില്ക്കുകയാണു്. അവൻ പുറത്തു കടന്നു പൊയ്ക്കളഞ്ഞു. ആരും അവനോടു് ഇരിക്കുവാൻ പറഞ്ഞില്ല; അവനെ വിളിച്ചു് എന്തെങ്കിലും കാൎയ്യത്തെപ്പററി ഒരു വാക്കു ചോദിക്കപോലും ചെയ്തില്ല.

ലളിതയെസ്സംബന്ധിച്ചുള്ള ധൎമ്മസങ്കടത്തിൽ നിന്നു അവൾ തന്നിക്കു് എന്നന്നേയ്ക്കുമായി മുക്തിനല്കിയിരിക്കുന്നു എന്നു് ശേഖരൻ അന്നു നിസ്സംശയം ഗ്രഹിച്ചു. ഇന്നുതൊട്ടു് അവനു നിൎഭയമായി ശ്വാസം നേരെ കഴിക്കാം: ഇനി അവനു യാതൊരു ആശങ്കയും ഇല്ല. ലളിത മേലാൽ അവനെ വന്നു പിടികൂടുകയില്ല. സ്വന്തം മുറിയിൽ കടന്നു് ഉടുപ്പു മാററുന്നതിന്നിടയിൽ ഒരായിരം പ്രാവശ്യം ഈ കാൎയ്യംതന്നെ അവൻ മനസ്സുകൊണ്ടെണ്ണി:— "ഗിരീന്ദ്രൻ തന്നെയാണു് ഇപ്പോൾ അങ്ങേ വീട്ടിലെ പരമബന്ധു, സകലരുടേയും ആശാനിക്ഷേപം, ലളിതയുടെ ഭാവിയിലെ അവലംബം; താൻ ഇപ്പോൾ ആരുമല്ല; ഇപ്രകാരമുള്ള ആപൽക്കാലത്തിലും തന്നോടു യാതൊന്നും ആലോചിക്കണമെന്നു് ലളിത വിചാരിക്കുന്നില്ല; തൻെറ മുഖത്തുനിന്നും ഉപദേശരൂപത്തിൽ ഒരു വാക്കുപോലും അവൾ പ്രതീക്ഷിക്കുന്നുമില്ല. ഇതെല്ലാം തൻെറ സ്വന്തം കണ്ണുകൊണ്ടു താൻ ഇന്നു കണ്ടിട്ടു വന്നിരിക്കയാണു്. ഇനി സംശയിക്കാനൊന്നുമില്ല."

പെട്ടെന്നു "ഹാവൂ!" എന്നു പറഞ്ഞുകൊണ്ടു് അ

വൻ ഒരു ചാരുകസേരയിൽ മലൎന്നു കിടപ്പായി:— "ലളിത തന്നെ കണ്ട ഉടനെ കേവലം ഒരപരിചിതനെ-ഒരന്യനെ - കാണുമ്പോഴെന്നപോലെ തലയിലെ ആവരണവസ്ത്രം വലിച്ചിട്ടിട്ടു് മുഖംതിരിച്ചു നിന്നുകളഞ്ഞു. എന്നാൽ അതേ അവസരത്തിൽ, തന്റെ കൺമുമ്പിൽ വെച്ചുതന്നെ, ഗിരീന്ദ്രനെ അകലേ വിളിച്ചുകൊണ്ടുപോയിട്ടു് രഹസ്യമായി എന്തൊക്കെ ആലോചനയും സ്വകാൎയ്യം പറയലുമാണു് നടന്നതു്! എന്നിട്ടും, ഇങ്ങനെയെല്ലാമുള്ള ഒരാളുടെ കൂടെ നാടകം കാണാൻ പോകുന്നതിനുപോലും താൻ ഒരിക്കൽ അവളെ തടയുകയുണ്ടായില്ലേ!"

മറെറാരുവശംകൂടി അവൻ ആലോചിക്കാതിരുന്നില്ല:—"ഒരു പക്ഷേ, തങ്ങൾ രഹസ്യമായി നടത്തിയ ആ ബന്ധത്തെപ്പററി-ആ മാല്യവിനിമയത്തെപ്പററി-ഓൎത്തപ്പോഴുണ്ടായ ലജ്ജകൊണ്ടായിരിക്കുമോ അവൾ അങ്ങനെ പരുങ്ങിനിന്നുകളഞ്ഞതു്? പക്ഷേ, അതും സംഭാവ്യമല്ല. അങ്ങനെയാണെങ്കിൽ ഇത്രയൊക്കെ ആപത്തു നേരിട്ടിരിക്കുന്ന സ്ഥിതിക്കു്, ഇതിന്നിടയിൽ ഏതു വിധത്തിലും തന്നോടു് ഒരു വാക്കെങ്കിലും ചോദിക്കുവാൻ ശ്രമിക്കുമായിരുന്നില്ലേ?"

പെട്ടെന്നു വാതില്ക്കൽ അമ്മയുടെ കണ്ഠസ്വരം കേൾക്കാറായി:—"ഇന്നിയും കൈയും മുഖവും കഴുകി വരാറായില്ലേ, ശേഖര, നിനക്കു്? നേരം സന്ധ്യയായല്ലൊ."

ശേഖരൻ ഉടനെ പരിഭ്രമിച്ചു് എഴുന്നേല്ക്കുകയും തന്റെ മുഖം അമ്മയുടെ ദൃഷ്ടിയിൽപ്പെടാൻ ഇ

ടയാകാത്തവിധം തല താഴ്ത്തിപ്പിടിച്ചുംകൊണ്ടു ബ ദ്ധപ്പെട്ടു താഴെ ഇറങ്ങിപ്പോവുകയുംചെയ്തു.

ഏതാനും ദിവസത്തേയ്ക്കു ശേഖരൻെറ മനസ്സിന്നു യാതൊരു സ്വസ്ഥതയും ഇല്ലാതായി. അനേകം സംഗതികൾ അനേകം രൂപത്തിൽ അനുനിമിഷം അവൻെറ മനസ്സിൽ പ്രവേശിച്ച് അതിനെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. എന്നാൽ ഒരു കാൎയ്യം മാത്രം അവൻ ഇതുവരെയും ആലോചിച്ചുനോക്കുകയുണ്ടായിട്ടില്ല.—"വാസ്തവത്തിൽ കുററം ആരുടെ ഭാഗത്താണ്" എന്നു്. ആശയ്ക്കു വക നല്കത്തക്കവിധത്തിൽ ഒരു വാക്കും അവൻ ഇതുവരെ അവളോടു പറഞ്ഞിട്ടില്ല. അവൾക്കു വല്ലതും പറയുവാനുള്ള സൌകൎയ്യവും അവൻ നല്കിയിട്ടില്ല. നേരേമറിച്ച്, വല്ലതും വെളിപ്പെട്ടുപോയെങ്കിലോ, അവൾ വല്ല അവകാശവാദവും പുറപ്പെടുവിച്ചാലോ എന്നിങ്ങനെ അവൻ ഭയന്നുഭയന്നു കഴിച്ചുകൂട്ടുകയാണ് ചെയ്തതു്. എന്നിട്ടും സൎവ്വാപരാധങ്ങളും ലളിതയുടെ തലയിൽ തന്നെ ചുമത്തിവെച്ചുകൊണ്ടു് അവൻ ന്യായാസനത്തിന്മേൽ കയറിയിരുന്നു് അവളെ വിചാരണ ചെയ്യുന്നു;—ഹിംസ, ക്രോധം, അഭിമാനം, അപമാനം എന്നിങ്ങനെയുള്ള വിവിധവികാരങ്ങളുടെ അസഹ്യമായ ജ്വാലയിൽപ്പെട്ടു തന്നെത്താൻ ചാകുവാൻ തുടങ്ങുന്നു. ഒരു പക്ഷേ, ലോകത്തിലെ മിക്ക പുരുഷന്മാരും ഇത്തരത്തിൽത്തന്നെയായിരിക്കും ന്യായവിചാരം ചെയ്യുന്നതും സ്വയം ദഗ്ദ്ധഹൃദയരായിത്തീരുന്നതും.

ഇങ്ങനെ വികാരതീവ്രതയിൽ ഉരുകുന്ന ഹൃദയ

ത്തോടുകൂടി അവൻ ഏഴ ദിവസം കഴിച്ചുകൂട്ടി. അന്നു സന്ധ്യയ്ക്കുശേഷവും, അവൻ വിജനമായ സ്വന്തം മുറിയിൽ, ഉള്ളിൽ കൊളുത്തിവിട്ട അത്ഭുത വിചാരധാരയിൽ ആണ്ടുകൊണ്ടു്, അനന്യമനസ്കനായി ഇരിക്കുകയായിരുന്നു. പെട്ടെന്നു വാതില്ക്കൽ ആരുടേയോ കാലൊച്ച കേട്ടിട്ടു തിരിഞ്ഞു നോക്കിയപ്പോഠം അവൻെറ ഉള്ളൊന്നു ആന്തി. ലളിത കാളിയുടെ കൈയും പിടിച്ചു മുറിയിൽ കടന്നു താഴെ വിരിച്ചിട്ടുള്ള കമ്പിളിയിന്മേൽ അനങ്ങാതെ ഇരിപ്പായി.

കാളിയാണു് ആദ്യം സംസാരിച്ചതു്:— "ശേഖരച്ചേട്ടാ, ഞങ്ങഠം രണ്ടുപേരും ചേട്ടനെ നമസ്കരിച്ചു യാത്ര പറയുവാൻ വന്നതാണു്. നാളെ ഞങ്ങഠം പോവുകയായി."

ശേഖരൻ യാതൊന്നും സംസാരിക്കുവാൻ ശക്തനല്ലാതെ മിഴിച്ചുനോക്കിക്കൊണ്ടിരുന്നു. കാളി തുടൎന്നു:— "അനേകം തെററുകളും വീഴ്ചകളും ഞങ്ങഠം ചേട്ടൻെറ അടുക്കൽ ചെയ്തുപോയിട്ടുണ്ടു്. അതെല്ലാം ചേട്ടൻ മറന്നുകളയണം."

ഇപ്പറഞ്ഞതിൽ ഒരൊററ വാക്കുപോലും കാളിയുടെ സ്വന്തമല്ലെന്നും അവഠം കേവലം പഠിച്ചതു പാടുകയാണു ചെയ്യുന്നതെന്നും ശേഖരനു മനസ്സിലായി. "നാളെ നിങ്ങഠം എങ്ങോട്ടാണു പോകുന്നതു്?" എന്നു് അവൻ തൻെറ ഉൽകണ്ഠയെ പ്രദൎശിപ്പിച്ചു.

കാളി:— "പടിഞ്ഞാട്ടു്. അച്ഛനേയും കൂട്ടിക്കൊണ്ടു ഞങ്ങളെല്ലാവരും മദ്രാസിലേയ്ക്കു പോവുകയാണു്. അവിടെ ഗിരീന്ദ്രബാബുവിൻെറ വീടുണ്ടു്. അ

ച്ഛൻ സുഖമായാലും ഞങ്ങളിനി ഇങ്ങോട്ടു വരികയില്ല. അച്ഛന് ഈ നാട്ട പിടിക്കുകയില്ലെന്നാണ് ഡാക്റ്റർ പറഞ്ഞിട്ടുള്ളതു്."

ശേഖരൻ:— "ഇപ്പോൾ അച്ഛന് എങ്ങനെയിരിക്കുന്നു."

കാളി:—"അല്പം ആശ്വാസമുണ്ടു്. (ഇത്രയും പറഞ്ഞിട്ടു് മടിയിൽ മറച്ചുവെച്ചിരുന്ന ഏതാനും കൂട്ടം വസ്ത്രം പുറത്തെടുത്തു കാണിച്ചിട്ടു്) ഇതെല്ലാം വല്യമ്മ ഞങ്ങൾക്കു വാങ്ങിത്തന്നതാണു്?"

ഇത്രയുംനേരം ലളിത മിണ്ടാതെ ഇരിക്കുകയായിരുന്നു. അവൾ ഉടനെ എഴുന്നേററുചെന്നു് ഒരു താക്കോൽ മേശപ്പുറത്തു വെച്ചിട്ടു് ഇങ്ങനെ അറിയിച്ചു:—"അലമാരിയുടെ ഈ താക്കോൽ ഇത്രയും നാൾ എൻെറ കൈവശമായിരുന്നു. (മെല്ലെയൊന്നു ചിരിച്ചിട്ടു്) എന്നാൽ വലിപ്പിനുള്ളിൽ പണമൊന്നും ബാക്കിയില്ല. എല്ലാം ചെലവായിക്കഴിഞ്ഞു."

ശേഖരൻ മൌനം അവലംബിച്ചിരുന്നതേയുള്ളു.

കാളി:—"ഇനി പോകാം ചേച്ചി നേരം ഇരുട്ടി:"

ലളിത അതിനുത്തരമായി എന്തെങ്കിലും പറയുന്നതിനു മുമ്പു ശേഖരൻ ബദ്ധപ്പെട്ടു കടന്നു പറഞ്ഞു:—"കാളി, നീ ഒരു കാര്യം ചെയ്യ. താഴെപ്പോയി എനിക്കുവേണ്ടി ഒന്നുരണ്ടു വെററില വാങ്ങിച്ചു കൊണ്ടുവരു"

കാളി അതിനുവേണ്ടി ബുദ്ധിമുട്ടേണ്ടിവന്നില്ല. പോകാനൊരുങ്ങിയ അവളുടെ കൈയിന്മേൽ മുറുകെപ്പിടിച്ചു് "നീ ഇവിടെ ഇരിക്കു, കാളി; ഞാൻ

പോയി കൊണ്ടുവരാം." എന്നു പറഞ്ഞു ലളിത വേഗം നടന്നു താഴെ ഇറങ്ങിപ്പോയി. അല്പം കഴിഞ്ഞു് അവൾ മടങ്ങിവന്നു വെററില കാളിയുടെ കൈയിൽ കൊടുക്കുകയും കാളി അതു ശേഖരനെ എല്പിക്കുകയും ചെയ്തു.

വെററിലയും കൈയിൽ പിടിച്ചുകൊണ്ടു ശേഖരൻ അങ്ങനെതന്നെ ഇരുന്നുപോയി.

"എന്നാൽ ഞങ്ങൾ പോയി വരട്ടെ, ശേഖരച്ചേട്ടാ." എന്നു പറഞ്ഞുകൊണ്ടു് കാളി ശേഖരൻെറ കാല്ക്കൽച്ചെന്നു കുമ്പിട്ടു. ലളിതയാകട്ടെ നിന്നിടത്തുതന്നെ നിലത്തുവീണു നമസ്കരിക്കുകയാണു ചെയ്തതു്. അതിനുശേഷം രണ്ടുപേരും എഴുന്നേററു പതുക്കെപ്പതുക്കെ നടന്നു പുറത്തു കടന്നു വീട്ടിലേയ്ക്കു പോകയും ചെയ്തു.

ശേഖരനാകട്ടെ തൻെറ സ്ഥിതി, മാനാപമാനങ്ങൾ, നന്മതിന്മകൾ എന്നിവയെപ്പററിയെല്ലാം ചിന്തിച്ചുകൊണ്ടു വിളറിപ്പോയ മുഖത്തോടും പകച്ചുപോയ ബുദ്ധിയോടുംകൂടി ഇരുന്നിടത്തുതന്നെ തൂണുപോലെ ഇരുന്നുപോയി. ലളിത വന്നു; പറയാനുള്ളതെല്ലാം പറഞ്ഞു; എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞുപോകയും ചെയ്തു. എന്നിട്ടും ശേഖരനു് ഒരക്ഷരം പറയുവാൻ സാധിച്ചില്ല. അവനു് ഒന്നുംതന്നെ പറയുവാൻ ഇല്ലാത്തതുപോലെ സമയം മുഴുവനും വെറുതെ പൊയ്പോയി. കരുതിക്കൂട്ടിത്തന്നെയാണു ലളിത കാളിയേക്കൂടി കൂടെക്കൊണ്ടുപോന്നതു്. പൂർവ്വകഥകളൊന്നും പ്രസ്താവിക്കപ്പെടുവാൻ ഇടയാവരുതെന്നു് അവൾ ഉദ്ദേശിച്ചിരുന്നു. അതു ശേഖര

ന മനസ്സിലാവുകയും ചെയ്തു. അവൻെറ ശരീരമാസകലം പെട്ടെന്നു തളൎന്നു; അവനു തലചുററിത്തുടങ്ങി. അവൻ എഴുന്നേററു കിടക്കയിൽച്ചെന്നു വീണു.

## പതിനൊന്നാം അദ്ധ്യായം

ഗുരുചരണൻെറ നശിച്ചുപോയ ആരോഗ്യം മുംഗേറിലെ ശീതോഷ്ണാവസ്ഥകൊണ്ടു ശരിപ്പെടുവാൻ തരമായില്ല. താമസം അവിടെയ്ക്കു മാററിയിട്ട് ഒരു കൊല്ലം കഴിഞ്ഞ ഉടനെ കുടുംബക്ലേശങ്ങളുടെ അസഹ്യമായ ഭാരത്തെ ഇറക്കിവെച്ചുംകൊണ്ട് അയാൾ എന്നന്നേയ്ക്കുമായി പ്രപഞ്ചത്തോടു യാത്രപറഞ്ഞു. ഗിരീന്ദ്രൻ യഥാൎത്ഥത്തിൽ ഗുരുചരണനെ അത്യന്തം സ്നേഹിച്ചിരുന്നു. അതിനാൽ അവസാനനിമിഷംവരെ അയാൾക്കുവേണ്ടി കഴിയുന്നതെല്ലാം പ്രവൎത്തിക്കുന്നതിൽ അവൻ അശേഷം അജാഗ്രത പ്രദൎശിപ്പിച്ചില്ല.

മരിക്കുന്നതിനു മുമ്പായി ഗുരുചരണൻ ഗിരീന്ദ്രൻെറ ഹസ്തത്തെ സ്വഹസ്തത്താൽ ഗ്രഹിച്ചുകൊണ്ടു ബാഷ്പഗദ്ഗദകണ്ഠനായി ഇങ്ങനെ അപേക്ഷിക്കുകയുണ്ടായി:—“ഗിരീന്ദ്ര, നീ ഒരിക്കലും എൻെറ കുടുംബത്തെ കൈവിട്ടുകളയരുത്. ഇപ്പോഴത്തെ ഈ വലിയ വേഴ്ച ഏററവും അടുത്ത ചാൎച്ചയായിത്തീരുവാൻ ഇടയാകണമെന്നാണ് എൻെറ മോഹം. എൻെറ സ്വന്തം കണ്ണുകൊണ്ട് ആ ഒരവസ്ഥ കാണ്മാനുള്ള ഭാഗ്യം എനിക്കില്ലാതെപോയി. എൻെറ ഈ സുഖക്കേടുമൂലം അതിനൊന്നിനും എനിക്കു സമ

യമോ സൌഖ്യമോ കിട്ടിയില്ല. എന്നാൽ പരലോകത്തിൽനിന്നുകൊണ്ടെങ്കിലും അതു കാണ്മാൻ എനിക്കു മോഹമുണ്ടു്. നീ അതു സാധിച്ചുതരണം." ഗിരീന്ദ്രൻ അപ്പോൾ ആനന്ദത്തോടും ആത്മാർത്ഥതയോടുംകൂടി "അങ്ങനെ ആകട്ടെ" എന്നു സമ്മതിക്കുകയും ചെയ്തു.

കൽക്കത്തയിലുണ്ടായിരുന്ന ഗുരുചരണന്റെ വീട്ട വാടകയ്ക്കു കൊടുത്തിരിക്കുകയായിരുന്നു. അതിൽ താമസിച്ചിരുന്ന ആളുകളിൽനിന്നു ഭുവനേശ്വരി ഇടയ്ക്കിടെ വർത്തമാനങ്ങളൊക്കെ അറിഞ്ഞിരുന്നു. ഗുരുചരണന്റെ മരണവൃത്താന്തവും അവർ അങ്ങനെ അറിയുകയുണ്ടായി.

അടുത്തുതന്നെ ആ വീട്ടിലും വലിയ ആപത്തുകൾ നേരിട്ടു. നവീനറായി പെട്ടെന്നു് അപ്രതീക്ഷിതമായി കാലധർമ്മംപ്രാപിച്ചു. ദുഃഖത്താൽ ഉന്മത്തപ്രായയായിത്തീൎന്ന ഭുവനേശ്വരി കുടുംബഭാരമെല്ലാം ജ്യേഷ്ഠപുത്രന്റെ ഭാൎയ്യയെ ഏല്പിച്ചിട്ടു കാശിയിലേയ്ക്കു പൊയ്ക്കളഞ്ഞു. അടുത്ത കൊല്ലത്തിൽ ശേഖരന്റെ വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തുകഴിഞ്ഞാൽ താൻ വന്നു് അതിൽ പങ്കുകൊള്ളാമെന്നു പറഞ്ഞിട്ടാണു് അവർ പോയതു്.

ശേഖരന്റെ വിവാഹകാൎയ്യം നവീനറായിതന്നെ നിശ്ചയിച്ചു വെച്ചിരുന്നു. ഇതിനു മുമ്പിൽത്തന്നെ അതു നടക്കുകയും ചെയ്യുമായിരുന്നു. അതിനിടയിലാണു് അവിചാരിതമായി ഗൃഹനായകന്റെ മരണമുണ്ടായതു്. അതുകൊണ്ടു് അതു് ഒരു കൊല്ലംകൂടി നീണ്ടുപോകുവാൻ ഇടയായി. പെൺ

വീട്ടുകാക്കു വിവാഹം ഇനി അധികം നീട്ടിക്കൊണ്ടു പോകുവാൻ തരമില്ല. അതിനാൽ ഇന്നലെ അക്കൂട്ടർ വന്നു വരനെ ആശീർവ്വദിച്ചു പൊയ്ക്കഴിഞ്ഞു. ഈ മാസത്തിൽത്തന്നെയാണു വിവാഹം. ഇന്നു ശേഖരൻ അമ്മയെ കൂട്ടിക്കൊണ്ടുവരുവാൻ കാശിയിലേയ്ക്കു പുറപ്പെടുകയാണു്. യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിന്നായി അവൻ അലമാരി തുറന്നു സാമാനങ്ങൾ എടുത്തു കൈപ്പെട്ടിയിൽ ഒതുക്കിവെക്കുവാൻ ഭാവിച്ചപ്പോൾ, അനേകം നാളുകൾക്കുശേഷം, ഇന്നു വീണ്ടും അവനു ലളിതയേപ്പററി ഓർമ്മ വന്നു. അവളാണല്ലോ ആ വക ജോലിയെല്ലാം ചെയ്തിരുന്നതു്.

അവരെല്ലാം ആ നാട്ടിൽനിന്നു പൊയ്ക്കഴിഞ്ഞിട്ടു് അന്നേയ്ക്കു മൂന്നു കൊല്ലത്തിലധികമായിരുന്നു. അതിന്നിടയിൽ അവരേപ്പററി യാതൊരു വർത്തമാനവും അവൻ അറിഞ്ഞിരുന്നില്ല; അറിവാൻ ശ്രമിച്ചതുമില്ല; അതിനു് ആഗ്രഹവുമുണ്ടായിരുന്നില്ല. ലളിതയുടെ പേരിൽ ക്രമേണ അവനു് ഒരുതരം അവജ്ഞ തോന്നിത്തുടങ്ങിയിരുന്നു. പക്ഷേ, ഇന്നു്, അവൻെറ മനസ്സിൽ, അവളുടെ സുഖക്ഷേമാദികളെപ്പററി ഏതെങ്കിലും തരത്തിൽ വല്ല വിവരവും കിട്ടുവാൻ കഴിഞ്ഞെങ്കിൽ നന്നായിരുന്നു എന്നൊരു തോന്നൽ പെട്ടെന്നു കടന്നുകൂടി. നിശ്ചയമായും അവൾക്കു് അസുഖമൊന്നുമുണ്ടാവുകയില്ലെന്നു് അവനറിയാം. എന്തുകൊണ്ടെന്നാൽ, ഗിരീന്ദ്രനു ധാരാളം സ്വത്തുണ്ടെന്നു് അവൻ പണ്ടുതന്നെ നിശ്ചയമുണ്ടായിരുന്നു. എന്നിരുന്നാലും വിവാഹം നടന്നതു് എപ്പോഴാണു്,

അയാളുടെഅടുക്കൽ അവരം എങ്ങിനെയെല്ലാമാണു് കഴിഞ്ഞുകൂടുന്നതു്— എന്നൊക്കെയുള്ള വിവരങ്ങരം ആരെങ്കിലും പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു് അവ ൻെറ മനസ്സിൽ ഒരു മോഹം—ഒരു കൌതുകം—അ ങ്കുരിച്ചു.

അങ്ങേവീട്ടിൽ ഇപ്പോരം ആരും താമസമില്ല. അവിടെ താമസിച്ചിരുന്ന കൂട്ടർ വീടൊഴിച്ചുകൊടു ത്തു പൊയ്ക്കഴിഞ്ഞിട്ടു് രണ്ടു മാസത്തോളമായിരുന്നു. ചാരുബാലയുടെ അച്ഛനു് ഗിരീന്ദ്രൻെറ വത്തമാനം നിശ്ചയമായും അറിവുണ്ടായിരിക്കും; അദ്ദേഹത്തോടു ചെന്നു ചോദിച്ചാലൊ എന്നായി ശേഖരൻെറ ആ ലോചന. സാമാനങ്ങരം പെട്ടിയിൽ ഒതുക്കിവെക്കു ന്ന ജോലി നിത്തിവെച്ചു് അവൻ കുറച്ചുനേരം ജ നാലയിൽക്കൂടെ പുറത്തേയ്ക്കു ശൂന്യദൃഷ്ടിയോടെ നോക്കിക്കൊണ്ടിരുന്നു. ആ അവസരത്തിൽ വാതി ലിന്നു വെളിയിൽ നിന്നുകൊണ്ടു് പഴയ ദാസി ഇ ങ്ങനെ വിളിച്ചുപറയുന്നതു് അവൻെറ ചെവിയിൽ എത്തി:— "ചെറിയ യജമാനനെ ഒന്നു കാണണമെ ന്നു പറഞ്ഞു കാളിയുടെ അമ്മ ആളയച്ചിരിക്കുന്നു."

ശേഖരൻ:— (തിരിഞ്ഞുനോക്കി അത്യന്തം ആശ്ചര്യ ത്തോടെ) "ഏതു കാളിയുടെ അമ്മ?"

ദാസി:— (ഗുരുചരണൻെറ ചീട്ടിനു നേരെ കൈ ചൂണ്ടിക്കാണിച്ചിട്ടു്) "നമ്മുടെ കാളിയുടെ അമ്മ യല്ലെ, യജമാനനേ. അവരൊക്കെ ഇന്നലെ രാ ത്രി തിരിച്ചെത്തി."

"ഇതാ ഞാൻ വരുന്നു" എന്നു പറഞ്ഞുകൊണ്ടു്

അവൻ അപ്പോൾത്തന്നെ എഴുന്നേററു താഴെ ഇറങ്ങിപ്പോയി.

അപ്പോൾ നേരം മിക്കവാറും സന്ധ്യയായിക്കഴിഞ്ഞിരുന്നു. അവൻ വീട്ടിനുള്ളിൽ കാലെടുത്തുവെച്ചതോടുകൂടി ഹൃദയം തകൎന്നുള്ള കരച്ചിലിൻെറ ദയനീയസ്വരം അവിടെയെങ്ങും മുഴങ്ങി. വിധവാവേഷധാരിണിയായ ഗുരുചരണപത്നിയുടെ സമീപത്തിൽ വെറും നിലത്തുതന്നെ ഇരുന്നുകൊണ്ടു വസ്ത്രാഗ്രത്താൽ അവൻ നിൎബ്ബന്ധമായി കണ്ണുകൾ തുടച്ചുതുടങ്ങി. ഗുരുചരണനെക്കുറിച്ചുള്ള ദുഃഖം മാത്രമല്ല, സ്വന്തം പിതാവിനെ ഓൎത്തുണ്ടായ വ്യസനവും, അവൻെറ മനസ്സിനെ അപ്പോൾ വല്ലാതെ വ്യാകുലമാക്കിയിരുന്നു.

സന്ധ്യ ആയതോടുകൂടി ലളിത വിളക്കുവെക്കുവാനായി ആ മുറിയിൽ കടന്നുവന്നു. ദൂരെ നിന്നുകൊണ്ടുതന്നെ അവൾ ശേഖരനെ നമസ്കരിച്ചു; കുറെ നേരം കാത്തുനിന്നതിനുശേഷം പതുക്കെ നടന്നു് അവിടംവിട്ടു പോവുകയും ചെയ്തു. പതിനേഴു വയസ്സുപ്രായമുള്ള ഒരു പരസ്ത്രീയുടെ നേരെ സൂക്ഷിച്ചുനോക്കുവാനോ അവളെ വിളിച്ചു എന്തെങ്കിലും സംസാരിക്കുവാനോ ശേഖരനു ധൈൎയ്യമുണ്ടായില്ല; എങ്കിലും അൎദ്ധദൃഷ്ടികൊണ്ടു നോക്കുവാൻ സാധിച്ചിടത്തോളം അവൾക്കു പണ്ടത്തേക്കാൾ പൊക്കം കൂടീട്ടുണ്ടെന്നും എന്നാൽ ദേഹം നന്നേ മെലിഞ്ഞിട്ടുണ്ടെന്നും അവനു ഗ്രഹിക്കുവാൻ കഴിഞ്ഞു.

വളരെ നേരത്തെക്കരച്ചിലും പിഴിച്ചിലും കഴിഞ്ഞതിനുശേഷം ഗുരുചരണൻെറ വിധവ ശേഖര

നോട്ട പല കാൎയ്യങ്ങളും പറകയുണ്ടായി. അതിൻെറ യെല്ലാം ചുരുക്കം ഇതാണ്:— "ആ വീട്ട് ആക്കെങ്കിലും വിററ് അവർ മുങ്ങ്ഗേറിൽ പോയി ജാമാതാവിൻെറ അധീനതയിൽ താമസിക്കുവാനാണ് വിചാരിക്കുന്നതു്. വീട്ട വിലയ്ക്കു വാങ്ങിയാൽ കൊള്ളാമെന്നു ശേഖരൻെറ അച്ഛൻ വളരെക്കാലം മുമ്പു മുതല്ക്കേ ആഗ്രഹിച്ചിരുന്നുവല്ലൊ. ഇപ്പോഠം തക്കതായ വിലതന്നു് അവർതന്നെ അതു വാങ്ങുകയാണെങ്കിൽ അതു് ഇനിയും മിക്കവാറും സ്വന്തം എന്ന നിലയിൽത്തന്നെ കിടക്കുമല്ലൊ. തറവാട്ട പൊയ്പോയല്ലൊ എന്നുള്ള ക്ലേശം അവരുടെ മനസ്സിൽ വലുതായിട്ടൊന്നും തോന്നുകയുമില്ല. മേലാൽ വല്ലപ്പോഴും ആ ദിക്കിൽ വരികയാണെങ്കിൽ ഒന്നുരണ്ടു ദിവസം അവിടെ താമസിച്ചു പോകുവാൻ തരപ്പെടുകയും ചെയ്യും—."

"അമ്മയോട്ട് ആലോചിച്ചു് എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്യാം" എന്നാണ് ശേഖരൻ അതിനു സമാധാനം പറഞ്ഞതു്.

വിധവ:— (കണ്ണുനീർ തുടച്ചുകൊണ്ടു്) "ജ്യേഷ്ഠത്തി ഈയിടയെങ്ങാനും ഇങ്ങോട്ടു വരുമോ, ശേഖര?"

ശേഖരൻ:— "ഇന്നു രാത്രിവണ്ടിക്കുതന്നെ ഞാൻ അമ്മയെ കൂട്ടിക്കൊണ്ടു വരുവാൻ പോകയാണ്."

അതിനുശേഷം അവർ ശേഖരനോട്ടു് ഓരോന്നോരോന്നായി പല വൎത്തമാനങ്ങളും ചോദിച്ചു മനസ്സിലാക്കി. ശേഖരൻെറ വിവാഹം എന്നാണ്, എവിടെനിന്നാണ്, സ്ത്രീധനം എത്രായിരമാണ്, എന്തൊക്കെയാണ് ആഭരണങ്ങഠം, നവീനരായി എങ്ങ

നെയാണ് ഇത്ര പെട്ടെന്നു മരിച്ചതു്, ജ്യേഷ്ഠത്തി എന്തുചെയ്തു—എന്നു തുടങ്ങി പല സംഗതികളും അവർ പരസ്പരം പറയുകയും അറിയുകയും ചെയ്തു.

എല്ലാം കഴിഞ്ഞു ശേഖരന് അവിടെനിന്നും ഇറങ്ങിപ്പോരാമെന്നായപ്പോഠം നിലാവുദിച്ചിരുന്നു. ആ അവസരത്തിൽ ഗിരീന്ദ്രൻ മാളികമുകളിൽനിന്നും ഇറങ്ങിവന്നു ജ്യേഷ്ഠത്തിയുടെ വീട്ടിലേയ്ക്കോ മറോ പോകുവാനായി പുറത്തേയ്ക്കു കടന്നുപോയി. ഗിരീന്ദ്രൻ പോകുന്നതു കണ്ടപ്പോഠം ഗുരുചരണൻെറ വിധവ ശേഖരനോടായി ഇങ്ങനെ പറഞ്ഞു:— "എൻെറ മരുമകനുമായി പരിചയമില്ലെ, ശേഖരനാഥ? ഇത്ര നല്ലൊരു സ്വഭാവം ഞാൻ ആൎക്കും കണ്ടിട്ടില്ല"

അക്കാൎയ്യത്തിൽ തനിക്കു യാതൊരു സംശയവുമില്ലെന്നും അയാളുമായി പരിചയമുണ്ടെന്നും പറഞ്ഞിട്ടു ശേഖരൻ അതിവേഗത്തിൽ അവിടെനിന്നും നടന്നു പുറത്തേയ്ക്കു കടന്നു. എന്നാൽ പുറത്തളത്തിലെത്തിയപ്പോഠം അവനു വീണ്ടും പെട്ടെന്നു നില്ക്കേണ്ടിവന്നു. അവിടെ, ആ ഇരുട്ടത്തു, വാതിലിൻെറ പുറകിലായി, ലളിത നില്പുണ്ടായിരുന്നു.

ലളിത:— "നില്ക്കണേ, ഒന്നു ചോദിച്ചോട്ടെ; അമ്മയെ കൊണ്ടുവരാൻ ഇന്നുതന്നെ പോകയാണോ?"

ശേഖരൻ:— "അതെ."

ലളിത:— "വ്യസനംകൊണ്ടു് അമ്മ വല്ലാതെ അസ്വസ്ഥയായിട്ടുണ്ടോ?"

ശേഖരൻ:—"ഉവ്വ്. മിക്കവാറും തലയ്ക്കു ഭ്രാന്തുപിടിച്ചതുപോലെയായിട്ടാണു് ഇവിടെനിന്നു പോയതു്."

ലളിത:— "അവിടുത്തെ ദേഹസ്ഥിതി എങ്ങനെയിരിക്കുന്നു?"

"വിശേഷമൊന്നുമില്ല" എന്നു പറഞ്ഞുംകൊണ്ടു ശേഖരൻ വളരെ ബദ്ധപ്പെട്ടു പുറത്തിറങ്ങി നടന്നുകളഞ്ഞു.

വഴിയിലെത്തിയപ്പോൾ, ലജ്ജയാലും അവജ്ഞയാലും ശേഖരൻെറ ശരീരം ആപാദമസ്തകം വിറച്ചുപോയി. ലളിതയുടെ സമീപത്തിലായി നില്ക്കേണ്ടിവന്നതുമൂലം തൻെറ ശരീരംപോലും അശുദ്ധമായിപ്പോയി എന്നു് അവനു തോന്നിത്തുടങ്ങി. വീട്ടിലെത്തി സാമാനങ്ങളെല്ലാം ഒരു കണക്കിനു് അവൻ പെട്ടിയിലാക്കിപ്പൂട്ടി. വണ്ടിക്കു് പിന്നേയും താമസമുണ്ടായിരുന്നു. അതിനാൽ അവൻ വീണ്ടും കട്ടിലിന്മേൽ ചെന്നു കിടന്നിട്ടു് ലളിതയുടെ വിഷലിപ്തമായ സ്മരണയെ നിശ്ശേഷം ദഹിപ്പിച്ചുകളയുവാൻ ശപഥം ചെയ്തുകൊണ്ടു ഹൃദയത്തിനുള്ളിൽ എല്ലായിടത്തും അവജ്ഞാഗ്നിയെ കൊളുത്തിവിട്ടു. അതു ക്ഷണനേരത്തിനുള്ളിൽ ഉഗ്രക്കോടെ ആളിക്കത്തുവാനും തുടങ്ങി. അതിൻെറ ആന്തിക്കത്തലിനിടയിൽ ഹൃദയം അനുഭവിക്കേണ്ടിവന്ന അസഹ്യമായ നീററലിൻെറ ഉഗ്രതകൊണ്ടു് അവൻ അവളുടെ മേൽ പല അസഭ്യങ്ങളും വർഷിച്ചു. അവളെ "കുലട" എന്നുപോലും വിളിക്കുവാൻ അവനു് അശേഷം സങ്കോചമുണ്ടായില്ല. "ഈ വിവാഹം അത്ര സുഖകരമൊന്നുമായിരുന്നില്ല. അതുകൊണ്ടാണു് അങ്ങേ അററംവരെ ആരുടെ കാൎയ്യവും ഞങ്ങൾക്കു് ഓൎമ്മവരാതിരുന്നതു്. അ

ല്ലെങ്കിൽ, നിങ്ങളെയെല്ലാം അറിയിക്കണമെന്നു ലളിത പറഞ്ഞിരുന്നതാണ്." എന്നിങ്ങനെ സംഭാഷണത്തിനിടയിൽ ഗുരുചരണൻെറ വിധവ പറഞ്ഞവാക്കുകൾ മറക്കുവാൻ വയ്യാത്തവിധം അവൻെറ മനസ്സിൽ പതിഞ്ഞിരുന്നു. ലളിതയുടെ ആ ധാർഷ്ട്യം ആളിക്കത്തുന്ന തീയിൽ നെയ്യൊഴിച്ചതുപോലെ അവൻെറ അവജ്ഞയെ ശതഗുണം വർദ്ധിപ്പിച്ചു.

---

# പന്ത്രണ്ടാം അദ്ധ്യായം

---

അമ്മയേയും കൂട്ടിക്കൊണ്ടു ശേഖരൻ മടങ്ങിയെത്തിയപ്പോൾ വിവാഹത്തിനു പത്തുപന്ത്രണ്ടു ദിവസം പിന്നെയും താമസമുണ്ടായിരുന്നു

രണ്ടുമൂന്നു നാളുകൾക്കുശേഷം ഒരു ദിവസം രാവിലെ ലളിത ശേഖരൻെറ അമ്മയുടെ സമീപത്തിലിരുന്ന് ഒരു പാത്രത്തിൽ എന്തൊക്കെയോ സാമാനങ്ങൾ എടുത്തു വെക്കുകയായിരുന്നു. ലളിത അവിടെയുള്ള വിവരം നിശ്ചയമില്ലാതിരുന്ന ശേഖരൻ "അമ്മേ" എന്നു വിളിച്ചുകൊണ്ട് ആ മുറിയിൽ പ്രവേശിച്ചു. ഉള്ളിൽ കടന്ന ഉടനെ അവൻ ഒരു വല്ലായ്മയോടുകൂടി പെട്ടെന്ന് അവിടെത്തന്നെ നിന്നുകളഞ്ഞു. ലളിത തലയും താഴ്ത്തി തൻെറ ജോലിമുറയ്ക്കു ചെയ്തുകൊണ്ടിരുന്നു

ഭുവനേശ്വരി:— "എന്താണു ശേഖരാ?"

ഉദ്ദേശിച്ചുവന്ന കാര്യം മറന്നുപോയതിനാൽ, "ഒന്നുമില്ല, പിന്നെയാകട്ടെ" എന്നു പറഞ്ഞുംകൊണ്ടു

ശേഖരൻ പുറത്തേയ്ക്കുതന്നെ പോയി. ലളിതയുടെ മുഖം അവനു കാണ്മാൻ സാധിച്ചില്ല; എങ്കിലും അവളുടെ കൈകളിന്മേൽ അവൻെറ ദൃഷ്ടികൾ ചെല്ലാതിരുന്നില്ല. അവ തീരെ ആഭരണശൂന്യങ്ങളായിരുന്നു എന്നു പറയുവാൻ പാടില്ലെങ്കിലും ഒന്നു രണ്ടു ജോടി കുപ്പിവളകളല്ലാതെ മറ്റൊന്നും അവയിൽ ഉണ്ടായിരുന്നില്ല. ശേഖരൻ ഉള്ളിൽത്തന്നെ ചിരിച്ചുകൊണ്ട്, "ഇതെന്തൊരു പുത്തൻ മോടി?" എന്നു പുച്ഛരസത്തിൽ പറഞ്ഞുപോയി. ഗിരീന്ദ്രൻ വലിയ ധനവാനാണെന്ന് അവനറിയാം. പക്ഷേ, അയാളുടെ ഭാര്യയുടെ കരങ്ങൾ ഇപ്രകാരം അലങ്കാരശൂന്യങ്ങളായിത്തീരുവാനുള്ള ഹേതുവെന്തെന്ന് എത്രതന്നെ ആലോചിച്ചിട്ടും അവനു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

അന്നുതന്നെ സന്ധ്യയ്ക്കു ശേഖരൻ എന്തോ അത്യാവശ്യകാര്യമായി ദ്രുതഗതിയിൽ മുകളിൽനിന്ന് ഇറങ്ങി വരികയായിരുന്നു. ആ അവസരത്തിൽ അതേ കോണിവഴിക്കു ലളിത മുകളിലേയ്ക്കു കയറിപ്പോകയുമായിരുന്നു. ശേഖരൻ ഇറങ്ങിവരുന്നതു കണ്ടിട്ട് അവൾ കോണിപ്പടിയിൽ ഒരു വശത്തേയ്ക്കു ചേർന്നുനിന്നു. അവൻ അടുത്തെത്തിയപ്പോൾ അവൾ അത്യന്തം സങ്കോചത്തോടുകൂടി വളരെ മൃദുസ്വരത്തിൽ ഇങ്ങനെ അറിയിച്ചു:— "അവിടുത്തെ അടുക്കൽ എനിക്ക് ഒരു കാര്യം പറയുവാനുണ്ട്."

ശേഖരൻ:— (ഒരു നിമിഷനേരത്തേയ്ക്ക് അനങ്ങാതെ നിന്നിട്ടു വിസ്മയത്തെ പ്രകാശിപ്പിക്കുന്ന സ്വരത്തിൽ) "ആരോട്? എന്നോടോ?"

ലളിത:— (മുമ്പിലത്തെപ്പോലെതന്നെ മൃദുവായ സ്വരത്തിൽ) "അതേ, അവിടുത്തോടുതന്നെ."

"ഇനി എൻെറ അടുക്കൽ എന്തൊന്നു പറയുവാനാണ്?" എന്നു ചോദിച്ചുംകൊണ്ടു ശേഖരൻ മുമ്പിലത്തേക്കാഠം വേഗത്തിൽ കോണിയിറങ്ങിപ്പൊയ്ക്കളഞ്ഞു.

ലളിത അവിടെത്തന്നെ കുറെനേരം തൂണുപോലെ അനങ്ങാതെ നിന്നതിനു ശേഷം ഒടുവിൽ ഒരു ദീർഘശ്വാസം വിട്ടിട്ട് മെല്ലെമെല്ലെ മുകളിലേയ്ക്കു കയറിപ്പോയി. പിറേറദിവസം കാലത്തു ശേഖരൻ പൂമുഖത്തിരുന്ന് അന്നത്തെ വത്തമാനപത്രം വായിക്കുകയായിരുന്നു. ഇടയ്ക്കു പെട്ടെന്നു മുഖമുയത്തി നോക്കിയപ്പോഠം ഗിരീന്ദ്രൻ അവിടെ കടന്നു വരുന്നതു കണ്ടിട്ട് അവൻ അത്യന്തം അത്ഭുതപ്പെട്ടുപോയി. ഗിരീന്ദ്രൻ തൊഴുതുകൊണ്ട് ഒരു കസേര വലിച്ചിട്ട് അതിന്മേൽ ഇരുന്നു. ശേഖരനാകട്ടെ പ്രത്യഭിവാദനം ചെയ്തിട്ട വത്തമാനപത്രം ഒരു വശത്തേയ്ക്കു നീക്കിവെച്ച്, ജിജ്ഞാസയോടെ ഗിരീന്ദ്രൻെറ മുഖത്തേയ്ക്കു നോക്കിയിരിപ്പായി. മുഖപരിചയമുണ്ടെന്നല്ലാതെ അവർ അന്യോന്യം ഇതുവരെ സംസാരിക്കുകയുണ്ടായിട്ടില്ല. അതന്നായിട്ട് ഇന്നദിവസംവരെ ആരും ആഗ്രഹം പ്രദശിപ്പിച്ചതുമില്ല.

ഗിരീന്ദ്രൻ വന്നവഴിക്കു നേരെ കായ്യത്തിൽത്തന്നെ പ്രവേശിച്ചു:— "ഒരാത്യാവശ്യം പ്രമാണിച്ചു നിങ്ങളെ അല്പം ബുദ്ധിമുട്ടിക്കുവാനാണ് ഞാൻ വന്നതു്. എൻെറ അമ്മായിഅമ്മയുടെ അഭിപ്രായം നിങ്ങഠം കേട്ടിട്ടുണ്ടല്ലൊ. വീടു നിങ്ങഠംക്കു വിററുക

ളയണമെന്നാണ് അവരുടെ ആഗ്രഹം. കാര്യത്തി ന്ന് എന്തെങ്കിലും ഒരു തീരുമാനം ഉടനെ വരുത്തി യാൽ ഈ മാസത്തിൽത്തന്നെ അവക്ക് മുണ്ട്ഗേറി ലേയ്ക്കു മടങ്ങിപ്പോകുവാൻ സാധിക്കും. ഈ വിവ രം നിങ്ങളെ അറിയിക്കുവാൻ എന്നെ പറഞ്ഞയച്ചി രിക്കയാണ്."

ഗിരീന്ദ്രനെ കണ്ടപ്പോൾതന്നെ ശേഖരൻെറ മനസ്സിൽ വല്ലാത്ത നീരസം ഉദിച്ചിരുന്നു. അയാ ളുടെ സംസാരം അവന്നു തീരെ പിടിച്ചില്ല. മുഖം കറുപ്പിച്ചുകൊണ്ടാണ് അവൻ അതിന്നു ഉത്തരം പറ ഞ്ഞതു്:— "അതൊക്കെ ശരിയാണ്; പക്ഷേ, അച്ഛ നില്ലാത്ത സ്ഥിതിക്ക് ഇനി ജ്യേഷ്ഠനാണ് അതി നൊക്കെ അധികാരി. അദ്ദേഹത്തോടു ചെന്നു പ റയൂ."

ഗിരീന്ദ്രൻ:— (പതുക്കെ ചിരിച്ചിട്ട്) "അതു ഞങ്ങൾ ക്കും അറിയാം പക്ഷേ, അദ്ദേഹത്തോടു നിങ്ങൾ പറയുകയല്ലേ അധികം നല്ലതു്?"

ശേഖരൻ:—(മുമ്പിലത്തെ സ്വരത്തിൽത്തന്നെ) "നി ങ്ങൾ പറഞ്ഞാലും വിരോധമില്ല. നിങ്ങളല്ലെ ഇപ്പോൾ അങ്ങേക്കക്ഷിയുടെ പ്രതിനിധി?"

ഗിരീന്ദ്രൻ:—"ഞാൻതന്നെ പറയണമെങ്കിൽ അതി ന്നും എനിക്കു വിരോധമില്ല. പക്ഷേ, നിങ്ങൾ അല്പം മനസ്സിരുത്തുകയാണെങ്കിൽ കാര്യം എളു പ്പത്തിൽ നടക്കുമെന്നു ജ്യേഷ്ഠത്തി ഇന്നലെ പറ യുക യുണ്ടായി."

ഇത്രയും നേരം ഒരു വലിയ തലയിണയും ചാരി ഇരുന്നുകൊണ്ടാണ് ശേഖരൻ സംസാരിച്ചിരുന്നതു്.

അവൻ പെട്ടെന്നു നിവൎന്നിരുന്നുംകൊണ്ടു ചോദിച്ചു:—"ആരാണ് പറഞ്ഞതു്?"

ഗിരീന്ദ്രൻ:— ജ്യേഷ്ഠത്തി— ലളിതജ്യേഷ്ഠത്തി— പറഞ്ഞു."

ശേഖരൻ എന്തെന്നില്ലാതെ അമ്പരന്നുപോയി. പിന്നീടു ഗിരീന്ദ്രൻ സംസാരിച്ചതിൽ ഒരക്ഷരംപോലും അവൻെറ ചെവിയിൽ കടന്നതേയില്ല. കുറേനേരം പകച്ച നോട്ടത്തോടുകൂടി ഗിരീന്ദ്രൻെറ മുഖത്തേയ്ക്കു തന്നെ മിഴിച്ചുനോക്കിക്കൊണ്ടിരുന്നതിനുശേഷം അവൻ തൻെറ ജിജ്ഞാസയെ ഇങ്ങനെ വെളിപ്പെടുത്തി:—"ക്ഷമിക്കണം, ഗിരീന്ദ്രബാബു. അപ്പോൾ ലളിതയെയല്ലേ നിങ്ങൾ വിവാഹം ചെയ്തതു്."

ഗിരീന്ദ്രൻ:— (നാക്കു കടിച്ചിട്ടു്) "അല്ല ആ വീട്ടിലെ എല്ലാവരേയും നിങ്ങൾ അറിയുമല്ലോ. കാളിയെയാണ് ഞാൻ—"

ശേഖരൻ: — "പക്ഷേ, ആലോചന നടന്നതു് അങ്ങനെ ആയിരുന്നില്ലല്ലോ!"

ലളിതയുടെ മുഖത്തുനിന്നു് ഗിരീന്ദ്രൻ എല്ലാ കാൎയ്യവും ഗ്രഹിച്ചിരുന്നു.

ഗിരീന്ദ്രൻ:—"അല്ല. അങ്ങനെ അല്ലായിരുന്നു ആദ്യത്തെ ആലോചന; അതു ശരിയാണ്. മരണസമയത്തു ഗുരുചരണബാബു, ഞാൻ മറെറാരു ദിക്കിലും വിവാഹം ചെയ്യരുതെന്നു് എന്നോടു് ആവശ്യപ്പെട്ടിരുന്നു. ഞാൻ അതുപ്രകാരം ചെയ്യാമെന്നു സമ്മതിക്കയും ചെയ്തു. അദ്ദേഹത്തിൻെറ മരണത്തിനുശേഷം, ലളിതജ്യേഷ്ഠത്തി തൻെറ

വിവാഹം ഇതിനു മുമ്പുതന്നെ നടന്നു കഴിഞ്ഞിട്ടുണ്ടെന്നും, പക്ഷേ അതാരും ഇതുവരെ അറിഞ്ഞിട്ടില്ലെന്നും, ഭത്താവു് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും മററും എന്നെ അറിയിക്കുകയുണ്ടായി. മററുവല്ലവരുമാണെങ്കിൽ ഇതൊന്നും വിശ്വസിക്കുമായിരുന്നില്ല. എന്നാൽ അതിൽ ഒരു വാക്കു പോലും അവിശ്വസിക്കത്തക്കതായിട്ടുണ്ടെന്നു് എനിക്കു തോന്നിയില്ല. അതിനും പുറമെ, സ്ത്രീകൾക്കു് ഒരു പ്രാവശ്യത്തിലധികം വിവാഹം പാടില്ലെന്നു്— അല്ലാ, എന്തുപററി നിങ്ങൾക്കു്?"

ശേഖരൻെറ കണ്ണുകളിൽ അല്പം മുമ്പുതന്നെ വെള്ളം നിറഞ്ഞിരുന്നു. ഇപ്പോൾ അതു്, ഗിരീന്ദ്രൻെറ മുമ്പിൽ വെച്ചുതന്നെ, ധാരധാരയായി കവിളുകളിൽക്കൂടെ ഒഴുകിത്തുടങ്ങി. അതിനെപ്പററി ശേഖരനു നോട്ടമേ ഇല്ല. ഒരു പുരുഷൻെറ ദൗർബ്ബലത മറെറാരു പുരുഷൻെറ മുമ്പിൽവെച്ചു വെളിപ്പെട്ടുപോവുക എന്നതു് അത്യന്തം ലജ്ജാകരമാണെന്നുള്ള വസ്തുത അവൻ ഓത്തതേയില്ല.

ഗിരീന്ദ്രൻ മിണ്ടാതെ നോക്കിക്കൊണ്ടിരിപ്പായി. അയാൾക്കു പണ്ടുതന്നെ മനസ്സിൽ സംശയമുണ്ടായിരുന്നു. ഇന്നു് അതു നിശ്ശേഷം നീങ്ങി. ലളിതയുടെ ഭത്താവാരെന്നു് അയാൾക്കറിവാൻ സാധിച്ചു.

ശേഖരൻ:—(കണ്ണുകൾ തുടച്ചിട്ടു കരുണസ്വരത്തിൽ) "പക്ഷേ, നിങ്ങൾ ലളിതയെ സ്നേഹിക്കുന്നുണ്ടു്, ഇല്ലേ?"

പ്രച്ഛന്നമായ ഹൃദയവേദനയുടെ പ്രകടമായ

ഒരു ഛായ ഗിരീന്ദ്രൻെറ മുഖത്തു പ്രത്യക്ഷപ്പെട്ടു. എന്നാൽ അടുത്ത ക്ഷണത്തിൽത്തന്നെ അയാൾ മന്ദഹസിച്ചുകൊണ്ടു മൃദുസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:— "അതിനുത്തരം പറഞ്ഞിട്ടു് ആവശ്യമൊന്നുമില്ല. മാത്രമല്ല, സ്നേഹം എത്രതന്നെ വലുതായാലും അറിഞ്ഞുംകൊണ്ടു് അന്യൻെറ ഭാര്യയെ ആരും വിവാഹം ചെയ്യുകയില്ല. അക്കഥ കളയൂ; ഗുരുജനത്തെ സംബന്ധിച്ചു് ആ വക കാര്യങ്ങൾ സംസാരിക്കുന്നതിനു് എനിക്കു് ഇഷ്ടമില്ല. (ഒരിക്കൽക്കൂടി ചിരിച്ചതിനുശേഷം എഴുന്നേററുനിന്നിട്ടു്) ഞാൻ ഇപ്പോൾ പോകട്ടെ. ഇനിയൊരുദിവസം കാണാം" അയാൾ തൊഴുതിട്ടു പുറത്തേയ്ക്കു ഇറങ്ങിപ്പോയി.

ആദ്യംമുതല്ക്കേ ശേഖരനു് ഗിരീന്ദ്രൻെറ പേരിൽ ഉള്ളുകൊണ്ടു നല്ല രസമില്ലായിരുന്നു. ആ രസക്കേടു് ഇത്തവണ വല്ലാത്ത വെറുപ്പായി മാറുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു് അയാൾ അവിടെനിന്നും ഇറങ്ങിപ്പോയ ഉടനേ, ശേഖരൻ എഴുന്നേററു ചെന്നു്, അയാൾ ഇരുന്നിരുന്ന ദിക്കിൽ നിലത്തു വീണ്ടും വീണ്ടും തല മുട്ടിച്ചുകൊണ്ടു് അപരിചിതനായ ആ ബ്രാഹ്മയുവാവിനെ ഉദ്ദേശിച്ചു് അനേകം പ്രാവശ്യം നമസ്കരിക്കുകയുണ്ടായി. എത്ര വലിയ സ്വാർത്ഥത്യാഗത്തേയും നിർബ്ബന്ധമായി അനുഷ്ഠിക്കുന്നതിനും എത്ര ദുഷ്കരമായ വാഗ്ദാനത്തേയും ചിരിച്ചുംകൊണ്ടുതന്നെ നിറവേററുന്നതിനും മനുഷ്യനു സാധിക്കുമെന്നു് ഇന്നു് അവൻ ആദ്യമായി ഗ്രഹിച്ചു.

അന്നു് ഉച്ചതിരിഞ്ഞു ഭുവനേശ്വരി സ്വന്തം ശയനഗൃഹത്തിൽ നിലത്തിരുന്നു് ലളിതയുടെ സ

ഹായത്തോടുകൂടി പുതുതായി വാങ്ങിയ വസ്ത്രങ്ങൾ പരിശോധിച്ച് മടക്കി അടുക്കിവെക്കുകയായിരുന്നു. ശേഖരൻ അകത്തു കടന്നു് അമ്മയുടെ കട്ടിലിന്മേൽ ചെന്നിരുന്നു. ലളിതയെ കണ്ടിട്ടു് ഇന്നു് അവൻ ഓടിപ്പോവുകയുണ്ടായില്ല.

ഭുവനേശ്വരി:— (തിരിഞ്ഞുനോക്കിയിട്ടു്) "എന്താ, ശേഖരാ?"

ശേഖരൻ മറുപടിയൊന്നും പറയാതെ വസ്ത്രങ്ങൾ അടുക്കിവെക്കുന്നതു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. അല്പനേരം കഴിഞ്ഞതിനുശേഷമേ അവൻ സംസാരിച്ചുള്ളു:— "എന്തു ചെയ്യുകയാണമ്മേ?"

അമ്മ:— "പുതിയ വസ്ത്രങ്ങൾ ആർക്കൊക്കെ എങ്ങനെയൊക്കെയാണു കൊടുക്കേണ്ടതെന്നു കണക്കാക്കി നോക്കുകയാണു്. ഇനിയും വാങ്ങേണ്ടിവരുമെന്നാണു തോന്നുന്നതു്; അല്ലേ ലളിതേ?"

ലളിത തല കുലുക്കിക്കൊണ്ടു് ആ അഭിപ്രായത്തോടു് അനുകൂലിച്ചു.

ശേഖരൻ:— (ചിരിച്ചുകൊണ്ടു്) "വിവാഹം വേണ്ടെന്നു വെച്ചാലോ, അമ്മേ?"

അമ്മ:— (ചിരിച്ചുംകൊണ്ടു്) "നിനക്കു് അതാവാം! വാ പോയ വാക്കത്തിക്കു് എങ്ങനെയും വെട്ടാം."

ശേഖരൻ:— (ചിരിച്ചുകൊണ്ടുതന്നെ) "എന്നാൽ കാര്യം ഇപ്പോൾ അങ്ങനെയാണല്ലൊ വന്നുകൂടിയിരിക്കുന്നതു്, അമ്മേ."

അമ്മ:— (അല്പം ഗൌരവത്തിൽ) "ഇതെന്തൊരു

കഥയാണ്, ശേഖരാ. കൊള്ളരുതായ്ക വല്ലതു മൊക്കെ വിളിച്ചുപറയുകയോ!"

ശേഖരൻ:— "ഇത്രയും നാറം ഞാനൊന്നും പറഞ്ഞി ല്ലല്ലൊ, അമ്മേ. ഇപ്പോറം പറയാതെ നിവൃത്തി യില്ലെന്നായി. ഇനി മിണ്ടാതിരുന്നാൽ മഹാ പാപം നേരിടും."

ഭുവനേശ്വരിക്ക് ഒന്നും മനസ്സിലായില്ല. അ വർ ശങ്കയോടുകൂടി മകൻെറ മുഖത്തേയ്ക്കു നോക്കി ക്കൊണ്ടിരിപ്പായി.

ശേഖരൻ തുടന്നു:— "ഈ മകൻെറ അപരാധങ്ങറം പലതും അമ്മ ക്ഷമിച്ചിട്ടുണ്ടല്ലൊ. ഇതുംകൂടി അമ്മ ക്ഷമിക്കണം. ഞാൻ പരമാത്ഥം പറയുക യാണ്, അമ്മേ, ഈ വിവാഹം ചെയ്യാൻ എ നിക്കു വയ്യ"

മകൻെറ സംസാരവും മുഖഭാവവും ഭുവനേശ്വ രിയെ യഥാത്ഥത്തിൽ വല്ലാതെ മുഷിപ്പിച്ചു. എ ന്നാൽ ഉള്ളിൽ തോന്നിയ വെറുപ്പ് അവൾ പുറമേ കാണിച്ചില്ല.

ഭുവനേശ്വരി:— "ആട്ടെ ആട്ടെ; അങ്ങനെതന്നെ ആവാം. ഇപ്പോറം നീ ഇവിടന്നൊന്നു പോയാ ട്ടെ. എന്നെ വെറുതേ ഉപദ്രവിക്കണ്ട. എനി ക്കിവിടെ ധാരാളം ജോലിത്തിരക്കുണ്ടു്."

ശേഖരൻ:—(വീണ്ടും ഒന്നു ചിരിക്കുവാൻ നിഷ്പ്രയോ ജനമായി ശ്രമിച്ചിട്ട് ശുഷ്കമായ സ്വരത്തിൽ) "കളിയല്ല, അമ്മേ, പരമാത്ഥംതന്നെയാണു ഞാൻ പറയുന്നതു്. ഈ വിവാഹം നടക്കുവാൻ പ്രയാ സമാണ്."

ഭുവനേശ്വരി:— "എന്തുകൊണ്ടു്? പിള്ളകളിയാണെന്നോ ഇതു്?"

ശേഖരൻ:— "പിള്ളകളിയല്ലാത്തതുകൊണ്ടാണു്, അമ്മേ, ഞാൻ പറയുന്നതു്."

ഇത്തവണ ഭുവനേശ്വരി യഥാൎത്ഥത്തിൽ ഭയപ്പെടുകതന്നെ ചെയ്തു. കലശലായ കോപവും അവൾക്കുണ്ടായി.

"കാൎയ്യമെന്താണു്, ശേഖരാ; തുറന്നു പറയൂ, കേൾക്കട്ടെ. നിന്റെ ഈ വളച്ചുകെട്ടും വയ്യാവേലിയും ഒന്നും എനിക്കു തീരെ ഇഷ്ടമാകുന്നില്ല."

ശേഖരൻ:— "ഇന്നു വേണ്ട; ഇനിയൊരു ദിവസമാകട്ടെ, അമ്മേ. ഞാൻ പറയാം."

ഭുവനേശ്വരി:— "ഇനിയൊരുദിവസം പറയാം, ഇല്ലേ? (അട്ടിയായി വെച്ചിരുന്ന വസ്ത്രങ്ങളെല്ലാം കൈകൊണ്ടു് ഒരു ഭാഗത്തേയ്ക്കു തട്ടിനീക്കിയിട്ടു്) ആട്ടെ, എന്നാൽ ഇന്നുതന്നെ എന്നെ കാശിയിലേയ്ക്കു് അയച്ചേയ്ക്കു്. ഈ കുടുംബത്തിൽ ഇനി ഒരു രാത്രിപോലും കഴിച്ചുകൂട്ടുവാൻ ഞാൻ വിചാരിക്കുന്നില്ല"

ശേഖരൻ നമ്രമുഖനായി ഇരുന്നതല്ലാതെ ഒന്നും പറയുകയുണ്ടായില്ല. ഭുവനേശ്വരി തുടൎന്നു:— "ലളിതയ്ക്കും നാളെ എന്റെ കൂടെ പോരണമെന്നുണ്ടു്. നോക്കട്ടെ, അതിനു വല്ല ഏൎപ്പാടും ചെയ്യാൻ സാധിക്കുമോ എന്നു ഞാൻ അന്വേഷിക്കട്ടെ!"

ഇത്തവണ ശേഖരൻ മുഖമുയൎത്തി ചിരിച്ചു.

ശേഖരൻ:— "കൂടെക്കൊണ്ടുപോകണമെന്നാണു് അമ്മ വിചാരിക്കുന്നതെങ്കിൽ അതിനിനി വിശേ

ഷിച്ച് ഏർപ്പാടുചെയ്യാനും മററും എന്താണുള്ള ത്, അമ്മേ? അമ്മയുടെ കല്പനയേക്കാൾ വലുതായി അവൾക്കിനി വേറെ എന്താണുള്ളത്?"

മകൻെറ മുഖത്തു മന്ദസ്മിതം കണ്ടപ്പോൾ അമ്മയുടെ ഉള്ളിൽ അല്പമൊരാശ്വാസമുണ്ടായി.

ഭുവനേശ്വരി:— (ലളിതയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു്) "കേട്ടോ, മകളെ, അവൻെറ വർത്തമാനം? അവൻ കരുതുന്നതു്, എനിക്കിഷ്ടമെന്നു തോന്നിയാൽ എവിടെയ്യെങ്കിലും നിന്നെ കൂട്ടിക്കൊണ്ടുപോകുവാൻ ഒരു വിഷമവുമില്ലെന്നാണു്. അമ്മായിയുടെ സമ്മതംകൂടി വേണ്ടെന്നുണ്ടോ?"

ലളിത അതിനു മറുപടിയൊന്നും പറഞ്ഞില്ല. ശേഖരൻെറ സംഭാഷണസമ്പ്രദായം കണ്ടപ്പോൾ അവൾക്കു് ഉള്ളിൽ വല്ലാത്ത സങ്കോചം ഉണ്ടായി.

ശേഖരൻ:— "അമ്മായിയെ അറിയിക്കണമെന്നുണ്ടെങ്കിൽ അറിയിച്ചോളൂ. അതു് അമ്മയുടെ ഇഷ്ടമാണു്. പക്ഷേ, അമ്മയുടെ ഇഷ്ടമേ നടക്കുകയുള്ളൂ. അതു് എനിക്കും അറിയാം; ആരെ കൊണ്ടുപോകണമെന്നു് അമ്മ വിചാരിക്കുന്നുവോ ആ ആൾക്കും അറിയാം. അതേ, അവൾ അമ്മയുടെ പുത്രവധുവാണു്." ഇത്രയും പറഞ്ഞിട്ടു ശേഖരൻ തല താഴ്ത്തിക്കളഞ്ഞു.

ഭുവനേശ്വരി വിസ്മയത്താൽ സ്തബ്ധഹൃദയയായിപ്പോയി. അമ്മയുടെ മുമ്പിൽവെച്ചു് മകൻ ഇത കട്ടത്ത നേരംപോക്കു പറയുകയോ!

ഭുവനേശ്വരി:— (ശേഖരൻെറ നേരെ അർദ്ധദൃഷ്ടി

യോടെ നോക്കിക്കൊണ്ടു്) "എന്തുപറഞ്ഞു? അവാം എൻെറ ആരാണു്?"

തല പൊക്കി നോക്കുവാൻ ശേഖരനു കഴിഞ്ഞില്ല. എങ്കിലും മൃദുസ്വരത്തിൽ അവൻ മറുപടി പറഞ്ഞു:—"ഞാൻ ഒരിക്കൽ പറഞ്ഞുവല്ലൊ, അമ്മേ! ഇന്നല്ല, നാലു കൊല്ലത്തിലധികമായി, അമ്മ യഥാർത്ഥത്തിൽ അവളുടെ അമ്മയായിത്തീർന്നിട്ടു്. ഇനിയൊന്നും പറയുവാൻ എനിക്കു വയ്യാ. അവളോടുതന്നെ ചോദിക്കു; എല്ലാം പറയും."

ശേഖരൻ ഇത്രയും പറഞ്ഞു തീരുമ്പോഴെയ്ക്കും ലളിത എഴുന്നേററു് ഭുവനേശ്വരിയുടെ കാല്ക്കൽ നമസ്കരിക്കുവാൻ ഭാവിക്കുകയായിരുന്നു. ഉടനെ അവനും എഴുന്നേററു് അവളുടെ സമീപത്തിലായി ച്ചെന്നു നിന്നു. അതിനുശേഷം രണ്ടുപേരും ഒരുമിച്ചു് അമ്മയുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു. എന്നിട്ടു്, ശേഖരൻ നിശ്ശബ്ദമായി എഴുന്നേററു് ആ മുറിയിൽനിന്നും പുറത്തു കടന്നുപോകയും ചെയ്തു.

ഭുവനേശ്വരിയുടെ രണ്ടു കണ്ണുകളിൽനിന്നും ആനന്ദാശ്രുക്കാം ധാരധാരയായി പ്രവഹിക്കുവാൻ തുടങ്ങി. യഥാർത്ഥത്തിൽ ലളിതയുടെ പേരിൽ അവൾക്കു ആന്തരമായി അതിരററ സ്നേഹമുണ്ടായിരുന്നു. പെട്ടി തുറന്നു തൻെറ എല്ലാ ആഭരണങ്ങളും പുറത്തെടുത്തു് ഓരോരോന്നോരോന്നായി ലളിതയെ അണിയിക്കുന്നതിനിടയിൽ അവർ എല്ലാ സംഗതികളും അവളോടു ചോദിച്ചു മനസ്സിലാക്കി. എല്ലാം കേട്ടുകഴിഞ്ഞപ്പോാം, "അതാണു് ഗരീന്ദ്രൻ കാളിയെ വിവാ

ഹം ചെയ്യുത്തു്, അല്ലേ?" എന്നൊരു ചോദ്യം അവരുടെ മുഖത്തുനിന്നു പുറപ്പെട്ടു.

ലളിത:— "അതെ, അമ്മേ, അതു തന്നെയാണു കാരണം. ഗിരീന്ദ്രബാബുവിനെപ്പോലെ ഇത്ര നല്ല മനോഗുണമുള്ളവർ ലോകത്തിൽ വേറെ ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. 'എൻെറ വിവാഹം കഴിഞ്ഞു. ഭർത്താവു് എന്നെ സ്വീകരിക്കട്ടെ, അല്ലെങ്കിൽ സ്വീകരിക്കാതിരിക്കട്ടെ, അതദ്ദേഹത്തിൻെറ ഇഷ്ടമാണു്. എങ്കിലും അദ്ദേഹം ജീവിച്ചിരിപ്പുണ്ടു്.' എന്നു് ഞാൻ പറഞ്ഞപ്പോഠം ഉടനെ അദ്ദേഹം അതു വിശ്വസിച്ചു."

ഭുവനേശ്വരി:— (ലളിതയുടെ ശിരസ്സിൽ കൈവെച്ചിട്ടു്) "മകളേ, ഞാൻ നിന്നെ ഹൃദയപൂർവ്വം ഇതാ ആശീർവ്വദിക്കുന്നു. ഈശ്വരൻ നിനക്കു ദീർഘായുസ്സു തരട്ടെ!നീ അല്പനേരം ഇവിടെ ഇരിക്കൂ, മകളേ. ഞാൻ പോയി അവിനാശനോടു പറഞ്ഞേച്ചു വരട്ടേ, 'കല്യാണത്തിനുള്ള മണവാട്ടിപ്പെണ്ണു മാറിപ്പോയി' എന്നു്."

ഇത്രയും പറഞ്ഞു ചിരിച്ചുംകൊണ്ടു് ഭുവനേശ്വരി മൂത്ത മകൻെറ മുറിയിലേയ്ക്കായി നടന്നു പോയി.

ശുഭം

*Printed at the Vidya Vinodini Press, Trichur.*

Kesavan M B

# ലളിത

एम्। बि। केशवन्।

ഗ്രന്ഥകർത്താ:


പണ്ഡിതർ ആർ. സി. ശർമ്മ.



TRICHUR

V. SUNDRA IYER & SONS.

1946



Copyright]


[Price 0—15—0


Indic Digital Archive Foundation

gpura.org